KNANAYADEEPAM

കുടുംബദീപം

Vol: 37 / Issue: 11 November 2026 ₹:20/-



40 – ാം ചരമദിനം

15 – 11 – 2026



വി. കെ. ചാക്കോ (86)

(Valayil Rubbers MD)

വാഴൂത്ര

കുറിച്ചി

ഭാര്യ – നായ്ക്കമഠത്തിൽ ചിന്നമ്മ

സഹോദരങ്ങൾ – വി.കെ. പുന്നൂസ് (കുഞ്ഞച്ചൻ), ചിന്നമ്മ ജോസഫ് മറ്റത്തിൽ (വെള്ളൂത്തുരുത്തി),
പരേതരായ ശോശാമ്മ കുറിയാക്കോസ് മാവേലിൽ (ചിങ്ങവനം), കുര്യാള സ്കറിയ, മറിയാമ്മ ചാക്കോ മങ്ങാട്ടയം (കുഴിമറ്റം),

Advt - O

ക്നാനായ ദീപം

2026 നവംബർ പുസ്തകം 37 ലക്കം 11

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 07
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ആൾക്കൂട്ടത്തിൽ അലിഞ്ഞു ചേരണ്ട... 15
സുനിൽ ഡി. കുരുവിള

നിഖ്യാ വിശ്വാസ പ്രമാണം 17
ഫാ. ജേക്കബ് കല്ലുകുളം

നിന്റെ കണ്ണുനീരിന് ഒരു കാവൽക്കാരനുണ്ട് 18
Seema Shinto, Kanniyel

ഏവൻഗേലിയോൻ ദീപം 20
ഫാ. സിജോ സ്കറിയ മംഗലത്ത്

വി. ത്രിത്വം 24
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

ക്രിസ്തീയ മനോഭാവങ്ങൾ... 25
ടി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 26

ദൈവത്തിന്റെ കരുണയുടെ കരങ്ങൾ... 35
Tinku Renjit Thekekarot

നീയും നിന്റെ മക്കളും ഭർത്താവും കൂടെ... 36
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

38 ഞാൻ, എന്റേത്, എനിക്ക്
കുര്യൻ ഉതുപ്പാൻ കളത്തിൽ

39 ദൈവത്തെ അറിയുന്നവൻ പരമമായത്....
സണ്ണി ജേക്കബ് കാട്ടുവേലിൽ

41 ബൈബിളിലെ ആദ്യത്തെ ഉടമ്പടിയുടെ രഹസ്യം
ജയ്നമ്മ മർക്കോസ് നടുവിലേപറമ്പിൽ

42 മല്പാനോട് ചോദിക്കാം

43 പ്രായപൂർത്തിയാകാത്തവരുടെ ഡ്രൈവിംഗ്
അഡ്വ. ഫെനു സ്കറിയ

46 വിചിത്രമായ ആശയവിനിമയം
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

Chief Patron
H.E. Mor Severios Kuriakose
Samudaya Metropolitan

Patrons
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

Editorial Board
Chief Editor
V. Rev. Abraham Mathew (Roy Achan)
Cor Episcopa Mulamoottil

Managing Editor
Fr. Jaicobkutty K.S. Kallookulam

Members
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

Press Manager
Fr. Sherin C. Kollamparampil

Press Managing Committee
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

Ex-officio Members
T.C.Thomas Thoppil
Lay Trustee
T.O. Abraham Thottathil
Samudaya Secretary

Visit www.
knanayadeepam.in

Address
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Ph: 0481-2430176, 0481-2961213
Mob. 85475 84440
Fr. Jacob Kallookulam 9447563240
E-mail:
kna.deepam@gmail.com

Designing
Greeshma Designs
(M) 9447304348
gdesignktm@gmail.com

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക



വേഗം വരുന്ന നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ ദീപം വായനക്കാർക്ക് സ്നേഹവന്ദനം.

അന്ത:ചിദ്രം കൊണ്ടും വ്യവഹാരങ്ങൾ കൊണ്ടും ക്ഷീണിച്ച് തളർന്നിരിക്കുന്ന നമ്മുടെ കൊച്ചു സമുദായത്തേയും ആകമാനസഭയേയും, ഇടവകകളേയും കുറിച്ച് സഭാസ്നേഹിയായ ഏതൊരു മനുഷ്യനും ദുഃഖത്തോടു കൂടിയാണ് ജീവിക്കുന്നത്. സംഘടനാപരമായും മറ്റും നേരിട്ടിട്ടുള്ള ശൈഥില്യവും, ആത്മീയ നിലവാരത്തിലുള്ള അധ:പതനവും തീർച്ചയായും പരിഹരിക്കപ്പെടേണ്ടതാണ്.

സഭാപരമായ നിലപാടിൽ വരാവുന്ന തകർച്ചയെ ത്വരിതപ്പെടുത്തുന്ന പ്രസ്താവനകളും പ്രവർത്തനങ്ങളും വർദ്ധിച്ചുകൊണ്ടിരുന്നിട്ടും ഒന്നുമറിഞ്ഞില്ലാത്ത മട്ടിൽ കണ്ണടച്ചു കഴിയുകയാണ് ഇന്നത്തെ സഭാനേതൃത്വവും അനേകംപേരും. സമരങ്ങളിലും വ്യവഹാരങ്ങളിലും പരീക്ഷകളിലും വിജയമോ തോൽവിയോ ഉണ്ടാകും. സഭയിൽ ദീർഘകാലമായി നിലനിന്നുവരുന്ന വ്യവഹാരത്തിന് ഒരു അന്ത്യം ഉണ്ടായ ശാശ്വതമായ ഒരു സമാധാനം ഉണ്ടാകുവാൻവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. പരസ്പരം യോജിക്കാൻ കഴിയാത്ത വിവിധ അഭിപ്രായക്കാരും പാപത്തിനും പിശാചിനും അടിമകളായി പോകുന്നവരുമാണ് മനുഷ്യർ. പരസ്പരം കലഹിക്കുകയും കൊല്ലുകയും ചതി, വഞ്ചന, കൊള്ള, കരിഞ്ചന്ത, ലഹരികളുടെ ഉപയോഗം, യുദ്ധങ്ങൾ എന്നിവ ഇന്നും ഈ ലോകത്തു നടന്നുകൊണ്ടിരിക്കുന്നു. ഇവയെക്കുറിച്ചുള്ള ഭയപ്പാടും ദുരന്തങ്ങളും നിരന്തരം മനുഷ്യരെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ ലോകജീവിതത്തിന് അർത്ഥമില്ലെന്ന് ചിന്തിക്കുന്നവരും, എങ്ങനെയും ജീവിക്കാമെന്ന് തീരുമാനിക്കുന്നവരും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ മനുഷ്യന്റെ വിലയും ജീവിത മൂല്യങ്ങളും സ്നേഹവും നന്മ നിറഞ്ഞ പ്രവൃത്തികളും ഉൾക്കൊണ്ടു ജീവിക്കണമെന്ന ആലോചനകളും ഉപദേശങ്ങളും നാം കേൾക്കാറുണ്ട്. അവ പ്രായോഗികമാക്കേണ്ടവർപോലും സ്വാർത്ഥരും വ്യാജന്മാരുമായി മാറിക്കൊണ്ടിരിക്കുന്നതും നമ്മെ അമ്പരപ്പിക്കുകയാണ്. മനുഷ്യർക്ക് വൈവിദ്ധ്യസ്വഭാവവും അഭിപ്രായങ്ങളും ഉണ്ടെങ്കിലും അവർക്ക് ഒന്നാകാൻ കഴിയുന്ന ഏക മാർഗ്ഗം ക്രിസ്തുവിലുള്ള വിശ്വാസമാണ്. ക്രിസ്തു എന്ന സ്വർഗ്ഗീയ അപ്പത്തിന്റെ അംശികൾ എന്നു വിശ്വസിക്കുന്നവർക്ക് അർത്ഥവത്തായ കൂട്ടായ്മ അനുഭവിക്കുവാൻ പ്രയാസമില്ല. ആ കൂട്ടായ്മ സന്തോഷവും ധൈര്യപ്രദവും അഭിമാനകരവുമാണ്. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അംഗങ്ങൾ അവയവങ്ങളെപ്പോലെ ക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുകയാണ്. ശക്തവും ചൈതന്യ പൂർണ്ണവുമായ ഈ കൂട്ടായ്മയ്ക്കുള്ള അവസരം സഭയിലാണ് ലഭിക്കുന്നത്. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവുമുള്ള ക്രിസ്തുവിന്റെ അധികാരവും ശക്തിയും സഭയ്ക്കുണ്ട്. അത് ഓരോ സഭാംഗത്തിനും അവകാശപ്പെട്ടതാണ്. സഭയിൽ കൂട്ടായ്മയുടെ സന്തോഷത്തിലും ശക്തിയിലും ജീവിക്കേണ്ടവർ ഭിന്നിപ്പുണ്ടാക്കുന്നത് ഉചിതമല്ല. ഭിന്നിപ്പുണ്ടാക്കുന്നവരുടെ കഴുത്തിൽ തിരിക്കല്ലുകെട്ടി പുറത്തെ അന്ധകാരത്തിലേക്ക് തള്ളിക്കളയുക എന്നതാണ് കർത്താവിന്റെ കല്പന. ഭിന്നിപ്പിന്റെ ഫലമായി ബലഹീനതയും തകർച്ചയുമാണ് ഉണ്ടാകുന്നത്. സഭാമക്കൾ ഐക്യത്തോടും സ്നേഹത്തോടും കൂട്ടായ്മ അനുഭവിക്കേണ്ട സഭയിൽ വിഭാഗീയതയും ഭിന്നിപ്പും ഉണ്ടാകാതിരിക്കാൻ ഓരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്. തങ്ങൾക്ക് അംഗീകാരം കിട്ടാൻ മറ്റുള്ളവരെ കുറ്റപ്പെടുത്തുകയും കള്ളം പറയുകയും ചെയ്യുന്നത് ക്രിസ്തീയ സഭയ്ക്ക് യോജിച്ചതല്ല. അടങ്ങാത്ത പകയും പ്രതികാരവും വച്ചു പുലർത്തുന്നതും സഭാന്തരീക്ഷത്തെ കലുഷിതമാക്കുമെന്നത് ഓർക്കണം. ഈ നൂറ്റാണ്ടിലെ മനുഷ്യൻ ഒന്നിനും വേണ്ടത്ര വില കല്പിക്കാതെയും ആരെയും കാര്യമായി അനുസരിക്കാതെയും ജീവിക്കുകയാണ്. ദൈവത്തിനും ആരാധനാലയങ്ങൾക്കും, മതഗ്രന്ഥങ്ങൾക്കും, മാതാപിതാക്കൾക്കും, ഗുരുക്കന്മാർക്കും ഭാര്യാഭർത്തൃബന്ധത്തിനും, മുതിർന്നവർക്കും കുടുംബത്തിനും കുടുംബബന്ധങ്ങൾക്കും, കോടതികൾക്കും കല്പിച്ചിരുന്ന ആദരവും ബഹുമാനവും എല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. നന്ദിയും കടപ്പാടും കാണിക്കാനും അനേകരും തയ്യാറാകുന്നില്ല. മായവും കൃത്രിമങ്ങളും ചേർന്ന ആഹാരസാധനങ്ങളാണ് ഭക്ഷിക്കാൻ ഇഷ്ടം. ജീവിതത്തിന് അർത്ഥവും വിലയും ഉണ്ടെന്ന് ചിന്തിക്കുകയും ആ മാതൃകയിൽ ജീവിക്കുകയും ചെയ്തവർ ഈ കാലഘട്ടത്തിലെ പ്രത്യേകതകളിൽ ദുഃഖിക്കുകയും നിരാശപ്പെടുകയും ചെയ്യുകയാണ്. ഇതെല്ലാം ലോകാവസാനത്തിന്റെ ലക്ഷണങ്ങളാണ് (മത്താ. 24:7-26).

നാം ജീവിക്കുന്ന സമൂഹത്തിലും ലോകത്തിലും അധർമ്മം വർദ്ധിക്കുന്നതിനാൽ അനേകരുടെ സ്നേഹം തണുത്തുപോവുകയും ചെയ്യുന്നു. അന്യോന്യം മാനിച്ചും സ്നേഹിച്ചും വിലമതിച്ചുമുള്ള ജീവിതത്തിലാണ് സന്തോഷവും സമാധാനവും സ്വാതന്ത്ര്യവും സംതൃപ്തിയും അനുഭവിക്കാൻ സാധിക്കുന്നത്.

മനുഷ്യന് മാതൃകയും നന്മയും നൽകേണ്ട മേഖലകളെല്ലാം മലിനപ്പെട്ടതാണ് ഇന്നത്തെ ദു:സ്ഥിതി ഉണ്ടാകാൻ കാരണം. വിദ്യാഭ്യാസ രംഗത്തിനും, ആത്മീയഗോളത്തിനും ഭരണകൂടങ്ങൾക്കും സഭാനേതൃത്വത്തിനും നിലവാരത്തകർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇതൊക്കെയും കാണുകയും അറിയുകയും ചെയ്യുമ്പോൾ അവർക്ക് നൽകേണ്ടിവരുന്ന വിലയും മതിപ്പും നൽകാൻ അനേകരും തയ്യാറാകുന്നില്ല. അതുകൊണ്ട് നമ്മുടെ കുടുംബങ്ങളിലും ജീവിതത്തിലും ക്രിസ്തീയ മാതൃകയും മൂല്യവും കാത്തുസൂക്ഷിക്കാൻ മനഃപൂർവ്വമായി തയ്യാറാകണം. അധികാരത്തിനും പണത്തിനും നിലനില്പിനുംവേണ്ടി ദൈവീക നിയമങ്ങളും സാമൂഹ്യ ധർമ്മവും മറന്ന് ജീവിക്കാനും പ്രവർത്തിക്കാനും നാം ഒരിക്കലും തയ്യാറാകരുത്. സ്വന്തം സാക്ഷ്യം കാത്തുസൂക്ഷിച്ച് ജീവിക്കാൻ സാധിക്കണം.

മനുഷ്യരെക്കൊണ്ട് ദൈവവേല ചെയ്യിക്കുന്ന ദൈവത്തെയാണ് വി. വേദപുസ്തകത്തിൽ കാണുന്നത്. പ്രളയസമയത്ത് പെട്ടകമുണ്ടാക്കി ഒരു ശേഷിപ്പിനെ സൂക്ഷിക്കുന്നതിന് നോഹയേയും, മിസ്രയിമിലെ അടിമനുകത്തിൽനിന്ന് വിടുവിക്കാൻ ഒരു മോശയേയും നിയോഗിച്ച ദൈവം പുതിയ നിയമത്തിൽ യേശുവിന്റെ പ്രവർത്തനങ്ങൾ ഈ ലോകം മുഴുവൻ വ്യാപിപ്പിക്കുവാനായി മനുഷ്യരേയും തിരഞ്ഞെടുത്തു. അതുകൊണ്ട് ദൈവീക പ്രവർത്തനങ്ങളിൽ പങ്കുചേരാൻ സഭയിലൂടെ സാധിക്കുന്നതാണ്. ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ലക്ഷ്യവും ഉദ്ദേശവും ഉണ്ട്. അത് ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നതാണ് ദൈവവേല. സ്വന്തം നിലനില്പും താല്പര്യങ്ങളും സംരക്ഷിക്കാനുള്ള ശ്രമം സഭയേയും ദൈവീക പ്രവർത്തനങ്ങളേയും ദോഷമായി ബാധിക്കും. ഈ വ്യവസ്ഥിതിക്ക് മാറ്റം വരുത്താൻ തന്നാലാവുന്നതെല്ലാം ദൈവാശ്രയത്തോടും പ്രാർത്ഥനയോടും ചെയ്യുമെന്ന് നമുക്ക് പ്രതിജ്ഞ എടുത്ത് ദൈവനാമത്തെ മഹത്വപ്പെടുത്താം. സഭ അതിനുള്ള ഒരു നല്ല വേദിയാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കാൻ നമ്മേത്തന്നെ സമർപ്പിക്കാം.

എന്ന്
നിങ്ങളുടെ പ്രിയ റോയി അച്ചൻ

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



ഭക്ഷണസമയത്തും കുടുംബ പ്രാർത്ഥനയിലും പരസ്പര സംഭാഷണങ്ങളിലും മൊബൈൽ ഫോണുകൾ മാറ്റിവച്ച് കുടുംബാംഗങ്ങൾക്ക് സമയം നൽകാം. മക്കളെ കേൾക്കാനും അവരുടെ ആശങ്കകൾ മനസ്സിലാക്കാനും മാതാപിതാക്കൾ ശ്രദ്ധിക്കണം. സ്ക്രീനുകളുടെ പ്രകാശത്തിനപ്പുറം മുഖാമുഖം പങ്കിടുന്ന പുഞ്ചിരിയുടെയും സ്നേഹത്തിന്റെയും വെളിച്ചം നമ്മുടെ ഭവനങ്ങളിൽ നിലനിൽക്കട്ടെ.

കാലത്തിന്റെ താളുകളിൽ മറ്റൊരു വർഷം കൂടി അവസാനത്തിലേക്ക് അടുക്കുകയാണ്. കടന്നുപോയ ദിനങ്ങൾ ദൈവത്തിന്റെ കരുതലിന് സാക്ഷ്യം വഹിക്കുമ്പോൾ, വരാനിരിക്കുന്ന ദിനങ്ങൾ പുതിയ ഉത്തരവാദിത്വങ്ങളിലേക്കും അനുഗ്രഹങ്ങളിലേക്കും നമ്മെ ക്ഷണിക്കുന്നു. വിശ്വാസത്തിൽ വേരൂന്നിയും സ്നേഹത്തിൽ വളർന്നും സേവനത്തിൽ ഫലം ചൂടിയും മുന്നേറാൻ നമുക്ക് ലഭിക്കുന്ന ഓരോ അവസരവും ദൈവത്തിന്റെ ദാനമാണ്. ഈ നവംബർ മാസം നമ്മുടെ ആത്മീയ ജീവിതത്തെയും കുടുംബബന്ധങ്ങളെയും സമുദായത്തിന്റെ കൂട്ടായ്മയെയും വിശ്വാസത്തിന്റെ വെളിച്ചത്തിൽ പുനർവിചിന്തനം ചെയ്യാനുള്ള അവസരമാകട്ടെ.

ക്രിസ്തുവിന്റെ മംഗളഗീതങ്ങൾ ഹൃദയങ്ങളിൽ പ്രതിധ്വനിക്കാൻ ഇനി അധികനാളില്ല. ദൈവപുത്രന്റെ മനുഷ്യാവതാരത്തെ വരവേൽക്കാൻ പരിശുദ്ധ സഭ യൽദോ നോമ്പിലേക്ക് പ്രവേശിക്കുമ്പോൾ, ആഘോഷങ്ങൾക്കപ്പുറം ഹൃദയങ്ങളെ ക്രിസ്തുവിനായി ഒരുക്കാനാണ് നാം വിളിക്കപ്പെടുന്നത്. പ്രാർത്ഥനയിലും ദൈവവചനധ്യാനത്തിലും ഉപവാസത്തിലും, മാനസാന്തരത്തിലും, വളരുന്നതിനൊപ്പം, വിശക്കുന്നവന് അപ്പം നൽകിയും ഏകാന്തത അനുഭവിക്കുന്നവന് സാന്ത്വനമായും രോഗിയെയും ദരിദ്രനെയും കരുതിയും നമുക്ക് ക്രിസ്തുവിന് ഇടമൊരുക്കാം. വീടുകളിൽ നക്ഷത്രങ്ങൾ തെളിയുന്നതിനു മുമ്പേ ഹൃദയങ്ങളിൽ പ്രത്യാശയുടെ വെളിച്ചം തെളിയട്ടെ. ബേത്‌ലഹേമിലെ സത്രത്തിൽ ഇടമില്ലാതിരുന്ന ക്രിസ്തുവിന് നമ്മുടെ ജീവിതത്തിൽ ഇടമുണ്ടോ എന്ന ചോദ്യം ഈ നോമ്പുകാലം നമ്മെ നിരന്തരം ഓർമ്മിപ്പിക്കട്ടെ.

ആധുനിക സാങ്കേതികവിദ്യ ലോകത്തെ വിരൽത്തുമ്പിൽ എത്തിച്ചെങ്കിലും, നമ്മുടെ അരികിലുള്ളവരിൽനിന്ന് ഹൃദയങ്ങൾ അകന്നുപോകാതിരിക്കാൻ നാം ജാഗ്രത പുലർത്തണം. ഒരേ വീട്ടിൽ താമസിച്ചിട്ടും വ്യത്യസ്ത സ്ക്രീനുകളിൽ മുഴുകുന്ന കുടുംബങ്ങൾക്കിടയിൽ സ്നേഹപൂർവ്വമായ സംഭാഷണവും ഒരുമിച്ചുള്ള പ്രാർത്ഥനയും അനിവാര്യമാണ്. സങ്കേതികവിദ്യയെ നിരാകരിക്കുകയല്ല, വിവേകത്തോടെ ഉപയോഗിക്കുകയാണ് വേണ്ടത്. ഭക്ഷണസമയത്തും കുടുംബപ്രാർത്ഥനയിലും പരസ്പര സംഭാഷണങ്ങളിലും മൊബൈൽ ഫോണുകൾ മാറ്റിവച്ച് കുടുംബാംഗങ്ങൾക്ക് സമയം നൽകാം. മക്കളെ കേൾക്കാനും അവരുടെ ആശങ്കകൾ മനസ്സിലാക്കാനും മാതാപിതാക്കൾ ശ്രദ്ധിക്കണം. സ്ക്രീനുകളുടെ പ്രകാശത്തിനപ്പുറം മുഖാമുഖം പങ്കിടുന്ന പുഞ്ചിരിയുടെയും സ്നേഹത്തിന്റെയും വെളിച്ചം നമ്മുടെ ഭവനങ്ങളിൽ നിലനിൽക്കട്ടെ. വിശ്വാസം അടിത്തറയും സ്നേഹം ഭാഷയും ദൈവസാന്നിധ്യം കരുത്തുമായ കുടുംബങ്ങളാണ് സമൂഹത്തിന്റെ യഥാർത്ഥ സമ്പത്ത്.

വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം കൈവരിച്ച പ്രതിഭകളെ ആദരിക്കുന്ന ക്നാനായ മെറിറ്റ് അവാർഡ് 2026 ഈ മാസം 29 ഞായറാഴ്ച നടത്തുകയാണല്ലോ. അവാർഡിന് അർഹരായ എല്ലാവരെയും അവരുടെ വിജയത്തിനു പിന്നിൽ അധ്വാനിച്ച മാതാപിതാക്കളെയും അദ്ധ്യാപകരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അറിവ് വിവേകമായും കഴിവ് സേവനമായും നേട്ടങ്ങൾ സമൂഹത്തിന്റെ നന്മയ്ക്കായും മാറുമ്പോഴാണ് വിദ്യാഭ്യാസം അതിന്റെ പൂർണ്ണതയിലെത്തുന്നത്. വിജയങ്ങൾ വിനയത്തിലേക്കും വലിയ ഉത്തവാദിത്വങ്ങളിലേക്കും നയിക്കട്ടെ. അവസരങ്ങൾ കുറവായതിനാൽ പിന്നിലായിപ്പോകുന്ന കുട്ടികളെയും ചേർത്തു നിർത്തി അവരുടെ കഴിവുകൾ വളർത്തുക എന്നത് നമ്മുടെ കൂട്ടായ കടമയാണ്. മികവിനെയും മൂല്യബോധത്തെയും ഒരുപോലെ ആദരി

ക്കുന്ന ഈ സംരംഭം സമുദായത്തിന്റെ ഭാവിക്ക് പ്രത്യാശയുടെ വെളിച്ചമാകട്ടെയെന്ന് ആശംസിക്കുന്നു.

സഭയുടെ ആത്മീയവും സാമൂഹികവുമായ വളർച്ചയിൽ സ്ത്രീകളുടെ പ്രാർത്ഥനയും സമർപ്പണവും സേവനവും വിലമതിക്കാനാവാത്തതാണ്. അടുത്ത മാസം റാന്നിയിൽ നടക്കാനിരിക്കുന്ന വനിതാസമാജം കേന്ദ്ര സമ്മേളനത്തിൽ എല്ലാ ഇടവകകളിൽ നിന്നുള്ള സഹോദരിമാരുടെ സജീവ പങ്കാളിത്തം പ്രതീക്ഷിക്കുന്നു. ഇത് ഔദ്യോഗികമായ ഒരു കൂടിച്ചേരൽ മാത്രമല്ല; വിശ്വാസാനുഭവങ്ങൾ പങ്കുവയ്ക്കാനും പരസ്പരം പ്രോത്സാഹിപ്പിക്കാനും സഭയുടെ ഭാവിയെക്കുറിച്ച് ഒരുമിച്ച് ചിന്തിക്കാനുമുള്ള അനുഗൃഹീത അവസരമാണ്. ഏകാന്തത അനുഭവിക്കുന്നവരെയും രോഗികളെയും പ്രായമായവരെയും പ്രതിസന്ധിയിലായ കുടുംബങ്ങളെയും ചേർത്തു നിർത്തുന്ന ശുശ്രൂഷയിലേക്ക് വനിതാ സമാജത്തിന്റെ പ്രവർത്തനം കൂടുതൽ വ്യാപിക്കട്ടെ. സ്ത്രീകളുടെ കഴിവുകളും നേതൃത്വപാടവവും സഭയുടെ ദൗത്യത്തിനായി പ്രയോജനപ്പെടുത്തുമ്പോൾ നമ്മുടെ കൂട്ടായ്മ കൂടുതൽ ഫലപ്രദമാകും. നമുക്ക് ഒരുമിച്ചുകൂടാം; വിശ്വാസത്തിൽ ശക്തിപ്പെടാം; സ്നേഹത്തിൽ വളരാം; സേവനത്തിലൂടെ ക്രിസ്തുവിന്റെ സാക്ഷികളാകാം.

ഈ മാസം നടക്കുന്ന സൺഡേസ്കൂൾ കേന്ദ്ര പരീക്ഷയ്ക്ക് എല്ലാ വിദ്യാർത്ഥികളും പ്രാർത്ഥനയോടും, ആത്മവിശ്വാസത്തോടും കൂടി ഒരുങ്ങണമെന്ന് ഓർമ്മിപ്പിക്കുന്നു. ക്രമമായ പഠനവും ആവർത്തനവും അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹകരണവും പരീക്ഷയെ ആത്മവിശ്വാസത്തോടെ നേരിടാൻ സഹായിക്കും. എന്നാൽ പരീക്ഷയിലെ മാർക്കിനേക്കാൾ വിലപ്പെട്ടത് ദൈവവചനത്തിലൂടെ ജീവിതത്തിൽ വളരുന്ന വിശ്വാസവും സ്നേഹവും സത്യസന്ധതയും അനുസരണവുമാണ്. മാതാപിതാക്കൾ കുട്ടികളുടെ പരിശ്രമത്തെ അഭിനന്ദിക്കുകയും പഠനത്തിന് അനുയോജ്യമായ അന്തരീക്ഷം ഒരുക്കുകയും ചെയ്യണം. അറിവിൽ വളരുന്നതിനൊപ്പം സ്വഭാവത്തിലും വിശ്വാസത്തിലും സേവനമനോഭാവത്തിലും വളരുന്ന തലമുറയായി നമ്മുടെ കുട്ടികൾ മാറട്ടെ. എല്ലാ വിദ്യാർത്ഥികൾക്കും വിജയാശംസകൾ നേരുന്നു.

അടുത്തിടെ അബുദാബി സെന്റ് ഗ്രിഗോറിയോസ് പള്ളി, അലൈൻ സെന്റ് ജോസഫ് വർഷിപ്പ് സെന്റർ, ബഹ്റൈൻ സെന്റ് ഗ്രിഗോറിയോസ് പള്ളി, എന്നിവിടങ്ങളിലെ പെരുന്നാളുകളിൽ സംബന്ധിക്കാൻ ലഭിച്ച അവസരം വലിയ ആത്മീയ സന്തോഷം പകർന്നു. പ്രവാസ ജീവിതത്തിന്റെ തിരക്കുകൾക്കിടയിലും വിശ്വാസത്തിന്റെ വെളിച്ചം കെടാതെ സൂക്ഷിക്കുന്ന നമ്മുടെ സഹോദരങ്ങളുടെ ഭക്തിയും കൂട്ടായ്മയും ഹൃദയസ്പർശിയായിരുന്നു. പ്രവാസ ഇടവകകൾ ആരാധനാലയങ്ങൾ മാത്രമല്ല; വിശ്വാസത്തിന്റെ പാരമ്പര്യം കാത്തുസൂക്ഷിക്കുകയും പ്രതിസന്ധികളിൽ ആശ്വാസം പകരുകയും അടുത്ത തലമുറയ്ക്ക് ആത്മീയ വേരുകൾ പകർന്നു നൽകുകയും ചെയ്യുന്ന ഭവനങ്ങളാണ്. സ്നേഹപൂർവ്വമായ സ്വീകരണത്തിനും പ്രാർത്ഥനാപൂർവ്വമായ കൂട്ടായ്മയ്ക്കും ഇടവക വികാരിമാർക്കും ഭാരവാഹികൾക്കും എല്ലാ വിശ്വാസികൾക്കും ഹൃദയ പൂർവ്വം നന്ദി അറിയിക്കുന്നു. പെരുന്നാളുകളുടെ വിജയത്തിനായി പ്രയത്നിച്ച എല്ലാവരെയും ദൈവം അനഗ്രഹിക്കട്ടെ. നമ്മുടെ പ്രവാസ ഇടവകകൾ വിശ്വാസത്തിന്റെ പ്രകാശഗോപുരങ്ങളായി ഇനിയും വളരട്ടെ.

പ്രിയപ്പെട്ടവരെ, കാലം മാറുമ്പോഴും ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനവിളി മാറുന്നില്ല: ദൈവത്തെ സ്നേഹിക്കുക, മനുഷ്യരെ കരുതുക, വിശ്വാസത്തിൽ ഉറച്ചുനിൽക്കുക. യൽദോ നോമ്പ് നമ്മുടെ ഹൃദയങ്ങളെ നവീകരിക്കട്ടെ; കുടുംബങ്ങൾ സ്നേഹത്തിൽ ഒന്നിക്കട്ടെ; വിദ്യാർത്ഥികൾ അറിവിലും മൂല്യബോധത്തിലും വളരട്ടെ; ഭക്ത സംഘടനകളുടെ ശുശ്രൂഷകൾ സഭയ്ക്ക് കരുത്താകട്ടെ; പ്രവാസസമൂഹങ്ങൾ വിശ്വാസത്തിന്റെ ഐക്യത്തിൽ നിലനിൽക്കട്ടെ. നമ്മുടെ വാക്കുകളിലും ക്രിസ്തുവിന്റെ പ്രകാശം പ്രതിഫലിക്കുമ്പോഴാണ് സഭയുടെ സാക്ഷ്യം ലോകത്തിൽ കൂടുതൽ തെളിയുന്നത്. ദൈവകൃപ നമ്മെ നയിക്കട്ടെ; സമാധാനം നമ്മുടെ ഭവനങ്ങളിൽ വസിക്കട്ടെ; സ്നേഹം നമ്മുടെ ബന്ധങ്ങളെ ശക്തിപ്പെടുത്തട്ടെ. വരാനിരിക്കുന്ന ക്രിസ്തുമസിനെ പ്രത്യാശയോടും വിശുദ്ധിയോടും ഹൃദയപൂർവ്വമായ സ്നേഹത്തോടും കൂടി വരവേൽക്കാൻ ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

കർത്ത്യ ശുശ്രൂഷയിൽ

മോർ സേവേറിയോസ് കുറിയാക്കോസ്

ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത

ക്നാനായ ദീപം അറിയിപ്പുകൾ

പ്രിയരെ,

RNI യുടെ പുതുക്കിയ നിയമങ്ങൾ അനുസരിച്ച് 2023-ൽ രജിസ്റ്റർ ചെയ്ത PRGI Act പ്രകാരം ഇനിമുതൽ Daily ഇറങ്ങുന്നതും Weekly ആയി ഇറങ്ങുന്നതുമായ പ്രസിദ്ധീകരണങ്ങൾക്കു മാത്രമേ പോസ്റ്റൽ കൺസഷൻ കിട്ടുകയുള്ളു. നമ്മുടെ ക്നാനായ ദീപം മാസിക Monthly ഉള്ള പ്രസിദ്ധീകരണമായതുകൊണ്ട് 2027 ജനുവരി മുതൽ പോസ്റ്റൽ കൺസഷൻ ലഭിക്കുകയില്ല. ഏകദേശം 7 രൂപയോളം കൊടുത്ത് പോസ്റ്റ് ചെയ്യണം.

ആയതിനാൽ വരിസംഖ്യ ധാരാളം പിരിഞ്ഞു കിട്ടാനുണ്ട്. ദീപത്തിന്റെ വരിസംഖ്യ കളക്ഷനായി റാന്നിയിലും ചിങ്ങവനത്തും കല്ലിശ്ശേരിയിലുമായി താല്പ്പര്യമുള്ള ആളുകൾ മുമ്പോട്ടുവന്നാൽ നന്നായിരിക്കും. സഭയിലെ ഭക്ത സംഘടനകളുടെ യൂണിറ്റുകൾക്കും സാധിക്കുമെങ്കിൽ ദീപത്തിന്റെ കളക്ഷനുവേണ്ടി പ്രവർത്തിക്കാവുന്നതാണ്. ഏജന്റുമാർക്ക് കൊടുക്കുന്ന കമ്മീഷൻതുക നൽകുന്നതാണ്. താല്പ്പര്യമുള്ള ആളുകൾ ക്നാനായ ദീപം ഓഫീസുമായി ബന്ധപ്പെടുക.

വരിസംഖ്യ ഓൺ ലൈനായി അടയ്ക്കാവുന്നതാണ്. 8547584440 എന്ന വാട്ട്സ്ആപ്പ് നമ്പറിൽ നിങ്ങളുടെ അഡ്രസ്സ് അയച്ചാൽ കുടിശ്ശിക അറിയിക്കുന്നതാണ്. ആയത് അക്കൗണ്ടിലും ഓൺലൈനായും അടയ്ക്കാവുന്നതാണ്.

എല്ലാവരുടേയും സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

Account Details:
A/c No. 57004254154
IFSC SBIN0070128

ഫാ.ജേക്കബ് കല്ലുകുളം
മാനേജിംഗ് എഡിറ്റർ,
ക്നാനായദീപം, ചിങ്ങവനം
Mob.9447563240/8547584440
Email:Kna.deepam@gmail.com

സമുദായ വാർത്തകൾ



റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

ക്നാനായ മെറിറ്റ് അവാർഡ്- 2026 പ്രഖ്യാപനവും തീയതി മാറ്റവും

മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ 2026 ലെ 'ക്നാനായ മെറിറ്റ് അവാർഡ് വിതരണച്ചടങ്ങിന്റെ പുതുക്കിയ തീയതിയും വിശദാംശങ്ങളും പ്രഖ്യാപിക്കുന്നു. നവംബർ 29 ഞായറാഴ്ച നടത്താനാണ് സമുദായ മെത്രാപ്പോലീത്ത കല്പന പുറപ്പെടുവിച്ചിരുന്നത്. എന്നാൽ അന്നേ ദിവസം സൺഡേസ്കൂൾ കേന്ദ്രപരീക്ഷ നടക്കുന്നത് കൊണ്ട് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാനുള്ള പ്രയാസം കണക്കിലെടുത്ത്, അവാർഡ്ദാനസമ്മേളനം 2026 ഡിസംബർ 06 ഞായറാഴ്ച വൈകുന്നേരം 2.00 മണിക്ക് ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ വെച്ച് നടത്തുവാൻ സമുദായ മെത്രാപ്പോലിത്തായുമായി ആലോചിച്ച് ക്നാനായ കമ്മിറ്റി തീരുമാനിച്ചു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന പ്രൗഢഗംഭീരമായ യോഗം കേരള നിയമസഭാ സ്പീക്കർ ബഹു. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവർകൾ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ തിരുവല്ല സബ് കളക്ടർ പാർവ്വതി ഗോപകുമാർ IAS (Parvathy Gopakumar IAS) മുഖ്യ പ്രഭാഷണം നടത്തുന്നതും, സമുദായത്തിലെയും പൊതു സമൂഹത്തിലെയും പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കുന്നതുമായിരിക്കും. വിദ്യാഭ്യാസ, കലാ കായിക രംഗങ്ങളിൽ ഉന്നത വിജയം കൈവരിച്ച നമ്മുടെ സമുദായത്തിലെ യുവപ്രതിഭകളെ ആദരിക്കുന്നതിനായി താഴെ പറയുന്ന യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

വിദേശത്തും സ്വദേശത്തുമുള്ള ക്നാനായ സമുദായത്തിലെ SSLC/ Plus Two പരീക്ഷകളിൽ ഡിസ്റ്റിംഗ്ഷനും അതിനുമുകളിലും വിജയം നേടിയവർ Degree/Post Graduation തലങ്ങളിൽ ഫസ്റ്റ് ക്ലാസും അതിനു മുകളിലും നേടിയവർ, പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയ ഡിഗ്രി ഹോൾഡർമാർ, കലാ-കായിക രംഗങ്ങളിൽ മികവ് തെളിയിച്ചവരും വിവിധ പുരസ്കാര ജേതാക്കളും അർഹരാണ്. കൺവീനർമാർ : ലിനു ചെറിയാൻ വരാത്ര, സജി. റ്റി. ചാക്കോ താന്നിക്കൽ.

സമുദായത്തിലെ എല്ലാ അർഹരായ വിജയികളെയും സ്നേഹപൂർവ്വം ഈ അനുമോദന സമ്മേളനത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു. ക്നാനായ സമുദായത്തിലെ സഹായ മെത്രാന്മാരുടെ ചുമതലകളും അധികാരങ്ങളും സംബന്ധിച്ചു 10 വൈദികൾ ഉണ്ടാക്കിയിരിക്കുന്ന നിർദ്ദേശം അസ്സോസിയേഷൻ മീറ്റിംഗിൽ അവതരിപ്പിക്കുന്നതിന് മുമ്പ് പാലിക്കേണ്ട ചില നടപടികൾ ഉണ്ട്. സമുദായത്തിൽ ഭിന്നതകൾ ഒഴിവാക്കി എല്ലാവർക്കും സ്വീകാര്യമായ ഒരു പ്രൊപ്പോസൽ രൂപീകരിക്കുകയാണ് വേണ്ടത്. സമുദായത്തിലെ സെറ്റിൽമെന്റിന് ക്നാനായ കമ്മിറ്റിയും സമുദായ സെക്രട്ടറിയും എതിരാണെന്ന രീതിയിൽ ചില കേന്ദ്രങ്ങളിൽ നിന്ന് വലിയ പ്രചരണം നടക്കുന്നുണ്ട്. എന്നാൽ ഇത് തികച്ചും വ്യാജവും വാസ്തവ വിരുദ്ധവുമാണ്. സമുദായത്തിലെ സഹായ മെത്രാന്മാരുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങളും പ്രശ്നങ്ങളും എത്രയും വേഗം പരിഹരിച്ച് മുന്നോട്ടു പോകണമെന്നാണ് സമുദായ സെക്രട്ടറിക്കും കമ്മിറ്റിക്കും ഉള്ളത്. ഇത് സമുദായത്തിന്റെ നിലവിലുള്ള ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് മാത്രമായിരിക്കണം നടപ്പാക്കേണ്ടത് എന്ന കൃത്യമായ നിലപാട് മാത്രമാണ് ഭരണനേതൃത്വത്തിനുള്ളത്. ഭരണഘടനയെ മറികടന്നുള്ള തീരുമാനങ്ങൾ ഭാവിയിൽ കൂടുതൽ നിയമ പ്രതിസന്ധികൾക്ക് വഴിതുറക്കുമെന്നതിനാലാണ് ഈ സുതാര്യമായ നിലപാട് സ്വീകരിക്കുന്നത്. സമുദായ മെത്രപ്പോലീത്തായും സഹായ മെത്രാന്മാരും വൈദിക നേതൃത്വവും സമുദായ നേതൃത്വവും പരസ്പരം ചർച്ച ചെയ്ത്, സമുദായ ഭരണഘടനയ്ക്ക് വിധേയമായി പൂർണ്ണസമ്മതമുള്ള ഒരു പ്രൊപ്പോസൽ രൂപീകരിക്കുകയാണ് ഇതിന്റെ ആദ്യപടി. ഭരണനേതൃത്വവും മെത്രാന്മാരും തമ്മിൽ വ്യക്തമായ ധാരണയില്ലാത്ത ഒരു നിർദ്ദേശം നേരിട്ട് അസ്സോസിയേഷനിൽ അവതരിപ്പിക്കുന്നത് അനാവശ്യമായ തർക്കങ്ങൾക്കും വാദപ്രതിവാദങ്ങൾക്കും വഴിവെക്കും. എല്ലാവരും ഒന്നിച്ച് അംഗീകരിക്കാത്ത ഒരു നിർദ്ദേശം അസ്സോസിയേഷനിൽ സമർപ്പിച്ചാൽ അത് അസ്സോസിയേഷനിൽ വലിയ പ്രതിസന്ധിക്കും ചേരിതിരിവുകൾക്കും ഇടയാക്കും. സഭയുടെ ഉന്നത സമിതികളിൽ തർക്കങ്ങൾ ഉയർന്നുവരുന്നത് സമുദായത്തിന്റെ പ്രതിച്ഛായയെ ബാധിക്കും. നേരെ മറിച്ച്, ബഹുമാനപ്പെട്ട മെത്രാപ്പോലീത്തായും സഹായമെത്രാന്മാരും വൈദിക നേതൃത്വവും സമുദായ നേതൃത്വവും ഒന്നിച്ച് ഭരണഘടനാപരമായി തയ്യാറാക്കിയ നിർദ്ദേശമാണ് അസ്സോസിയേഷനിൽ എത്തുന്നതെങ്കിൽ, അവിടെ തർക്കങ്ങളുടെ ആവശ്യമില്ലാതെ ഐകൃകണ്ഠേന അത് പാസ്സാക്കിയെടുക്കാൻ സാധിക്കും. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട വൈദിക ശ്രേഷ്ഠർ ഒരു പ്രൊപ്പോസൽ ക്നാനായ കമ്മിറ്റിയ്ക്ക് തരുക ഉണ്ടായി. ഇപ്പോൾ തന്നിരിക്കുന്ന പ്രൊപ്പോസൽ ബന്ധപ്പെട്ട എല്ലാ സമുദായ ആത്മീയ മേലദ്ധ്യക്ഷന്മാരുമായും തുറന്ന മനസ്സോടെ ചർച്ച ചെയ്യണം. ഭരണഘടനാനുസൃതമായ കാര്യങ്ങളിൽ എല്ലാവരുടെയും അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട് സർവ്വ സ്വീകാര്യമായ ഒരു പൊതുസമ്മതം (Consensus) നേടിയെടുക്കണം. അത്തരം ഒരു പ്രൊപ്പോസൽ അസ്സോസിയേഷന്റെ പരിഗണനയ്ക്കായി സമർപ്പിക്കുക. അതിനുശേഷം ക്നാനായ അസ്സോസിയേഷൻ കൂടുന്നതല്ലേ നല്ലത് എന്ന് എല്ലാവരും ചിന്തിക്കുക. അസ്സോസിയേഷൻ വേദി എന്നത് വഴക്കുകൾ ഉണ്ടാക്കാനുള്ള സ്ഥലമല്ല; മറിച്ച് സമുദായത്തിന്റെ വികസനത്തിനും ഐക്യത്തിനുംവേണ്ടിയുള്ള തീരുമാനങ്ങൾ ഒന്നിച്ചുനിന്ന് അംഗീകരിക്കുന്ന വേദിയാണ്. വ്യാജ പ്രചരണങ്ങളിൽ വീഴാതെ, സമുദായ ഭരണഘടനയ്ക്ക് വിധേയമായി സഹായ മെത്രാന്മാരുടെ ചുമതലകൾ സംബന്ധിച്ച പ്രൊപ്പോസൽ എല്ലാവരുടെയും പൂർണ്ണ സമ്മതത്തോടെ

അസ്സോസിയേഷൻ അവതരിപ്പിക്കുന്നതാണ് സമുദായ നന്മയ്ക്കും ഭാവി സുസ്ഥിരതയ്ക്കും ഏറ്റവും ഉചിതമായ മാർഗ്ഗം.

സ്നേഹത്തിന്റെ ഭവനങ്ങൾ: സേവേറിയോസ് ഹൗസിംഗ് ഏഴില്ലം പ്രോജക്റ്റ് യാഥാർത്ഥ്യമാകുന്നു. ക്നാനായ സമുദായത്തിൽ ഭവനരഹിതരായി ബുദ്ധിമുട്ടുന്ന സഹോദരങ്ങൾക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ സമുദായ നേതൃത്വം മുൻകൈയെടുത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് 'സേവേറിയോസ് ഏഴില്ലം ക്നാനായ ഹൗസിംഗ് പ്രോജക്റ്റ്. ഈ കാരുണ്യ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൂർത്തിയായ അഞ്ച് പുതിയ ഭവനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം ഒക്ടോബർ മാസം തന്നെ നിർവ്വഹിക്കുകയാണ്. ഈ പ്രോജക്റ്റിന്റെ ഏറ്റവും വലിയ പ്രത്യേകത, സമുദായത്തിലെ നല്ലവരായ വ്യക്തികളുടെയും സ്പോൺസർമാരുടെയും ഉദാരമായ സഹകരണമാണ്. സ്വന്തം വീട് ഇല്ലാത്തവരുടെ കണ്ണീരൊപ്പാൻ മുന്നോട്ടുവന്ന സ്പോൺസർമാരുടെ നിസ്വാർത്ഥമായ സ്നേഹമാണ് ഈ ഭവനങ്ങളുടെ നിർമ്മാണത്തിന് പിന്നിലുള്ളത്. അർഹരായവർക്ക് തല ചായ്ക്കാനിടം ഒരുക്കുന്ന ഈ സമ്മാനങ്ങൾക്ക് സർവ്വേശ്വരന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾ ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. 'ഭവനരഹിതർ ഇല്ലാത്ത ഒരു സമുദായം' എന്ന വലിയ ലക്ഷ്യത്തിലേക്കുള്ള ചരിത്രപരമായ ചുവടുവെപ്പാണ് ഈ പദ്ധതി. സമുദായ നേതൃത്വത്തിന്റെ ശക്തമായ പിന്തുണയും ഏകോപനവുമാണ് ഇത്തരം ഒരു പ്രവൃത്തിയെ ഇത്രയും വേഗം യഥാർത്ഥ്യമാക്കാൻ സഹായിച്ചത്. സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവരുടെ ഉന്നമനത്തിനായി സമുദായം നടത്തുന്ന ഇത്തരം ജീവകാരുണ്യ പ്രവർത്തനങ്ങൾ ഏവർക്കും മാതൃകാപരമാണ്. ഇതൊരു വലിയ കാരുണ്യത്തിന്റെ മീറ്റിംഗ് ആയതിനാൽ സമുദായത്തിന്റെ എല്ലാ തലങ്ങളിലുള്ളവരുടെയും പങ്കാളിത്തം ആവശ്യമാണ്. ക്നാനായ സമുദായ മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിലാണ് ഈ അനുഗ്രഹീത സമ്മേളനം ചേരുന്നത്. ചടങ്ങിൽ കേരളത്തിലെ പ്രമുഖ മന്ത്രി വിവിധ സമുദായത്തിലെ എല്ലാ വൈദിക ശ്രേഷ്ഠരും, അസ്സോസിയേഷൻ അംഗങ്ങളും, സമുദായ സ്ഥാപനങ്ങളുടെ ഭരണസമിതി (Governing Board) അംഗങ്ങളും, വനിതാ സമാജം അംഗങ്ങളും, അതുപോലെ എല്ലാ സമുദായ അംഗങ്ങളും ഈ കാരുണ്യ പ്രവർത്തനത്തിന്റെ ഉദ്ഘാടന സമയത്ത് സന്നിഹിതരായിരിക്കണമെന്ന് സനേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. എല്ലാവരുടെയും സാന്നിധ്യവും അനുഗ്രഹവുംകൊണ്ട് ഈ കാരുണ്യ സംരംഭത്തെ വിജയകരമായ ഒരു മഹാസംഗമമാക്കി മാറ്റാൻ ഏവരേയും സ്വാഗതം ചെയ്യുന്നു. "സേവേറിയോസ് ഹൗസിംഗ് പ്രോജക്റ്റിലെ ഭവനങ്ങൾ സ്വന്തമാക്കുവാൻ അപേക്ഷ നൽകിയവരും ആവശ്യപ്പെട്ടവരും ഉടൻ തന്നെ സമുദായ ഓഫീസുമായി ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

സൺഡേസ്കൂൾകുട്ടികൾക്കായി ബൈബിൾ, പുരാതന പാട്ടുപുസ്തക വിതരണം

ക്നാനായ കോൺഗ്രസ് ചിങ്ങവനം മേഖലയുടെ മാതൃകാപരമായ പ്രവർത്തനം ശ്ലാഘനീയം. ക്നാനായ കോൺഗ്രസ് ചിങ്ങവനം മേഖലയുടെ ആഭിമുഖ്യത്തിൽ മേഖലയിലെ വിവിധ ദൈവാലയ കേന്ദ്രങ്ങളിൽ സൺഡേസ്കൂൾ കുട്ടികൾക്കായി ബൈബിൾ, പുരാതന പാട്ടുപുസ്തകം, മെഡിക്കൽ എക്യുപ്മെന്റുകൾ, ലഘുഭക്ഷണം എന്നിവയുടെ വിതരണ ഉദ്ഘാടനങ്ങൾ തുടർച്ചയായി നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ചിങ്ങവനം മുളക്കാംതുരുത്തി സെന്റ് ജോർജ് ക്നാനായ പള്ളിയിലും, ചാന്നാനിക്കാട് സെന്റ് മേരീസ് ജെറുശലേം ക്നാനായ പള്ളിയിലും, പുല്ലരിക്കുന്ന് സെന്റ് ജോർജ് ക്നാനായ കുരിശുപള്ളിയിലും നടന്ന ചടങ്ങുകളുടെ വിതരണ ഉദ്ഘാടനം ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ നിർവ്വഹിച്ചു. സമുദായത്തിലെ പുതിയ തലമുറയ്ക്ക് ക്നാനായ പാരമ്പര്യത്തെയും ചരിത്രത്തെയും കുറിച്ച് കൂടുതൽ അറിവ് നൽകുന്നതിനും, നമ്മുടെ പുരാതനപാട്ടുകൾ അവരെ പഠിപ്പിക്കുന്നതിനും ഏറെ ഉപകരിക്കുന്ന ഒന്നാണ് ഈ സംരംഭം. ഓരോ ചടങ്ങുകളും വ്യക്തികൾ സ്പോൺസർ ചെയ്തുകൊണ്ടാണ് നടത്തപ്പെടുന്നത്. ഈ പദ്ധതിയുടെ മാതൃകാപരമായ മുന്നേറ്റം കണ്ട്, ഇത് സമുദായത്തിലെ എല്ലാ ദൈവാലയങ്ങളിലേക്കും വ്യാപിപ്പിക്കണമെന്ന് വിവിധ പള്ളി ഭാരവാഹികൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. പുല്ലരിക്കുന്ന് സെന്റ് ജോർജ് ക്നാനായ കുരിശുപള്ളിയിൽ നടന്ന സമ്മേളനത്തിൽ വികാരി റവ.ഫാ. ലിബിൻ ഏബ്രഹാം കന്നാകുഴിയിൽ അദ്ധ്യക്ഷത വഹിച്ചു. സമുദായ ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ ബൈബിൾ, പുരാതന പാട്ടുപുസ്തകം എന്നിവയുടെ ആദ്യ കോപ്പി സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് ലസാമ്മ ഫിലിപ്പോസ് കല്ലുങ്കലും, ഇടവകയ്ക്കുള്ള ബി.പി. അപ്പാരറ്റസ് ഇടവക ട്രസ്റ്റി ജോയി തോമസ് കാരയ്ക്കാട്ടും ഏറ്റുവാങ്ങി. ഷിബു പീടിയേക്കൽ എന്ന ഒരു സ്വയം പ്രഖ്യാപിത പാസ്റ്റർ ക്നാനായ സമുദായ മെത്രാപ്പോലീത്തായേയും സമുദായ സെക്രട്ടറിയേയും വളരെ നിന്ദ്യവും നികൃഷ്ടവുമായ രീതിയിൽ സോഷ്യൽമീഡിയയിൽക്കൂടി അപമാനിച്ചുകൊണ്ടിരിക്കുന്നു. ആരുടെയോ വാലാട്ടിയായ അയാൾക്ക് സോഷ്യൽ മീഡിയയിൽ റീച്ച് കിട്ടുന്നതിനുവേണ്ടി ക്നാനായക്കാരുടെ ഐഡന്റിറ്റിയെയാണ് ചോദ്യം ചെയ്യുന്നത്. കൂടുതലായി ഈ മനുഷ്യനെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഇയാൾ ഒരു മനോരോഗിയാണെന്നും ബൈബിൾ കീറി കക്കൂസിൽ ഇട്ടു ഫ്ളഷ് അടിക്കണം എന്ന് പറഞ്ഞ ആളാണെന്നും ആ വീഡിയോ സോഷ്യൽ മീഡിയയിൽ ഉണ്ട് എന്നും അറിയാൻ കഴിഞ്ഞു. ഇങ്ങനെ മനോരോഗിയായ ഒരാൾക്ക് മറുപടി ആവശ്യം ഇല്ലാത്തതിനാലും അദ്ദേഹത്തിന്റെ ഭാഷയിൽ തരം താഴുന്ന ആളുകൾ അല്ല ക്നാനായക്കാർ എന്നതിനാലും മറുപടി കൊടുക്കുന്നില്ല.

02-01-2026 ൽ കൂടിയ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയും അയാൾക്ക് എതിരെ നിയമനടപടിയിലേക്ക് പോകുവാൻ തീരുമാനിക്കുകയും ചെയ്തു. ക്നാനായക്കാർ ആരുടേയും അടിമകൾ അല്ല, സ്വന്തമായി നിൽക്കാൻ കഴിവുള്ളവർ തന്നെയാണ്. ക്നാനായക്കാർ എന്താണെന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധ ബൈബിളിൽ ക്നാനായ ചരിത്രം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ആരാണ് ക്നാനായക്കാർ ?

അബ്രഹാമിന്റെ വംശാവലിയിലെ യാക്കോബിന്റെ മക്കളായ 12 ഗോത്രപിതാക്കന്മാരിൽ ലേവി ഗോത്രത്തിന്റെ പിന്തുടർച്ചക്കാരായ ഏലിയസാറിന്റെ മകൻ ഫിനഹാസിന്റെ തീക്ഷ്ണതയിൽ പ്രസന്നനായ ദൈവം മോശയോട് അരുളിച്ചെയ്തു.

നിത്യപൗരോഹിത്യം അവന്റെ സന്തതി പരമ്പരയ്ക്ക് നൽകി. ആ ലേവിഗോത്രത്തിലെ യേശു ക്രിസ്തുവിന്റെ ശിഷ്യനായ തീക്ഷ്ണവാൻ എന്നു വിളിക്കുന്ന ശെമവൂൻ ക്നാനോയോയുടെ പിന്തുടർച്ചക്കാരായ യഹൂദ ക്നാനായക്കാർ. ബി.സി.332-ൽ മഹാനായ അലക്സാണ്ടർ യറൂശലേം പിടിച്ചടക്കി. ബി.സി.164-ൽ മക്കബായർ യെറുശലേം തിരിച്ചുപിടിച്ചു. ബി.സി.47-ൽ മക്കബായരെ നീക്കി റോമൻ അധിനിവേശ പ്രവിശ്യയായി ഹേറോദാവ് യഹൂദരുടെ രാജാവായതിനെത്തുടർന്ന് ഗലീലിയിലെ യഹൂദ ക്നാനായക്കാരെ വേട്ടയാടി. ബി.സി.11 മുതൽ യഹൂദർ മ്ശിഹായുടെ വരവിനുവേണ്ടി പ്രാർത്ഥിച്ചു. മ്ശിഹായുടെ വരവിനുശേഷം യഹൂദ ക്നാനായക്കാരനായ ശിമയോനെ (തീക്ഷ്ണവാൻ)യേശു ശിഷ്യനാക്കി. പിന്നീട് നസറായനായ യേശുവിനെ റോമാക്കാർ യേശു യഹൂദരുടെ രാജാവ് എന്നു പറഞ്ഞു ക്രൂശിച്ചു. എ.ഡി.66 ൽ യഹൂദ നസ്രാണികളുടെ ആദ്യത്തെ മഹാപുരോഹിതനായ യാക്കോബിനെ (യേശുവിന്റെ സഹോദരൻ) യഹൂദന്മാർ വധിച്ചു. ഇതിന്റെ ദൈവകോപമായി യേശു പറഞ്ഞതുപോലെ കല്ലിന്മേൽ കല്ല് ശേഷിക്കാതെ എ.ഡി. 70 ൽ റോമൻ പട്ടാളം യെറൂശലേം ദേവാലയം തീയിട്ടു നശിപ്പിച്ചു. എ.ഡി. 132-135 -ൽ യഹൂദന്മാർ യഹൂദ നസ്രാണികൾക്ക് മുടക്ക് കല്പിച്ചു. യെറുശലേമിന്റെ കിഴക്കുള്ള എഡേസ തുടങ്ങിയ പ്രദേശങ്ങളിലേക്ക് യഹൂദ നസ്രാണികൾ പലായനം ചെയ്തു. എഡേസ്സയിൽ യഹൂദ നസ്രാണികൾ അവരുടെ സ്വന്തമായി ദേവാലയങ്ങൾ സ്ഥാപിച്ചു. എ.ഡി. 325ന് ശേഷം ക്രിസ്തുമതം സ്വീകരിച്ച റോമാക്കാരുടേയും പേർഷ്യയിൽ ഉണ്ടായിരുന്ന ജൂതന്മാരുടേയും നസ്രാണി വ്യക്തിത്വത്തെ ചൊല്ലിയുള്ള തർക്കം ഉണ്ടായിരുന്നു. ക്നാനായ നസ്രാണികൾ എഡേസ്സായിൽ നിന്നും പേർഷ്യയിലേക്കും അവിടെനിന്നും മലങ്കരയിലേക്കും പ്രേക്ഷിത കുടിയേറ്റം നടത്തി. മലങ്കരയിൽ വി.തോമാശ്ളീഹായാൽ നസ്രാണികളായവരെ പുനരുദ്ധരിക്കുന്നതിനുവേണ്ടി എ.ഡി. 345 ൽ വാണിജ്യശ്രേഷ്ഠനായ ക്നായിത്തോമ്മായുടെ നേതൃത്വത്തിൽ ബാഗി, ബെൽക്കുത്ത് ,ഹദായ്, കൂജാലഗ്, കോജാ, മുഗ്മുത്ത്, തെഗ്മത്ത് എന്നീ ഏഴ് ഇല്ലങ്ങളിൽ നിന്നും 72 കുടുംബങ്ങളിൽ നിന്നുമായി 400 ൽ പരം യഹൂദ നസ്രാണികളും ഉറഹായിലെ യൗസേഫ് മെത്രാൻ, പുരോഹിതർ, ശെമ്മാശന്മാർ ഉൾപ്പെടെ അന്ത്യോക്യൻ പാത്രിയാർക്കീസ് മോർ ഒസ്താത്തിയോസിന്റെ അനുഗ്രഹത്താൽ കിഴക്കിന്റെ കാതോലിക്കോസ് ആയ ശിമയോൻനിൽനിന്നും കല്പ്പനയും വേദപുസ്തകവും വാങ്ങി ആരാധനാക്രമങ്ങളും വംശശുദ്ധി നിലനിർത്തുന്നതിന്റെ പ്രാധാന്യവും മറ്റും പറഞ്ഞ് മനസ്സിലാക്കിക്കൊടുത്ത് അനുഗ്രഹിച്ച് യാത്രയാക്കി. മലങ്കരയിലേക്ക് കുടിയേറിപ്പാർത്ത യഹൂദ നസ്രാണികളുടെ പിൻഗാമികളാണ് ക്നാനായക്കാർ.

കൊടുങ്ങല്ലൂരിൽ ക്നായിത്തോമ്മായേയും ജനങ്ങളേയും സ്വീകരിക്കുവാൻ ചക്രവർത്തിയായിരുന്ന ചേരമാൻ പെരുമാൾ സഹോദരൻ രാമവർമ്മയേയും മന്ത്രി വെട്ടത്തുമനയേയും അയച്ചു. മുസിരിസ് പട്ടണത്തിലെ തുറമുഖത്തിൽ കച്ചവടം ചെയ്യുവാനുള്ള അധികാരവും കൊടുങ്ങല്ലൂരിൽ താമസിക്കുന്നതിനുള്ള അനുമതിയും നൽകി. ക്നായിത്തോമ്മാ ശ്രീലങ്കയിൽനിന്നും 17 പരീശന്മാരെ കൊണ്ടുവന്ന് പട്ടണത്തിൽ താമസിപ്പിച്ചു. ക്നാനായക്കാർ കേരളത്തിലേക്കു വരുമ്പോഴേക്കും പ്രൗഢഗംഭീരമായ സ്വീകരണമാണ് കിട്ടിയത്. റെഡ് കാർപ്പറ്റ് വിരിച്ച്, ആദരിച്ച് അംഗീകരിക്കപ്പെട്ട ഒരു ജനതയുടെ ഭാഗഭാക്കുകളാണ് നമ്മൾ. ഏഴ് ഇല്ലം എഴുപത്തിരണ്ട് കുടുംബങ്ങളിലായി ഇവിടെയെത്തിയ നമ്മുടെ പിതാക്കന്മാരെ രാജകീയ പ്രൗഢിയോടെ എതിരേറ്റ് 72 പദവികൾ നൽകി ആദരിച്ചു ബഹുമാനിച്ച പ്രൗഢഗംഭീരമായ ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു.

അബ്രാഹാം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയെ നയിച്ചു. അബ്രാഹാത്തിനുശേഷം അഹരോൻ, മോശ, എന്നിവരൊക്കെ നയിക്കുമ്പോഴത്തേയ്ക്കും എസ്റാ പ്രവാചകനെപ്പോലെയുള്ള പ്രവാചകന്മാർ അതിനുവേണ്ടി ശക്തമായിട്ട് വാദിച്ചു. എസ്റാപ്രവാചകന് ശേഷം നമ്മുടെ ക്നായിത്തോമ്മായുടെ നേതൃത്വത്തിൽ എ.ഡി. 345ൽ കേരളത്തിലെത്തി. നമ്മൾ രാജരക്തം സിരകളിൽ ഓടുന്നവരായിരുന്നു. "സൺ ഓഫ് കിംഗ്സ്" എന്നാണ് ക്നാനായക്കാരെപ്പറ്റി പറഞ്ഞിരുന്നത്. ക്നാനായക്കാരെ രാജവംശമായിട്ടാണ് പരിഗണിച്ചിരുന്നത്. ക്നാനായക്കാർ കുടിയേറിപ്പാർത്ത സ്ഥലം മഹാദേവർ പട്ടണം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. എ.ഡി. 345 മാർച്ച് (കുംഭം 29) ശനിയാഴ്ച്ച കൊടുത്ത ക്നായിത്തൊമ്മൻ ചെപ്പേടിൽ ചേരമാൻ പെരുമാൾ 17 പരീഷരുടെ മുകളിൽ ഉള്ള അധികാരം ഉൾപ്പെടെ 72 പദവികൾ ചെപ്പേടായി കൊടുത്തു ക്നാനായ സമൂഹത്തെ ആദരിച്ചു ബഹുമാനിച്ചു. കൊടുങ്ങല്ലൂരിൽ 72 വീടുകളും ഒരു പള്ളിയും ഉൾപ്പെടെ ക്നാനായക്കാർക്കായി മാത്രം മഹാദേവർപട്ടണം കൊടുത്തു. കൊടുങ്ങല്ലൂരിന്റെ തെക്കുഭാഗത്ത് താമസിച്ചിരുന്നതുകൊണ്ട് ക്നാനായക്കാർ തെക്കുംഭാഗർ എന്നും അറിയപ്പെട്ടു. യഹൂദപാരമ്പര്യം അനുസരിച്ച് സ്വവംശവിവാഹം മാത്രമേ നടത്തിപ്പോരുന്നുള്ളു. 4-ാം നൂറ്റാണ്ടിൽ ചേരമാൻ പെരുമാൾ ചേരരാജ്യം നാലായി വിഭജിച്ച് അനന്തരവർക്ക് വീതിച്ചുകൊടുത്തു. മഹാദേവർ പട്ടണം കൊച്ചി രാജാവിന്റെ അധീനതയിൽവന്നു. 9-ാം നൂറ്റാണ്ടിൽ സാമൂതിരി മഹാദേവർ പട്ടണത്തെ കീഴടക്കിയതോടുകൂടി ക്നാനായക്കാരുടെ കച്ചവടത്തെ ഇതുബാധിച്ചു. കൊച്ചി രാജാവ് ഉദയംപേരൂരിൽ ക്നാനായക്കാർക്ക് ആസ്ഥാനം കൊടുത്തു. അവിടെ പള്ളിയും സ്ഥാപിച്ചു. കൊച്ചി രാജാവ് ഉദയംപേരൂരിൽ ക്നാനായക്കാർക്ക് ആസ്ഥാനം കൊടുത്തു. അവിടെ പള്ളിയും സ്ഥാപിച്ചു. 16-ാം നൂറ്റാണ്ടു മധ്യേ സാമൂതിരിയുടെ ആക്രമണത്തിൽ കൊടുങ്ങല്ലൂർ കത്തിച്ചപ്പോൾ ക്നാനായക്കാർ കൊച്ചി രാജ്യത്തിന്റെ തെക്കൻ പ്രദേശങ്ങളായ കോട്ടയം, കല്ലിശ്ശേരി,കടുത്തുരുത്തി, തൊടുപുഴ പള്ളികളിലെ വികാരിയായ ക്നാനായ പുരോഹിതൻ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ നേതൃത്വത്തിൽ അന്ത്യോഖ്യായിലെ അഹത്തുള്ള ബാവായുടെ അധികാരപത്രത്തോടുകൂടി മതപരിവർത്തനത്തിന് എതിരായി 1653-ൽ 25000 ത്തിലധികം സുറിയാനി നസ്രാണികൾ മട്ടാഞ്ചേരിയിൽ കുരിശിൽ ആലത്ത് കെട്ടി പോർച്ചുഗീസുകാരുടെ സുറിയാനി സഭാ സത്യവിശ്വാസത്തിനും പാരമ്പര്യത്തിനും എതിരായിട്ടുള്ള നടപടികൾക്കെതിരെ കൂനൻ കുരിശു സത്യം നടത്തി. കൂനൻ കുരിശു സത്യത്തെത്തുടർന്ന് ക്നാനായക്കാർ രണ്ടു വിഭാഗമായി. ക്നാനായ കത്തോലിക്കാ എന്നും ക്നാനായ സുറിയാനിക്കാർ എന്നും തിരിഞ്ഞു. എങ്കിലും രണ്ടു വിഭാഗക്കാരും പരസ്പരം വിവാഹ ബന്ധത്തിൽ ഏർപ്പെടുകയും വംശശുദ്ധി ഒരു പോലെ നിലനിർത്തിപ്പോരുകയും ചെയ്യുന്നു. പിന്നീട് ക്നാനായ സുറിയാനിക്കാർ റാന്നി, നീലംപേരൂർ, രാമമംഗലം, തുരുത്തിക്കാട്, വാകത്താനം, ചിങ്ങവനം,

തുടങ്ങിയ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചു. 1882 ജനുവരി 31 ന് (മകരം8)വെളിയനാട് മാർ സ്തേഫാനോസ് പള്ളിയിൽ ആദ്യമായി മലങ്കര സിറിയൻ ക്നാനായ കമ്മിറ്റിക്ക് രൂപം കൊടുത്തു. ആദ്യത്തെ സമുദായ സെക്രട്ടറിയായി ഇടവഴിയ്ക്കൽ ശ്രീ.ഇ.എം.ഫിലിപ്പ് (നസ്രാണി സിംഹം) സ്ഥാനമേറ്റു. വംശമഹിമയുടെ അനശ്വര പ്രയാണം അബ്രഹാമിന് ദൈവം നൽകിയ വാഗ്ദത്തത്തിൽ നിന്ന് തുടങ്ങിയതാണ് ഈ വംശാവലിയുടെ ചരിത്രം.

നൂറ്റാണ്ടുകൾ നീണ്ട പലായനങ്ങളും, നേരിട്ട ബുദ്ധിമുട്ടുകളും, അതിജീവിച്ച പ്രതിസന്ധികളും ഈ ജനതയെ തകർക്കുന്നതിന് പകരം കൂടുതൽ കരുത്തരാക്കുകയാണ് ചെയ്തത്. ലേവി ഗോത്രത്തിന്റെ ആത്മീയതയും വംശീയ തീക്ഷ്ണതയും കൈവിടാതെ തലമുറകളിലേക്ക് പകർന്നു നൽകിയ പൂർവ്വികരുടെ നിശ്ചയ ദാർഢ്യമാണ് ക്നാനായ സമുദായത്തിന്റെ അടിത്തറ. ഈ ചരിത്രപഠനത്തിലൂടെ നാം കണ്ടെത്തിയ പ്രധാന സത്യങ്ങൾ ഇവയാണ്. യാക്കോബിന്റെ പുത്രനായ ലേവിയിൽ നിന്ന് തുടങ്ങിയ ആ വിശുദ്ധ രക്തബന്ധം, അന്യവംശങ്ങളുമായി കലരാതെ ഇന്നും കാത്തു സൂക്ഷിക്കുന്നത് കേവലം ഒരു ആചാരമല്ല, മറിച്ച് ദൈവീകമായ ഒരു നിയോഗമാണ്. ജറുശലേം ദൈവാലയത്തിന്റെ തണലിൽ വളർന്ന യഹൂദ- നസ്രാണി പാരമ്പര്യം ക്നാനായക്കാരുടെ സ്വത്വത്തിന്റെ ഭാഗമാണ്. കനൃകമറിയത്തിനും യേശുക്രിസ്തുവുനുമുണ്ടായിരുന്ന അതേ ലേവ്യ രക്തബന്ധം ഈ സമുദായത്തിന് ബൈബിൾ പരമായ ഒരു ആത്മീയ മഹിമ നൽകുന്നു. അന്ത്യോഖ്യായിലും എഡേസ്സയിലും സ്വന്തം വംശത്തിൽപ്പെട്ട നേതൃത്വത്തിന്റെ അഭാവം നേരിട്ടപ്പോഴും, അധികാരത്തേക്കാൾ ഉപരിയായി വംശീയമായ തനിമയ്ക്ക് പ്രാധാന്യം നൽകിയതിനാലാണ് ക്നായി തോമായുടെ നേതൃത്വത്തിലുള്ള കുടിയേറ്റം സാധ്യമായത്. പുരാതന പാട്ടുകളിലൂടെയും പാരമ്പര്യങ്ങളിലൂടെയും കൈമാറപ്പെട്ട ആചാരങ്ങൾ, ലിഖിതമായ ചരിത്രത്തേക്കാൾ ആഴത്തിൽ ഈ ജനതയുടെ ഹൃദയത്തിൽ പതിഞ്ഞുകിടക്കുന്നു. ക്നാനായ ചരിത്രം എന്നത് കേവലം ഒരു കുടിയേറ്റത്തിന്റെ കഥയല്ല; അത് ദൈവത്താൽ വേർതിരിക്കപ്പെട്ട ഒരു ജനത തങ്ങളുടെ തനിമ നിലനിർത്താൻ നടത്തിയ ഇതിഹാസതുല്യമായ പോരാട്ടമാണ്. "നീ എന്റെ അസ്ഥിയും മാംസവുമാകുന്നു" എന്ന പഴയനിയമവചനംപോലെ, ഒരേ രക്തത്തിൽ ജനിച്ചവർ ഒരേ വംശമായി ഒന്നിച്ചു നിൽക്കുന്നു. ഭാവി തലമുറകളിലേക്ക് ഈ പാരമ്പര്യം കൈമാറേണ്ടത് ഓരോ ക്നാനായക്കാരന്റെയും കടമയാണ്. ലോകമെമ്പാടും ചിതറിപ്പാർക്കുമ്പോഴും, ജെറുശലേമിലെ ആ വിശുദ്ധ മണ്ണിൽ നിന്ന് തുടങ്ങിയ ആ ലേവ്യ തീക്ഷ്ണത അണയാതെ സൂക്ഷിക്കാം. ''നാം ഒരു ജനത, ഒരു രക്തം, ഒരു വംശം.'' "ഇതൊന്നും ലോകത്തിലെ ഒരു ശക്തിക്കും തടയുവാൻ കഴിയില്ല. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെയും ഈ വംശം നിലനിൽക്കും; അത് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'ഞാൻ ഒരു ശേഷിപ്പിനെ അവശേഷിപ്പിക്കും" എന്ന്. യെശയ്യാവ് (Isaiah) 10:20-22. "അന്നാളിൽ ഇസ്രായേലിൽ ശേഷിച്ചവരും യാക്കോബ് ഗൃഹത്തിൽ തപ്പിയവരും ഇനി തങ്ങളെ അടിച്ചവനെ ആശ്രയിക്കാതെ ഇസ്രായേലിന്റെ പരിശുദ്ധനായ യഹോവയെ സത്യത്തോടെ ആശ്രയിക്കും. ഒരു ശേഷിപ്പ്, യാക്കോബിന്റെ ഒരു ശേഷിപ്പ് തന്നെ, വീരനായ ദൈവത്തിങ്കലേക്ക് മടങ്ങിവരും."റോമർ (Romans)11:5, അതുപോലെ ഇക്കാലത്തിലും കൃപാതിരഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പ് ഉണ്ട്. ഇത് ക്നാനായക്കാരെ മാത്രം ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്. ഇത് ബൈബിൾ പ്രകാരമുള്ള ചരിത്ര സത്യങ്ങളാണ്.

റ്റി.ഒ ഏബ്രഹാം തോട്ടത്തിൽ
സമുദായ സെക്രട്ടറി

ക്നാനായ മെറിറ്റ് അവാർഡ് - 2026

മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ 2026 - ലെ ക്നാനായ മെറിറ്റ് അവാർഡ്ദാനച്ചടങ്ങ് 2026 ഡിസംബർ 6 ഞായറാഴ്ച വൈകുന്നേരം 2.00 മണിക്ക് ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ വെച്ച് നടക്കുകയാണ്.

വിദേശത്തും സ്വദേശത്തുമുള്ള ക്നാനായ സമുദായത്തിലെ മികച്ച പ്രതിഭകളെ ആദരിക്കുന്നതിനായി താഴെ പറയുന്ന യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

(Eligibility Criteria)

SSLC/Plus Two: Distinction and above

Degree / Post Graduation: 1st Class and above

Professional Courses: Degree Holders

കലാകായിക രംഗങ്ങളിൽ മികവ് തെളിയിച്ചവർ & വിവിധ പുരസ്കാര ജേതാക്കൾ.

കൺവീനേഴ്സ്

ലിനു ചെറിയാൻ വരാത്ര - +91 9446510257

സജി ടി. ചാക്കോ താന്നിക്കൽ- +91 9447400723

അറിയിപ്പ്

സമുദായ മെത്രാപ്പോലീത്താ
അഭി. കുറിയാക്കോസ് മോർ
സേവേറിയോസ് തിരുമേനിയെ
എന്തെങ്കിലും ആവശ്യത്തിന്
ഫോണിൽ വിളിക്കുന്നവർ
ദയവായി ഈ നമ്പറിൽ വിളിക്കുക

Ph : 9496071311

കുട്ടേഷൻ നോട്ടീസ്

ക്നാനായ സമുദായം വക നെല്ലിക്കൽ തോട്ടത്തിലെ റബ്ബർ മരങ്ങൾ ഒരു വർഷത്തേക്ക് ടാപ്പ് ചെയ്ത് റബ്ബർ കറ ശേഖരിക്കുന്നതിന് കുട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

sd/
ട്രസ്റ്റി
ക്നാനായ സമുദായം





മലങ്കര സുറിയാനി ക്നാനായ വനിതാ സമാജം ചിങ്ങവനം മേഖല ത്രൈമാസ വനിതാസംഗമം കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായ പള്ളിയിൽ 23/10/2026-ൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജേക്കബ് കല്ലുകുളം, ഫാ. ശൈനോ മർക്കോസ് കൊച്ചുമംഗര, ഫാ. മോനായി കെ. ഫിലിപ്, ഫാ.സുനിൽ എ. ജോൺ (ഡയറക്ടർ ഗോസ്പൽ ടീം മർത്തോമ്മ സഭ) ഫാ. ബിബിൻ ആൻഡ്രൂസ് കുന്നുംപുറത്ത്, ഫാ. ബിബി എബ്രഹാം കിഴക്കേമുറിയിൽ, ഫാ. ജിബിൻ പെരുങ്കണ്ണരിൽ, സിസ്റ്റർ മരിയ, സിനി റെജി, ഷീബാജോസഫ്, എൽസി രാജു, ബീന തോമസ് കൊച്ചുമോൾ സജി, മോളമ്മ ചാക്കോ എന്നിവർ സമീപം.



മലങ്കര സിറിയൻ ക്നാനായ സൺഡേ സ്കൂൾ സമാജത്തിന്റെ കേന്ദ്ര കലാമത്സരങ്ങളുടെ ഉദ്ഘാടനം 18/10/2026 ഞായറാഴ്ച കുറിച്ചി മോർ ഇഗ്നാത്തിയോസ് ക്നാനായ പള്ളിയിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിക്കുന്നു. ഫാ. ജേക്കബ് കല്ലുകുളം, ഫാ. ശൈനോ മർക്കോസ് കൊച്ചുമംഗര, സൺഡേ സ്കൂൾ സമാജം കേന്ദ്ര ഭാരവാഹികൾ തുടങ്ങിയർ സമീപം.

ആശംസകൾ



മോർ സേവേറിയോസ് എജ്യുക്കേഷൻ ട്രസ്റ്റിന്റെ എക്സിക്യൂട്ടീവ് ട്രസ്റ്റിയായി നിയമിതനായ ഫാ. ബിബി. ഏബ്രഹാം കിഴക്കേമുറിയിൽ



കേരള കൗൺസിൽ ഓഫ് ചർച്ചസ് (KCC) എഡ്യുക്കേഷൻ കമ്മീഷൻ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട സ്മിജു ജേക്കബ് മറ്റയ്ക്കാട്ട് (പ്രിൻസിപ്പൽ-MSHS, റാന്നി)



കേരള കൗൺസിൽ ഓഫ് ചർച്ചസ് (KCC) കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട റ്റിറ്റിൻ തേവരുമുറിയിൽ



ചിങ്ങവനം ക്നാനായ സമുദായ ആസ്ഥാനമായ മോർ അഫ്രേം സെമിനാരിയിൽ, ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളേജിൽ (UTC) നിന്നുള്ള ഇന്റൻസീവ് ഫീൽഡ് എജ്യുക്കേഷൻ (Intensive Field Education) പ്രോഗ്രാമിന്റെ ഉദ്ഘാടനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് നിർവ്വഹിക്കുന്നു. വികാരി ജനറൽ ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരിൽ, സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ. ബിബിൻ ആൻഡ്രൂസ് കുന്നുംപുറത്ത്, ഫാ. മോനായി ഫിലിപ്പ് കർക്കടകംപള്ളിൽ, ബാംഗ്ലൂർ യു.ടി.സി. പ്രതിനിധികൾ തുടങ്ങിയവർ സമീപം.



ക്നാനായ കോൺഗ്രസ്സ് ചിങ്ങവനം മേഖലയുടെ ആഭിമുഖ്യത്തിൽ പുല്ലരിക്കുന്ന് സെന്റ് ജോർജ് ക്നാനായ കുരിശുപള്ളിയിൽ നടന്ന സൺഡേസ്കൂൾ കുട്ടികൾക്കുള്ള ബൈബിൾ, പുരാതന പാട്ട് പുസ്തകവിതരണ ഉദ്ഘാടനം ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ നിർവ്വഹിച്ചു. വികാരി റവ. ഫാ. ലിബിൻ എബ്രഹാം കന്നാകുഴിയിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സമുദായ ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ മുഖ്യ പ്രഭാഷണം നടത്തി. ക്നാനായ കോൺഗ്രസ്സ് കേന്ദ്ര ജനറൽ സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, മേഖലാ സെക്രട്ടറി ലിൻസോ ഏലിയാസ് ഇളവൻകളം, കേന്ദ്ര ജോ.സെക്രട്ടറി അഡ്വ. മഞ്ചു ഏബ്രഹാം വലിയ പാറയിൽ, മേഖല ജോ. സെക്രട്ടറി ഷിനോ ജോസഫ് കല്ലൂർ തുണ്ടിയിൽ, മേഖല വൈസ് പ്രസിഡന്റ് രൂപേഷ് ബേബി പെരുമ്പള്ളിപറമ്പിൽ, ഇടവക ട്രസ്റ്റി ജോയി തോമസ് കാരയ്ക്കാട്ട് എന്നിവർ പ്രസംഗിച്ചു. ബൈബിൾ, പുരാതന പാട്ട് പുസ്തകം ആദ്യ കോപ്പി സൺഡേ സ്കൂൾ ഹെഡ്മിസ്ട്രസ്സ് ലസാമ്മ ഫിലിപ്പോസ് കല്ലുങ്കൽ ഏറ്റുവാങ്ങി. ഇടവകയ്ക്കുള്ള B.P അപ്പാരറ്റസ് ട്രസ്റ്റി ജോയി തോമസ് കാരയ്ക്കാട്ട് ഏറ്റുവാങ്ങി.



കനാനായദീപം പരസ്യനിരക്ക്

കനാനായദീപം വരിസംഖ്യ

ഒരുവർഷം	- 200
പത്തുവർഷം	- 2000
വിദേശത്തേയ്ക്ക് (ഒരു വർഷം)	- 4000

പരസ്യനിരക്ക്

ഉപകാരസ്മരണ	- 450
പേര് മാത്രം	- 350
മാട്രിമോണിയൽ	- 750

ബ്ലായ്ക്ക്& വൈറ്റ്

എട്ടിലൊന്ന് ബ്ലായ്ക്ക് & വൈറ്റ്	- 1000
കാൽപേജ്	- 2000
അരപേജ്	- 4000
ഫുൾപേജ്	- 6000

കളർ പരസ്യനിരക്ക്

കാൽപേജ്	- 5000
അരപേജ്	- 7500
ഫുൾ പേജ്	- 12000
കവർ ഇൻസൈഡ്	- 15000
ബായ്ക്ക് കവർ	- 17500





Kattuvallil Agape Homestay

Kattuvallil AGAPE Homestay

(A Diamond Homestay approved by Department of Tourism, Govt. of Keralam)
Kompady, Manjadi P.O., Thiruvalla, Keralam - 689 105

4 Bedrooms • 2 Halls • 2 Sitouts
5 Bathrooms • Kitchen • Store
Work Area • Ample Car Parking





OUR SPECIAL ATTRACTIONS

Air Conditioned Bedrooms and Halls,
High Speed Wifi, 24 Hrs. Hot Water,
Water Purifier, Washing Machine & Cable TV



For more information and Booking
www.booking.com
www.keralatourism-where-to-stay
9207677532
Kattuvallil Agape Homestay
Kattuvallil Agape Homestay

SCAN ME





Advt -O



സുനിൽ ഡി. കുരുവിള

ആൾക്കൂട്ടത്തിൽ അലിഞ്ഞുചേരണ്ട... ഉയർന്നു നിൽക്കാം!

Stand Out, Don't Blend In!

"Two roads diverged in a wood,
and I took the one less traveled by,
And that has made all the difference."
- Robert Frost

എല്ലാവരും ചെയ്യുന്നതുകൊണ്ട് നമ്മളും ചെയ്യണോ? തീർച്ചയായും വേണ്ട. മറ്റുള്ളവർ എന്ത് ചെയ്യുന്നു എന്നത് നമ്മുടെ ജീവിതത്തിലെ എല്ലാ തീരുമാനങ്ങൾക്കും മാനദണ്ഡമാകേണ്ടതില്ല. എന്നാൽ എല്ലാവരിൽനിന്നും വ്യത്യസ്തമായി ചിന്തിക്കുമ്പോൾ ഒറ്റപ്പെടുമോ, പരിഹസിക്കപ്പെടുമോ, അംഗീകരിക്കപ്പെടാതിരിക്കുമോ എന്ന ഭയം സ്വഭാവികമാണ്. ഈ സാമൂഹിക സമ്മർദ്ദത്തെ (Social Pressure) അതിജീവിക്കാൻ ചില കാര്യങ്ങൾ പരിശീലിക്കാം. സ്വയം ചോദിക്കേണ്ട മൂന്ന് ചോദ്യങ്ങൾ മറ്റുള്ളവരെ കണ്ട് എന്തെങ്കിലും ചെയ്യാൻ തോന്നുമ്പോൾ ഒരു നിമിഷം നിൽക്കുക.

1. എനിക്ക് ഇത് ശരിക്കും ഇഷ്ടമാണോ?

2. ആരും എന്നെ നിർബന്ധിക്കുന്നില്ലെങ്കിൽ ഞാനിത് തിരഞ്ഞെടുക്കുമോ?

1. ഇത് ചെയ്താൽ എന്റെ മൂല്യങ്ങൾക്കും ഭാവിക്കും ഗുണമോ ദോഷമാണോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയശേഷം തീരുമാനിക്കുക. മറ്റുള്ളവരുടെ അംഗീകാരം നേടാനായിമാത്രം ഒരു കാര്യം ചെയ്യേണ്ടതില്ല. എല്ലാവരെയും സന്തോഷിപ്പിക്കേണ്ട ബാധ്യത ഉപേക്ഷിക്കുക നിങ്ങൾ എത്ര നല്ല രീതിയിൽ ജീവിച്ചാലും എല്ലാവർക്കും നിങ്ങളോട് യോജിക്കാൻ കഴിയില്ല. നിങ്ങൾ ഒരു കാര്യം ചെയ്താൽ ചിലർ വിമർശിച്ചേക്കാം.

ചെയ്യാതിരുന്നാൽ മറ്റു ചിലർ വിമർശിച്ചേക്കാം. എന്നാൽ അതിന്റെ ഫലങ്ങൾ അനുഭവിക്കേണ്ടത് പ്രധാനമായും നിങ്ങളാണ്. അതുകൊണ്ട്, മറ്റുള്ളവരുടെ അഭിപ്രായത്തെ മാനിക്കുക, പക്ഷേ നിങ്ങളുടെ ജീവിതത്തിന്റെ നിയന്ത്രണം അവർക്ക് വിട്ടുകൊടുക്കരുത്. 'വേണ്ട' (No) എന്നു പറയാൻ പരിശീലിക്കുക. എല്ലാ കാര്യങ്ങൾക്കും നീണ്ട വിശദീകരണം നൽകേണ്ടതില്ല. ശാന്തമായും ഉറച്ചും പറയാം. ഉദാഹരണത്തിന്.

"നിങ്ങളുടെ അഭിപ്രായം മനസ്സിലായി. പക്ഷേ എനിക്ക് താൽപര്യമില്ല."

"എല്ലാവരും ചെയ്യുന്നു എന്നതുകൊണ്ട് ഞാനും ചെയ്യണമെന്ന് തോന്നുന്നില്ല."

"ഇത് എനിക്ക് ശരിയാണെന്ന് തോന്നുന്നില്ല. "ഞാൻ ആലോചിച്ചിട്ട് തീരുമാനിക്കാം."

ആദ്യമൊക്കെ ബുദ്ധിമുട്ടായി തോന്നാം. എന്നാൽ അതിരുകൾ നിശ്ചയിക്കുന്നത് സ്വാർത്ഥതയല്ല; ആത്മാഭിമാനത്തിന്റെ ഭാഗമാണ്. മറ്റുള്ളവരുമായി താരതമ്യം ചെയ്യുന്നത്. കുറയ്ക്കുക. സമൂഹ മാധ്യമങ്ങളിലോ സുഹൃത്തുക്കളുടെ ഇടയിലോ കാണുന്ന ജീവിതം കണ്ട് സ്വന്തം ജീവിതത്തെ വിലയിരുത്തരുത്. ഓരോരുത്തരുടെയും സാഹചര്യങ്ങളും ലക്ഷ്യങ്ങളും സാമ്പത്തിക സ്ഥിതിയും കഴിവുകളും വ്യത്യസ്തമാണ്. നിങ്ങളുടെ ഇന്നലെയുമായി ഇന്നിനെ താരതമ്യം ചെയ്യുക; മറ്റൊരാളുടെ ജീവിതവുമായി നിങ്ങളുടെ ജീവിതത്തെ താരതമ്യം ചെയ്യരുത്. ഒറ്റയ്ക്ക് നിൽക്കാനുള്ള ധൈര്യം വളർത്തുക. നിങ്ങളുടെ തീരുമാനത്തോട് എല്ലാവരും യോജിക്കണമെന്നില്ല. അതുകൊണ്ട് നിങ്ങളുടെ തീരുമാനം തെറ്റാകണമെന്നില്ല.

നിങ്ങളുടെ മൂല്യങ്ങൾ വ്യക്തമായി മനസ്സിലാക്കുക. നിങ്ങളെ ബഹുമാനിക്കുന്ന ആളുകളുമായി സൗഹൃദം വളർത്തുക. ചെറിയ കാര്യങ്ങളിൽ സ്വന്തം തീരുമാനങ്ങൾ എടുക്കാൻ തുടങ്ങുക. മറ്റുള്ളവരുടെ വിമർശനം കേട്ടാലും ഉടൻ തീരുമാനം മാറ്റാതിരിക്കുക.

ഓർക്കുക: എല്ലാവരും പോകുന്നവഴിയിലൂടെ പോകുന്നത് എളുപ്പമായിരിക്കാം. എന്നാൽ നിങ്ങൾക്ക് ശരിയെന്ന് തോന്നുന്നവഴി തിരഞ്ഞെടുക്കാൻ ധൈര്യം വേണം. അതേ സമയം, എല്ലാവരും ചെയ്യുന്നതിനെ എതിർക്കുക എന്നതല്ല ലക്ഷ്യം. മറ്റുള്ളവർ ചെയ്യുന്നതിൽ നല്ലതുണ്ടെങ്കിൽ സ്വീകരിക്കാം; നിങ്ങൾക്ക് അനുയോജ്യമല്ലാത്തത് നിരസിക്കാം. മറ്റുള്ളവർ എന്തു വിചാരിക്കും എന്ന ഭയം, ഒറ്റപ്പെടുമോ എന്ന ഭയം, എന്റെ തീരുമാനം തെറ്റാകുമോ എന്ന സംശയം, 'ഇല്ല' എന്നു പറയാനുള്ള ബുദ്ധിമുട്ട് ഒക്കെ വ്യക്തിത്വ വികസന ശ്രമത്തിലൂടെ മാറ്റിയെടുക്കാൻ കഴിയും. "സ്വയം നിയന്ത്രിക്കാനുള്ള കഴിവാണ് ഇന്ന് ഏറ്റവും വലിയ നേതൃഗുണം." കാരണം, മറ്റുള്ളവരെ നയിക്കുന്നതിന് മുമ്പ് സ്വന്തം ചിന്തകളെയും വികാരങ്ങളെയും ആഗ്രഹങ്ങളെയും നിയന്ത്രിക്കാൻ നമുക്ക് കഴിയണം.

ഒരു യഥാർത്ഥ നേതാവ്.

* വികാരങ്ങളെ നിയന്ത്രിക്കുന്നു- ദേഷ്യം വന്നാലും ചിന്തിക്കാതെ പ്രതികരിക്കില്ല.

* സാമൂഹിക സമ്മർദ്ദത്തെ അതിജീവിക്കുന്നു- എല്ലാവരും ചെയ്യുന്നതുകൊണ്ട് മാത്രം ഒരു കാര്യം ചെയ്യില്ല.

* അച്ചടക്കം പാലിക്കുന്നു- താൽക്കാലിക സുഖത്തേക്കാൾ ദീർഘകാല ലക്ഷ്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

* തീരുമാനങ്ങളിൽ ഉറച്ചുനിൽക്കുന്നു - മറ്റുള്ളവരുടെ വിമർശനം കേട്ട് സ്വന്തം മൂല്യങ്ങൾ എളുപ്പത്തിൽ ഉപേക്ഷിക്കില്ല.

* സ്വന്തം തെറ്റുകൾ അംഗീകരിക്കുന്നു - അഹങ്കാരത്തിനു പകരം ആത്മപരിശോധന തിരഞ്ഞെടുക്കുന്നു.

യഥാർത്ഥ സ്വയം നിയന്ത്രണം എന്താണ്? ദേഷ്യം ഒരിക്കലും വരാതിരിക്കുന്നതല്ല സ്വയം നിയന്ത്രണം; ദേഷ്യം വന്നാലും എങ്ങനെ പ്രതികരിക്കണമെന്ന് തീരുമാനിക്കാനുള്ള കഴിവാണ്. ആഗ്രഹങ്ങളില്ലാതിരിക്കുന്നതല്ല സ്വയനിയന്ത്രണം; എല്ലാ ആഗ്രഹങ്ങൾക്കും അടിമപ്പെടാതിരിക്കാനുള്ള കഴിവാണ്. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ അവഗണിക്കുന്നതല്ല സ്വയം നിയന്ത്രണം; അവ കേട്ടശേഷവും വിവേകത്തോടെ സ്വന്തം തീരുമാനമെടുക്കാനുള്ള കഴിവാണ്. ദിവസവും പരിശീലിക്കാവുന്ന 3 കാര്യങ്ങൾ.

1. പ്രതികരിക്കുന്നതിനുമുമ്പ് നിർത്തുക: വികാരാധീനമായ ഒരു സാഹചര്യത്തിൽ പത്ത് സെക്കന്റ് ശാന്തമായി ചിന്തിക്കുക.

2. സ്വന്തം വാക്ക് പാലിക്കുക: ചെറിയൊരു ലക്ഷ്യം നിശ്ചയിച്ച് ദിവസവും പൂർത്തിയാക്കുക.

3. ദിവസാവസാനം ആത്മപരിശോധന നടത്തുക. "ഇന്ന് എന്റെ തീരുമാനങ്ങളെ നയിച്ചത് എന്റെ മൂല്യങ്ങളാണോ, അതോ മറ്റുള്ളവരുടെ സമ്മർദ്ദമാണോ?" എന്ന് സ്വയം ചോദിക്കുക. ഓർക്കുക: സ്വയം ജയിക്കുന്നവന് മാത്രമേ സാഹചര്യങ്ങളെ വിവേകത്തോടെ നേരിടാൻ കഴിയൂ. സ്വന്തം മനസ്സിനെ നയിക്കാൻ കഴിയുന്നവനാണ് മറ്റുള്ളവരെ ഉത്തരവാദിത്തത്തോടെ നയിക്കാൻ കൂടുതൽ പ്രാപ്തനാക്കുന്നത്. നേതൃത്വം അധികാരത്തിൽ തുടങ്ങുന്നില്ല; ആത്മനിയന്ത്രണത്തിലാണ് അതിന്റെ തുടക്കം.

പിയർ പ്രഷറിനെ അതിജീവിക്കാൻ കുട്ടികളെ പരിശീലിപ്പിക്കാം.

വ്യക്തിത്വവും ആത്മവിശ്വാസവും ഉയർത്തിപ്പിടിക്കുന്ന കുട്ടികൾ ലോകത്തിന്റെ പുറകെ അന്ധമായി പോകില്ല; സ്വന്തം മൂല്യങ്ങളും നിലപാടുകളും മുറുകെപ്പിടിച്ച് സ്വന്തം വഴിയിലൂടെ മുന്നേറും. മറ്റുള്ളവരെ അനുകരിക്കാനല്ല, സ്വന്തം വ്യക്തിത്വത്തിൽ അഭിമാനത്തോടെ ജീവിക്കാനാണ് കുട്ടികളെ പഠിപ്പിക്കേണ്ടത്.

ഇന്നത്തെ യുവതലമുറയ്ക്ക് ലക്ഷ്യത്തിലെത്തുക എന്നത് പഠനത്തിലോ ജോലിയിലോ വിജയിക്കുക എന്നിൽ മാത്രം ഒതുങ്ങുന്നില്ല. കൂട്ടുകാരുടെ സമ്മർദ്ദം (Peer Pressure), സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനം, ഉപഭോഗ സംസ്കാരത്തിന്റെ പ്രലോഭനങ്ങൾ എന്നിവയെ അതിജീവിച്ചുവേണം മുന്നേറാൻ.

മറ്റുള്ളവരുമായി നിരന്തരം താരതമ്യം ചെയ്യാനും അവരുടെ ജീവിത ശൈലി അനുകരിക്കാനും പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളിൽ സ്വന്തം ലക്ഷ്യത്തിൽ ഉറച്ചു നിൽക്കുക എളുപ്പമല്ല. അതുകൊണ്ട് കുട്ടികളിലും യുവാക്കളിലും വളർത്തേണ്ടതുണ്ട് കേവലം അറിവല്ല; സ്വതന്ത്രമായി ചിന്തിക്കാനുള്ള കഴിവ്, ആത്മവിശ്വാസം, വിവേചനബുദ്ധി, 'വേണ്ട' എന്നു പറയാനുള്ള ആർജ്ജവം, ലക്ഷ്യബോധം എന്നിവ കൂടിയാണ്.

ഓർക്കുക: ലോകത്തിന്റെ പിന്നാലെ അന്ധമായി ഓടുന്നവരല്ല, സ്വന്തം ലക്ഷ്യം തിരിച്ചറിഞ്ഞ് പ്രലോഭനങ്ങളെ അതിജീവിച്ച് മുന്നേറുന്നവരാണ് യഥാർത്ഥത്തിൽ വിജയിക്കുന്നത്. കുട്ടികളെ ചെറുപ്പം മുതൽ സ്വന്തം തീരുമാനങ്ങൾ എടുക്കാനും അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാനും പരിശീലിപ്പിക്കാം. അങ്ങനെ അവർ കൂട്ടത്തിന്റെ ഒഴുക്കിൽപ്പെട്ട് ദിശതെറ്റാതെ സ്വന്തം വഴിയിലൂടെ മുന്നേറട്ടെ.

സ്വന്തം അഭിപ്രായമുള്ളവരെയും ചോദ്യം ചേദിക്കുന്നവരെയും വിമർശിക്കുന്നവരെയും നമുക്ക് ഇഷ്ടമാണോ?

എല്ലായ്പ്പോഴും നമുക്ക് അവരെ ഇഷ്ടമാകണമെന്നില്ല, അല്ലേ?

സ്വന്തം അഭിപ്രായം തുറന്നു പറയുന്നവരും ചോദ്യങ്ങൾ ചോദിക്കുന്നവരും വിമർശിക്കുന്നവരും പലപ്പോഴും നമുക്ക് അസ്വസ്ഥതയുണ്ടാക്കാറുണ്ട്. കാരണം, അവരുടെ ചോദ്യങ്ങൾ നമ്മുടെ വിശ്വാസങ്ങളെയും തീരുമാനങ്ങളെയും അധികാരത്തെയും ചോദ്യം ചെയ്തേക്കാം. എന്നാൽ, നമ്മളോട് യോജിക്കുന്നവരെ മാത്രം ഇഷ്ടപ്പെടുകയും വിയോജിക്കുന്നവരെ അകറ്റി നിർത്തുകയും ചെയ്താൽ ചിന്തയുടെ വളർച്ച അവിടെ അവസാനിക്കും.

* ചോദ്യം ചോദിക്കുന്നവർ പുതിയ അറിവിലേയ്ക്കുള്ള വാതിലുകൾ തുറക്കുന്നു.

* വിമർശിക്കുന്നവർ നമ്മുടെ കുറവുകൾ തിരിച്ചറിയാൻ സഹായിച്ചേക്കാം.

* വ്യത്യസ്ത അഭിപ്രായമുള്ളവർ കാര്യങ്ങളെ മറ്റൊരു കാഴ്ചപ്പാടിലൂടെ കാണാൻ നമ്മെ പഠിപ്പിക്കുന്നു. തീർച്ചയായും, എല്ലാ വിമർശനങ്ങളും ശരിയാകണമെന്നില്ല; എല്ലാ വിയോജിപ്പുകളും മാന്യമായിരിക്കണമെന്നുമില്ല. വിമർശനത്തിന്റെ ഉള്ളടക്കവും അത് അവതരിപ്പിക്കുന്ന രീതിയും പ്രധാനമാണ്.

കുട്ടികളിലും യുവാക്കളിലും സ്വതന്ത്രചിന്ത വളർത്തണമെന്ന് ആഗ്രഹിക്കുന്ന നാം, അവരുടെ ചോദ്യങ്ങളും വിയോജിപ്പുകളെയും എത്രത്തോളം ക്ഷമയോടെ സ്വീകരിക്കുന്നുണ്ട് എന്നതും ചിന്തിക്കണം.

നമ്മളോട് യോജിക്കുന്നവരെ സ്വീകരിക്കുക എളുപ്പമാണ്; നമ്മളോട് വിയോജിക്കുന്നവരെ കേൾക്കാനുള്ള മനസ്സാണ് യഥാർത്ഥ പക്വത.

ഒരു ചോദ്യം കൂടി: നമ്മുടെ കുട്ടികൾ നമ്മളെ ചോദ്യം ചെയ്യുമ്പോൾ നാം അവരെ ചിന്തിക്കാൻ പ്രേരിപ്പിക്കുകയാണോ, അതോ അന്ധമായി അനുസരിക്കാൻ മാത്രം പഠിപ്പിക്കുകയാണോ?

(സുനിൽ ഡി. കുരുവിള പ്രമുഖ കരിയർ, പാരന്റിഗ് കൗൺസിലറും അദ്ധ്യാപക പരിശീലകനുമാണ്. മാനവവിഭവശേഷി വികസന രംഗത്ത് പ്രവർത്തിക്കുന്ന ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ കൂടിയാണ് അദ്ദേഹം.
Email: Sunil_kuruvilla@rediffmail.com.
സെൽ ഫോൺ നമ്പർ +91 9656144712 / 9847400712. കൂടുതൽ പേരന്റിംഗ് ഗൈഡൻസ് 'Sunil Kuruvilla' എന്ന യുട്യൂബിലും കാണാം)

നിഖ്യാ വിശ്വാസപ്രമാണം: സഭാവളർച്ചയിലെയും ദൈവശാസ്ത്രത്തിലെയും നിർണ്ണായക നാഴികക്കല്ല്

ഫാ. ജേക്കബ് കല്ലുകുളം (വൈദികയോഗം സെക്രട്ടറി)

ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ സത്യങ്ങളെ കോർത്തിണക്കി തയ്യാറാക്കിയ ഏറ്റവും പ്രധാനപ്പെട്ട ഔദ്യോഗിക വിശ്വാസപ്രഖ്യാപനമാണ് *നിഖ്യാ വിശ്വാസപ്രമാണം (Nicene Creed)* നാലാം നൂറ്റാണ്ടിൽ ക്രൈസ്തവ സഭ നേരിട്ട വലിയ ദൈവശാസ്ത്ര തർക്കങ്ങൾക്കും അബദ്ധ ബോധങ്ങൾക്കും പരിഹാരമായാണ് ഇത് രൂപീകരിക്കപ്പെട്ടത്. ലോകമെമ്പാടുമുള്ള പ്രൊട്ടസ്റ്റന്റ്, കത്തോലിക്ക, ഓർത്തഡോക്സ് സഭകൾ ഒരുപോലെ അംഗീകരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന സാർവത്രിക വിശ്വാസപ്രമാണമാണിത്.

1. ചരിത്ര പശ്ചാത്തലം

എ.ഡി. നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഈജിപ്തിലെ അലക്സാണ്ട്രിയയിലുള്ള "അറിയൂസ് (Arius) എന്ന വൈദികൻ ഒരു പുതിയ പ്രബോധനം ഉയർത്തിക്കൊണ്ടുവന്നു. "പിതാവായ ദൈവം മാത്രമാണ് അനാദിയായ ദൈവം; പുത്രനായ യേശുക്രിസ്തു ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനാണ്, അതിനാൽ പുത്രന് ആരംഭമുണ്ട്." എന്നതായിരുന്നു അറിയൂസിന്റെ വാദം (ആരിയനിസം).

ഈ പ്രബോധനം സഭയിൽ വലിയ വിഭജനവും തർക്കങ്ങളും ഉണ്ടാക്കി. തുടർന്ന്, റോമാ സാമ്രാജ്യത്തിലെ സമാധാനവും സഭയിലെ ഐക്യവും നിലനിർത്തുന്നതിനായി "കോൺസ്റ്റന്റൈൻ ചക്രവർത്തി (Emperer Constantine) "എ.ഡി. 325-ൽ ഇന്നത്തെ തുർക്കിയിലുള്ള" നിഖ്യാ (Nicaea) എന്ന സ്ഥലത്ത് സഭാപിതാക്കന്മാരുടെ ഒരു സാർവത്രിക സുന്നഹദോസ് (Council) വിളിച്ചു ചേർത്തു.

2. നിഖ്യാ സുന്നഹദോസും വിശ്വാസ പ്രമാണത്തിന്റെ രൂപീകരണവും

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഏകദേശം 318 ബിഷപ്പുമാർ ഈ സുന്നഹദോസിൽ പങ്കെടുത്തു. അലക്സാണ്ട്രിയയിലെ അത്താനാസിയോസ് (Athanasius) തുടങ്ങിയ ദൈവശാസ്ത്രജ്ഞർ ആരിയൂസിന്റെ വാദങ്ങളെ വേദപുസ്തകാടിസ്ഥാനത്തിൽ ചെറുത്തു തോൽപ്പിച്ചു.

"ഹോമോഉസിയോസ് (Homoousios)." പുത്രനായ യേശുക്രിസ്തു പിതാവായ ദൈവത്തോട് "ഏക സ്വഭാവമുള്ളവൻ/ ഏകസത്തയുള്ളവൻ" (Consubstantial/ of the same substance) സുന്നഹദോസ് പ്രഖ്യാപിച്ചു. 'ഈ സത്യം വ്യക്തമാക്കിക്കൊണ്ട് എ.ഡി. 325 ൽ ആദ്യ നിഖ്യാ വിശ്വാസപ്രമാണം തയ്യാറാക്കപ്പെട്ടു.

പിന്നീട് എ.ഡി. 381-ൽ നടന്ന "കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസിൽ" വച്ച് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സത്യങ്ങൾകൂടി കൂട്ടിച്ചേർത്ത് ഈ വിശ്വാസപ്രമാണം പൂർണ്ണരൂപത്തിലാക്കി. അതിനാൽ ഇതിനെ "നിഖ്യയോ-കോൺസ്റ്റാന്റിനോപോളിറ്റൻ വിശ്വാസപ്രമാണം" എന്നും വിളിക്കാറുണ്ട്.

3. നിഖ്യാ വിശ്വാസപ്രമാണത്തിലെ പ്രധാനപഠനങ്ങൾ

നിഖ്യാ വിശ്വാസപ്രമാണം ത്രിത്വദൈവത്തെക്കുറിച്ചുള്ള (Holy Trinity) കേന്ദ്രീകൃതമായ സത്യങ്ങളാണ് വ്യക്തമാക്കുന്നത്.

(a) **പിതാവായ ദൈവം**

'സർവ്വശക്തനും ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സൃഷ്ടാവുമായ ഏക ദൈവത്തിൽ വിശ്വസിക്കുന്നു.

(b) **പുത്രനായ യേശുക്രിസ്തു**

യേശുക്രിസ്തു ദൈവത്തിന്റെ ഏകജാതനായ പുത്രനാണ്.

അവൻ സൃഷ്ടിക്കപ്പെട്ടവനല്ല. പിതാവിൽനിന്ന് ജനിച്ചവനാണ്; ദൈവത്തിൽ നിന്നുള്ള ദൈവവും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവുമാണ്.

മനുഷ്യരുടെ രക്ഷയ്ക്കായി അവൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി, പരിശുദ്ധാത്മാവിനാലും കന്യകമറിയത്തിലും നിന്ന് ശരീരമെടുത്ത് മനുഷ്യനായി അവതരിപ്പിച്ചു.

പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ കുരിശിലേറ്റപ്പെട്ട്, മരിച്ചു, അടക്കപ്പെട്ടു; തിരുവെഴുത്തുകളിൽ ഉള്ളതുപോലെ മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു.

'അവൻ ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ തേജസ്സോടെ വീണ്ടും വരും.

(c) **പരിശുദ്ധാത്മാവ്**

ജീവനെ നൽകുന്നവനും പിതാവിൽനിന്ന് പുറപ്പെടുന്നവനുമായ പരിശുദ്ധാത്മാവിൽ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും ഒപ്പം ആരാധിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്നു.

(d) **സഭയും സ്നാനവും**

ഏകവും വിശുദ്ധവും സാർവത്രികവും അപ്പോസ്തോലികവുമായ സഭയിൽ വിശ്വസിക്കുന്നു.

പാപമോചനത്തിനായുള്ള ഏക സ്നാനത്തെയും മരിച്ചവരുടെ ഉയിർപ്പിനെയും വരുവാനിരിക്കുന്ന ലോകത്തിലെ നിത്യജീവനെയും പ്രത്യാശിക്കുന്നു.

4. നിഖ്യാവിശ്വാസപ്രമാണത്തിന്റെ പ്രസക്തിയും പ്രാധാന്യവും

1."ദുരുപദേശങ്ങൾക്കെതിരെയുള്ള കോട്ട." യേശുക്രിസ്തുവിന്റെ ദൈവത്വത്തെയും ത്രിത്വസത്യത്തെയും നിഷേധിക്കുന്ന തത്ത്വചിന്തകൾക്കെതിരെ സത്യവിശ്വാസത്തെ സംരക്ഷിക്കാൻ ഇത് സഹായിച്ചു.

2. "സഭാ ഐക്യം." നൂറ്റാണ്ടുകളായി വിവിധ ഭാഷകളിലും സംസ്കാരങ്ങളിലുമുള്ള ക്രൈസ്തവരെ ഒരേ വിശ്വാസത്തിൽ കോർത്തിണക്കുന്ന കണ്ണിയായി ഇത് നിലകൊള്ളുന്നു.

3. "ആരാധനയിലെ സ്ഥാനം." വി. കുർബ്ബാന/വിശ്വാസ ആരാധനകളിൽ സഭാംഗങ്ങൾ ഒന്നിച്ച് വിശ്വാസം പ്രഖ്യാപിക്കുന്നതിനായി ഇന്ന് ലോകമെമ്പാടും ഇത് ചൊല്ലിവരുന്നു.

ഉപസംഹാരം

നിഖ്യാ വിശ്വാസപ്രമാണം കേവലം ഒരു ചരിത്രരേഖയോ വാക്കുകളുടെ കൂട്ടമോ അല്ല. അത് ക്രിസ്തീയ സഭയുടെ ജീവസ്സുറ്റ വിശ്വാസത്തിന്റെ പ്രഖ്യാപനമാണ്. യേശുക്രിസ്തു ആരാണെന്നും അവിടുത്തെ രക്ഷാകര പ്രവർത്തനം എന്താണെന്നും തെറ്റുകൂടാതെ പഠിക്കാനും തലമുറകളിലേക്ക് പകർന്നു നൽകാനും നിഖ്യാവിശ്വാസ പ്രമാണം നമ്മെ സഹായിക്കുന്നു.

നിന്റെ കണ്ണുനീരിന് ഒരു കാവൽക്കാരനുണ്ട്

Seema Shinto Kanniyel, Ranni

ജീവിതം ഒരു ചെറിയ പുഴപോലെ ശാന്തമായി മുന്നോട്ടൊഴുകി നീങ്ങിക്കൊണ്ടിരിക്കണമെന്നില്ല. മറിച്ച്, ചിലപ്പോൾ അത് ഒരു കടൽപോലെ പ്രക്ഷുബ്ധമാകുന്നു. തിരമാലകൾ ആഞ്ഞടിക്കുന്നതുപോലെയുള്ള പ്രശ്നങ്ങൾ ചിലപ്പോൾ നമ്മുടെ ജീവിതത്തിന്റെ താളം തന്നെ തെറ്റിച്ചുകളയുന്നു. എന്നാൽ ദൈവകൃപയാൽ ഇന്ന് നാം ആ കൊടുങ്കാറ്റുകളെയെല്ലാം അതിജീവിച്ച് ജീവിതവുമായി മുന്നോട്ടു പോകുമ്പോൾ, ആരും കേൾക്കാതെ നാം അടക്കിപ്പിടിച്ച തേങ്ങലുകളും, ഹൃദയത്തിൽ ഒതുക്കിവെച്ച ഗദ്ഗദങ്ങളും, നിശ്ശബ്ദമായി പൊഴിച്ച കണ്ണുനീർത്തുള്ളികളും മാത്രം നമ്മുടെ ഉള്ളിൽ ബാക്കിയായേക്കാം. പക്ഷേ, ബൈബിൾ നമുക്ക് വളരെ ആശ്വാസകരമായ ഒരു സന്ദേശം നൽകുന്നുണ്ട്. എന്റെ അലച്ചിൽ നീ എണ്ണിയിരിക്കുന്നു. എന്റെ കണ്ണുനീർ നിന്റെ തുരുത്തിയിൽ വെച്ചിരിക്കുന്നു. അവ നിന്റെ പുസ്തകത്തിൽ ഇല്ലയോ?.. (സങ്കീ. 56:8). അതിന്റെ അർത്ഥമെന്താണ്? നമ്മൾ ആരോടും പറയാതെ കരഞ്ഞ ഓരോ നിമിഷവും ദൈവം കണ്ടിട്ടുണ്ട്. ആരും കേൾക്കാതെ നമ്മുടെ ഹൃദയം തകർന്നപ്പോൾ ദൈവം കേട്ടിട്ടുണ്ട്. ആരും ശ്രദ്ധിക്കാതെ കണ്ണിൽ നിന്ന് വീണ ഓരോ കണ്ണുനീർത്തുള്ളിയും ദൈവത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നമ്മുടെ കണ്ണുനീർ ഒരിക്കലും പാഴാകുന്നില്ല. നമ്മൾ മറന്നുപോയ വേദനകൾ പോലും മറക്കുന്നില്ല. നാം ഒറ്റയ്ക്കിരുന്ന് കരഞ്ഞ രാത്രികളും, ആരോടും പറയാൻ കഴിയാതെ ഹൃദയത്തിൽ സൂക്ഷിച്ച വേദനകളും, ചിരിച്ചുകൊണ്ട് മറച്ചു വെച്ച മുറിവുകളും എല്ലാം ദൈവത്തിന് അറിയാം. അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ പറയുന്നത്. "എന്റെ കണ്ണുനീർ നിന്റെ തുരുത്തിയിൽ വെച്ചിരിക്കുന്നു." എത്ര മനോഹരമായ ആശ്വാസമാണത്!

നമ്മുടെ കണ്ണുനീർ ദൈവത്തിന് വിലപ്പെട്ടതാണ്. നമുക്ക് മറുപടി ലഭിക്കാത്തതുപോലെ തോന്നിയ പ്രാർത്ഥനകൾക്കും ദൈവത്തിന്റെ മുമ്പിൽ ഒരു ഓർമ്മയുണ്ട്. ഒരു പക്ഷേ, "ഞാൻ ഇത്രയും കരഞ്ഞിട്ടും എന്തുകൊണ്ട് ഒന്നും മാറിയില്ല?" എന്ന് നാം ചിന്തിച്ചിട്ടുണ്ടാകാം. എന്നാൽ ദൈവം പറയുന്നത്: "നിന്റെ കണ്ണുനീർ ഞാൻ കണ്ടിട്ടുണ്ട്. നിന്റെ വേദന ഞാൻ അറിഞ്ഞിട്ടുണ്ട്. നീ ആരോടും പറയാതെ സഹിച്ചതെല്ലാം എനിക്ക് അറിയാം." ഇന്ന് നാം അതിജീവിച്ച ഓരോ കൊടുങ്കാറ്റിനും പിന്നിൽ ദൈവകൃപയുണ്ട്. ഒരിക്കൽ നമ്മെ തകർത്തുകളയുമെന്നു തോന്നിയ പ്രശ്നങ്ങൾ ഇന്ന് നമ്മുടെ പിന്നിലാണ്. ഒരിക്കൽ അവസാനമെന്ന് തോന്നിയ രാത്രികൾ ഇന്ന് ഒരു ഓർമ്മ മാത്രമാണ്. അതുകൊണ്ട്, നീ പൊഴിച്ച കണ്ണുനീർ വെറുതെയായിരുന്നില്ല. ദൈവം അതിനെ മറന്നിട്ടില്ല. നിന്റെ കണ്ണുനീരിന് പകരം അവൻ സന്തോഷം നൽകും. നിന്റെ അപമാനത്തിന് പകരം ബഹുമാനം നൽകും. നിന്റെ നഷ്ടത്തിന് പകരം പുനഃസ്ഥാപനം നൽകും. നിന്റെ ദുഃഖത്തിന് പകരം ആനന്ദം നൽകും. കാരണം, നമ്മൾ എണ്ണാത്ത കണ്ണുനീർത്തുള്ളികൾ പോലും ദൈവം എണ്ണിയിരിക്കുന്നു. ഇന്ന് നിന്റെ കണ്ണുകൾ വരണ്ടിരിക്കാം, പക്ഷേ നിന്റെ ഭൂതകാലത്തിലെ കണ്ണുനീർ ദൈവത്തിന്റെ മുമ്പിൽ മറഞ്ഞിട്ടില്ല. നിന്റെ വേദനയ്ക്ക് ഒരു സാക്ഷിയുണ്ട്. നിന്റെ കണ്ണുനീരിന് ഒരു കാവൽക്കാരനുണ്ട്. നിന്റെ പ്രാർത്ഥനയ്ക്ക് ഒരു ദൈവമുണ്ട്. അതുകൊണ്ട് പ്രത്യാശ കൈവിടരുത്.

നിന്റെ ഇന്നത്തെ കണ്ണുനീർ നിന്റെ ജീവിതത്തിന്റെ അവസാന അദ്ധ്യായമല്ല. ദൈവം എഴുതാനിരിക്കുന്ന അടുത്ത അദ്ധ്യായത്തിൽ അതിന് ഒരു അർത്ഥമുണ്ടാകും.

"നീ എന്റെ കണ്ണുനീർ നിന്റെ തുരുത്തിയിൽ വെച്ചിരിക്കുന്നു." (സങ്കീ. 56:8).

യോഹ. 11:35 "യേശു നിൽക്കുന്നുവെന്ന് നമ്മെ കാണിച്ചുതരുന്നു.

ലാസർ, മറിയയുടെയും മാർത്തയുടെയും സഹോദരനായിരുന്നു. അവർ യേശുവിനെ വളരെ സ്നേഹിച്ചിരുന്നു. എന്നാൽ ഒരു ദിവസം ലാസർ ഗുരുതരമായി രോഗബാധിതനായി. മറിയയും മാർത്തയും യേശുവിനെ അറിയിച്ചെങ്കിലും, യേശു എത്തിയപ്പോഴും ലാസർ മരിച്ചിട്ട് നാലു ദിവസം കഴിഞ്ഞിരുന്നു. ലാസർ മരിച്ചപ്പോൾ അവന്റെ കുടുംബവും സുഹൃത്തുക്കളും വലിയ ദുഃഖത്തിലായിരുന്നു. വീട്ടിൽ ആശ്വാസവാക്കുകളേക്കാൾ കണ്ണുനീരായിരുന്നു. യേശു എത്തിയതായി മറിയ അറിഞ്ഞപ്പോൾ അവൾ ഉടൻ അവന്റെ അടുക്കൽ ചെന്നു. അവൾ യേശുവിന്റെ കാൽക്കൽ വീണുകൊണ്ട് പറഞ്ഞു.

"കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു." അവളുടെ വാക്കുകളിൽ വിശ്വാസവും അതോടൊപ്പം വലിയ വേദനയും ഉണ്ടായിരുന്നു. മറിയ കരയുന്നത് യേശു കണ്ടു. അവളോടൊപ്പം വന്നിരുന്ന യെഹൂദന്മാരും കരയുന്നത് യേശു കണ്ടു. അപ്പോൾ യേശുവിന്റെ ഹൃദയവും വേദനിച്ചു. ബൈബിൾ പറയുന്നു "യേശു കണ്ണുനീർ വാർത്തു." എന്നാൽ അതിനുള്ളിൽ എത്ര വലിയ സ്നേഹമുണ്ട്.!

ലാസറിനെ ഉയിർപ്പിക്കാൻ കഴിയുമെന്ന് യേശുവിന് അറിയാമായിരുന്നു. കുറച്ച് സമയത്തിനകം ആ കല്ലറയ്ക്കുള്ളിൽ നിന്ന് ലാസർ പുറത്തു വരുമെന്നും അവന് അറിയാമായിരുന്നു. എങ്കിലും, മറ്റുള്ളവർ കരയുന്നത് കണ്ടപ്പോൾ യേശു അവരുടെ വേദനയെ അവഗണിച്ചില്ല.

അവൻ അവരോടൊപ്പം കരഞ്ഞു. അവരുടെ വേദന മനസ്സിലായി. അവരുടെ കണ്ണുനീർ അവന് വിലപ്പെട്ടതായിരുന്നു.

പിന്നീട് യേശു ലാസറിന്റെ കല്ലറയ്ക്കരികിലെത്തി. കല്ല് മാറ്റാൻ ആവശ്യപ്പെട്ടു. തുടർന്ന് അവൻ പിതാവിനോട് പ്രാർത്ഥിച്ചു. ശേഷം യേശു ഉച്ചത്തിൽ വിളിച്ചു. "ലാസറേ, പുറത്തു വരിക!'' മരിച്ചിരുന്ന ലാസർ പുറത്തുവന്നു. അങ്ങനെ" കണ്ണുനീർ നിറഞ്ഞിരുന്ന ആ സ്ഥലം അത്ഭുതത്തിന്റെ സ്ഥലമായി മാറി.

നീ ആരും കാണാതെ കരഞ്ഞ കണ്ണുനീർപോലും ദൈവം കണ്ടിട്ടുണ്ട്. നീ വാക്കുകളാക്കാതെ സൂക്ഷിച്ച വേദന ദൈവം അറിഞ്ഞിട്ടുണ്ട്. ലാസറിന്റെ കല്ലറയ്ക്കരികിൽ യേശു കണ്ണു

നീർ വാർത്തതുപോലെ, നിന്റെ കണ്ണുനീരിനരികിലും അവൻ നിൽക്കുന്നു. അതുകൊണ്ട് നിന്റെ കണ്ണുനീർ നിന്റെ കഥയുടെ അവസാനമല്ല. ഒരു പക്ഷേ. അതേ കണ്ണുനീർ നിറഞ്ഞ സ്ഥലത്താണ് ദൈവം നിന്റെ അടുത്ത സാക്ഷ്യം ഒരുക്കുന്നത്.

സങ്കീ.126 കണ്ണുനീരോടെ വിതയ്ക്കുന്നവർ സന്തോഷത്തോടെ കൊയ്യും. വിതയ്ക്കേണ്ട വിത്തുമായി കരഞ്ഞുകൊണ്ടു പുറപ്പെടുന്നവൻ കറ്റകളുമായി സന്തോഷത്തോടെ മടങ്ങി വരും. ജീവിതത്തിൽ ചില കാലങ്ങൾ കണ്ണുനീരിന്റെയും വേദനയുടെയും നിരാശയുടെയും ആയിരിക്കാം. നമ്മുടെ ഹൃദയത്തിലെ വേദനകൾ ആരും മനസ്സിലാക്കാതെ വരാം. എത്ര പ്രാർത്ഥിച്ചിട്ടും മറുപടി ലഭിക്കാത്തതുപോലെ തോന്നാം. നാം ചെയ്യുന്ന നന്മകൾക്ക് ഫലം ലഭിക്കുന്നില്ലെന്നും നമ്മുടെ കഷ്ടപ്പാടുകൾ വെറുതെയാകുന്നുവെന്നും തോന്നിയേക്കാം. എന്നാൽ ഈ വചനം നമ്മെ പഠിപ്പിക്കുന്നത് ഒരു വലിയ സത്യമാണ്. ഇന്ന് കണ്ണീരോടെ വിതയ്ക്കുന്ന വിത്തുകൾ സന്തോഷത്തിന്റെ കൊയ്ത്തായി മാറിയേക്കാം.

ഈ വചനത്തിൽ നമുക്ക് പഠിക്കാവുന്ന മൂന്ന് കാര്യങ്ങൾ

1. കണ്ണുനീർ നമ്മുടെ അവസാനമല്ല.

ഇന്ന് നാം കരയുന്നു എന്നതുകൊണ്ട് നാളെയും കരയേണ്ടി വരുമെന്ന് അർത്ഥമില്ല. ഇന്നത്തെ വേദന നമ്മുടെ ജീവിതത്തിന്റെ അവസാന അദ്ധ്യായമല്ല. കണ്ണുനീരിന്റെ രാത്രിക്കുശേഷം, സന്തോഷത്തിന്റെ പ്രഭാതം വരാം.

2. വേദനയിലും വിതയ്ക്കുന്നത് നിർത്തരുത്

പ്രതികൂല സാഹചര്യങ്ങളിലും നന്മ ചെയ്യുക, പ്രാർത്ഥിക്കുക, വിശ്വസ്തരായി നിലകൊള്ളുക, പ്രതീക്ഷ കൈവിടാതിരിക്കുക. വിതയ്ക്കുന്ന സമയത്ത് ഫലം കാണാനാകാത്തതുകൊണ്ട് വിത്ത് വെറുതെയാകുന്നില്ല.

3. ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുക

നമ്മൾ ആഗ്രഹിക്കുന്ന സമയത്ത് എല്ലാ കാര്യങ്ങളും നടക്കണമെന്നില്ല. എന്നാൽ കാത്തിരിപ്പിന്റെ കാലം അർത്ഥശൂന്യമാണെന്ന് കരുതരുത്. ഈ വചനം ദുഃഖത്തിനിടയിലും പ്രത്യാശയോടെ മുന്നോട്ടു പോകാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു. ദൈവം നമ്മോടുകൂടെയുണ്ട്. നമുക്ക് പ്രത്യാശയോടെ മുന്നോട്ട് പോകാം.

ശുശ്രൂഷകനെ ആവശ്യമുണ്ട്

വള്ളംകുളം സെന്റ് മേരീസ് ബെഥേൽ പള്ളിയിലേക്ക് ഒരു പ്രധാന ശുശ്രൂഷകനെ ആവശ്യമുണ്ട്. ശുശ്രൂഷ നടത്തുവാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറുകളിൽ ബന്ധപ്പെടുക.

വികാരി - 9446981980
ട്രസ്റ്റി - 8078153470
സെക്രട്ടറി - 8730962833

House Plots for Sale

Dream Valley, Saippukavala
Chingavanam
1 KM from M.C. Road
Tel. 9744881237
Email: kelachandra@gmail.com
WhatsApp: +447768131314

NAZARETH COLLEGE OF PHARMACY, OTHERA, THIRUVALLA


Applications are invited from qualified and experienced candidates for the post of principal.

Eligibility Criteria:
Qualification: M.Pharm with Ph.D. in Pharmacy
Experience: Minimum 15 years of relevant professional
experience. Please send your CV on or before 20/11/2026.
Mail Id : sunnyek58@gmail.com
Contact: 9495237292 / 8547016938 / 9496427212



ക്നാനായ വനിതാസമാജം ചിങ്ങവനം മേഖലാതല കലാമത്സരങ്ങൾ സെന്റ് ജോൺസ് ദയറാ പള്ളിയിൽ 30-10-2026 വെള്ളി 10 am ന് മേഖലാ പ്രസിഡന്റ് ഫാ.ജേക്കബ് കല്ലുകുളം ഉദ്ഘാടനം ചെയ്യുന്നു. Fr.MettoVettipparampil, Fr.Jikku Cheripparampil, Fr.Abin Velikkakath,Sr. Mariya, Sini Reji koorkkakalayil, Beena Koyiththara, L.C.Raju kochidasseril,Reji Biju, MiniJoy, എന്നിവർ സമീപം.

ഏവൻഗേലിയോൻ ദീപം



ഫാ. സിജോ സ്കറിയ, മംഗലത്ത്

മാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ (22-11-2026) ലൂക്കാ 1:26-38

മനുഷ്യചരിത്രത്തിലെ ഏറ്റവും മഹത്തായ ദൈവിക സന്ദേശങ്ങളിലൊന്നാണ് ഗബ്രിയേൽ മാലാഖ പരിശുദ്ധ മറിയത്തിന് നൽകിയ അറിയിപ്പ്. നസ്രത്തിലെ എളിയ ഗ്രാമത്തിൽ ജീവിച്ചിരുന്ന മറിയത്തിന്റെ അടുക്കലേക്ക് ദൈവം തന്റെ ദൂതനെ അയക്കുന്നു. ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തു മറിയത്തിലൂടെ മനുഷ്യനായി ജനിക്കുമെന്ന ദൈവിക പദ്ധതിയുടെ ആരംഭമായിരുന്നു ഈ അറിയിപ്പ്.

1. ദൈവത്തിന്റെ തിരഞ്ഞെടുപ്പ്- എളിമയുടെ മഹത്വം

ദൈവം മറിയത്തെ തിരഞ്ഞെടുക്കുന്നത് അവളുടെ സമ്പത്തോ സാമൂഹികപദവിയോ പ്രശസ്തിയോ കണ്ടിട്ടല്ല, മറിച്ച് ദൈവഹിതത്തിന് തുറന്നു കൊടുത്ത അവളുടെ ഹൃദയത്തെയാണ്. ദൈവം പലപ്പോഴും ലോകം വലിയവരായി കാണുന്നവരെയല്ല, മറിച്ച് എളിമയോടും വിശ്വാസത്തോടും കൂടി തന്നെ സ്വീകരിക്കുന്നവരെയാണ് തന്റെ പദ്ധതികൾക്കായി തെരഞ്ഞെടുക്കുന്നത്. നമ്മുടെ ജീവിതത്തിലും ദൈവത്തിന്റെ വിളി തിരിച്ചറിയാൻ എളിമയുള്ള ഹൃദയം ആവശ്യമാണ്.

2.**"കൃപ നിറഞ്ഞവളെ നിനക്ക് സമാധാനം" -ദൈവകൃപയുടെ അനുഭവം**

മാലാഖയുടെ അഭിവാദ്യം മറിയത്തിന് ലഭിച്ച ദൈവകൃപയുടെ അടയാളമാണ്. ദൈവത്തിന്റെ സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിൽ ഭയത്തെ പ്രത്യാശയാക്കി മാറ്റുന്നു. ജീവിതത്തിലെ പ്രതിസന്ധികളും അനിശ്ചിതത്വങ്ങളും നമ്മെ അലട്ടുമ്പോഴും ദൈവകൃപ നമ്മോടൊപ്പമുണ്ടെന്ന ബോധ്യം നമുക്ക് ധൈര്യം നൽകുന്നു. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് പ്രതിസന്ധികൾക്കിടയിലും പ്രത്യാശയോടെ മുന്നോട്ടു പോകാൻ കഴിയും.

3.**മറിയത്തിന്റെ ചോദ്യം-വിശ്വാസവും ദൈവിക രഹസ്യവും**

"ഇത് എങ്ങനെ സംഭവിക്കും"എന്ന മറിയത്തിന്റെ ചോദ്യം അവളുടെ അവിശ്വാസത്തിന്റെ അടയാളമല്ല, മറിച്ച് ദൈവിക പദ്ധതിയെ മനസ്സിലാക്കാനുള്ള ആഗ്രഹമാണ്. വിശ്വാസം എന്നത് എല്ലാ കാര്യങ്ങളും പൂർണ്ണമായി മനസ്സിലാക്കിയ ശേഷം ദൈവത്തെ സ്വീകരിക്കുന്നതല്ല. എല്ലാം വ്യക്തമായില്ലെങ്കിലും ദൈവത്തിൽ ആശ്രയിക്കുവാൻ തയ്യാറാകുന്നതാണ് യഥാർത്ഥ വിശ്വാസം. നമ്മുടെ ജീവിതത്തിലും ചില ചോദ്യങ്ങൾക്ക് ഉടനടി ഉത്തരങ്ങൾ ലഭിച്ചെന്നു വരില്ല. എങ്കിലും ദൈവത്തിന്റെ ജ്ഞാനത്തിലും സമയത്തിലും വിശ്വസിക്കാൻ നമുക്ക് കഴിയണം.

4. നീ ഭയപ്പെടേണ്ട-ദൈവ സാന്നിദ്ധ്യത്തിന്റെ ഉറപ്പ്

മറിയത്തിന്റെ ജീവിതത്തെ മാറ്റി മറിക്കുന്ന ഒരു ദൈവിക ദൗത്യമാണ് അവൾക്ക് ലഭിച്ചത്. അതോടൊപ്പം സമൂഹിക മായ വെല്ലുവിളികളും വ്യക്തിപരമായ ആശങ്കകളും ഉണ്ടായിരിക്കാം. എന്നാൽ ദൈവം അവളെ തന്റെ കൃപയാൽ ശക്തിപ്പെടുത്തി. ഭയപ്പെടേണ്ടതില്ലെന്ന മാലാഖയുടെ സന്ദേശം ഇന്നും ഓരോ വിശ്വാസിക്കും പ്രത്യാശ നൽകുന്നു. ദൈവം നമ്മെ ഒരു ദൗത്യത്തിനായി വിളിക്കുമ്പോൾ ആ ദൗത്യം നിറവേറ്റാനുള്ള ശക്തിയും അവൻ നൽകുന്നു.

5. ഇതാ കർത്താവിന്റെദാസി-പൂർണ്ണമായ സമർപ്പണം

ഈ വചനമാണ് മറിയത്തിന്റെ വിശ്വാസജീവിതത്തിന്റെ ഹൃദയം. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ, എന്ന അവളുടെ മറുപടി ദൈവഹിതത്തോടുള്ള പൂർണ്ണമായ അനുസരണത്തേയും സമർപ്പണത്തേയും വെളിപ്പെടുത്തുന്നു. സ്വന്തം ആഗ്രഹങ്ങളേയും പദ്ധതികളേയും ദൈവത്തിന്റെ തിരുഹിതത്തിന് സമർപ്പിക്കാൻ മറിയം തയ്യാറായി.

ദൈവഹിതത്തിന് സ്വയം സമർപ്പിക്കുന്നത് എല്ലായ്പ്പോഴും എളുപ്പമായിരിക്കില്ല. ചിലപ്പോൾ നമ്മുടെ ഇഷ്ടങ്ങൾക്ക് വിരുദ്ധമായ തീരുമാനങ്ങൾ സ്വീകരിക്കേണ്ടിവരും, എന്നിരുന്നാലും ദൈവത്തിന്റെ പദ്ധതി നമ്മുടെ ചിന്തകളേക്കാൾ മഹത്തരമാണെന്ന വിശ്വാസത്തോടെ മുന്നോട്ടു പോകുമ്പോഴാണ് നമ്മുടെ ജീവിതം ദൈവത്തിന്റെ അനുഗ്രഹത്തിന്റെ ഉപകരണമാകുന്നത്.

6. മറിയത്തിന്റെ മാതൃത്വം- ദൈവിക പദ്ധതിയുടെ പങ്കാളിത്തം

മറിയം യേശുവിന്റെ മാതാവാകാൻ സമ്മതിച്ചപ്പോൾ അവൾ ഒരു കുഞ്ഞിന്റെ അമ്മയാകുക മാത്രമല്ല ചെയ്തത്, മനുഷ്യരക്ഷയ്ക്കായുള്ള ദൈവിക പദ്ധതിയിൽ പങ്കാളിയാവുകയും ചെയ്തു. അവളുടെ അനുസരണത്തിലൂടെ ദൈവവചനം മനുഷ്യനായി നമ്മുടെ ഇടയിൽ വസിക്കുന്നതിലേക്കുള്ള വഴി തുറന്നു.

ഇത് ഓരോ ക്രൈസ്തവനും നൽകുന്ന ഒരു വലിയ സന്ദേശമാണ്. ദൈവവചനം നമ്മുടെ ഹൃദയത്തിൽ സ്വീകരിക്കുകയും സ്നേഹത്തിലൂടെയും കരുണയിലൂടെയും ക്ഷമയിലൂടെയും നമ്മുടെ ജീവിതത്തിൽ അത് പ്രകടമാക്കുകയും വേണം. അങ്ങനെ നമ്മുടെ ജീവിതവും മറ്റുള്ളവർക്ക് ക്രിസ്തുവിനെ അനുഭവിക്കാൻ സഹായിക്കുന്ന സാക്ഷ്യമായി മാറും.

മാതാവിനോടുള്ള അറിയിപ്പ് ഒരു ചരിത്രസംഭവം മാത്രമല്ല, ഓരോ വിശ്വാസിയുടേയും ജീവിതത്തിൽ ദൈവം നൽകുന്ന വിളിയുടെ പ്രതീകമാണ്. മറിയത്തെപ്പോലെ ദൈവത്തിന്റെ ശബ്ദം കേൾക്കുവാനും അവന്റെ കൃപയിൽ ആശ്രയിക്കാനും ഭയത്തെ അതിജീവിക്കാനും ദൈവഹിതത്തിന് സ്വയം സമർപ്പിക്കാനും നമുക്ക് കഴിയണം.

നമ്മുടെ കുടുംബങ്ങളിലും ഇടവകയിലും സമൂഹത്തിലും സമുദായത്തിലും ദൈവത്തിന്റെ സ്നേഹം പങ്കുവെക്കുന്നവരായി ജീവിക്കാം.മറിയത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്ന ഏറ്റവും വലിയ പാഠം ഇതാണ്. ദൈവത്തിന് നമ്മുടെ ഹൃദയം തുറന്നുകൊടുക്കുമ്പോൾ അവന്റെ മഹത്തായ പദ്ധതികൾ നമ്മുടെ ജീവിതത്തിലൂടെ പൂർത്തിയാകുന്നു. ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ. (**ലൂക്കോ**1:38)

എലിസബേത്തിന്റെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായർ
(29-11-2026) (ലൂക്കോസ്1:39-56)
മറിയത്തിന്റെ സന്ദർശനം: ദൈവസാന്നിദ്ധ്യം പകരുന്ന ഒരു വിശ്വാസയാത്ര

മനുഷ്യജീവിതത്തിലെ ചില യാത്രകൾ ദൂരം കൊണ്ടല്ല, അവ മറ്റുള്ളവരുടെ ജീവിതത്തിൽ സൃഷ്ടിക്കുന്ന മാറ്റം കൊണ്ടാണ് മഹത്വമുള്ളതാകുന്നത്.എലിസബത്തിന്റെ അടുക്കലേക്കുള്ള പരിശുദ്ധമറിയത്തിന്റെ യാത്ര അത്തരമൊരു ആത്മീയ യാത്രയാണ്. ദൈവവചനം ഹൃദയത്തിൽ സ്വീകരിച്ച ഒരാൾ എങ്ങനെ മറ്റുള്ളവർക്ക് അനുഗ്രഹമായി മാറുന്നു എന്നതിന്റെ മനോഹരമായ സുവിശേഷ സാക്ഷ്യമാണിത്.

ദൈവദൂതനായ ഗബ്രിയേൽ ദൈവത്തിന്റെ രക്ഷാകരപദ്ധതി അറിയിച്ചപ്പോൾ മറിയം പറഞ്ഞു, ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ, (ലൂക്കോസ് 1-38). അവളുടെ വിശ്വാസം വാക്കുകളിൽ മാത്രം ഒതുങ്ങിയില്ല.അവൾ എഴുന്നേറ്റ് തിടുക്കത്തിൽ എലിസബത്തിന്റെ അടുക്കലേക്ക് യാത്ര തിരിച്ചു.ദൈവഹിതത്തോടുള്ള സമർപ്പണം സഹോദര സ്നേഹമായും ശുശ്രൂഷയായും മാറുന്നതിന്റെ മാതൃകയാണിത്. യഥാർത്ഥവിശ്വാസം ദൈവവചനം കേൾക്കുന്നതിൽ മാത്രമല്ല, അത് ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിലാണ്.

സ്വന്തം ജീവിതത്തിൽ വലിയൊരു ദൈവിക അനുഗ്രഹം ലഭിച്ചപ്പോഴും മറിയം സ്വന്തം കാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ചില്ല. പ്രായാധിക്യത്താൽ ഗർഭിണിയായ എലിസബത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി അവളുടെ അടുക്കലേക്ക് ചെന്നു. ദൈവത്തിൽനിന്ന് അനുഗ്രഹം സ്വീകരിക്കുന്നവർ മറ്റുള്ളവർക്ക് അനുഗ്രഹമായി മാറണം എന്ന സന്ദേശമാണ് ഈ യാത്ര നൽകുന്നത്. നമ്മുടെ സമയവും അനുഗ്രഹങ്ങളും കഴിവുകളും മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കുമ്പോൾ നമ്മുടെ വിശ്വാസം ജീവിക്കുന്ന സാക്ഷ്യമായി മാറുന്നു.

മറിയത്തിന്റെ അഭിവാദനംകേട്ടപ്പോൾ എലിസബേത്തിന്റെ ഉദരത്തിലുള്ള ശിശു സന്തോഷത്താൽ കുതിച്ചുചാടി. എലിസബേത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. (ലൂക്കോസ് 1:44-46). ഒരു സാധാരണ കൂടിക്കാഴ്ച്ച ദൈവാനുഭവത്തിന്റെ നിമിഷമായി മാറി. ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ചവർ മറ്റുള്ളവരുടെ ജീവിതത്തിൽ സന്തോഷവും സമാധാനവും പ്രത്യാശയും പകരുന്നവരായിരിക്കണം. നമ്മുടെ വാക്കുകൾ നിരാശരായവർക്ക് ധൈര്യം നൽകുന്നുണ്ടോ? നമ്മുടെ സാന്നിദ്ധ്യം വേദനിക്കുന്നവർക്ക് ആശ്വാസമാകുന്നുണ്ടോ? മറിയത്തിന്റെ സന്ദർശനം നമ്മോടു ചോദിക്കുന്ന ആത്മീയ ചോദ്യങ്ങളാണിവ. എലിസബത്ത് മറിയത്തോട് പറഞ്ഞു "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിവൃത്തിയാകുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി"(ലൂക്കോസ് 1:45).ദൈവത്തിന്റെ പദ്ധതി പൂർണ്ണമായി മനസ്സിലാക്കാൻ കഴിയാത്തപ്പോഴും മറിയം അവിടുത്തെ വചനത്തിൽ വിശ്വസിച്ചു. യഥാർത്ഥ വിശ്വാസം എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ച ശേഷം ദൈവത്തിൽ ആശ്രയിക്കുന്നതല്ല; അനിശ്ചിതത്വങ്ങൾക്കിടയിലും ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ ഉറച്ചുനിൽക്കുന്നതാണ്. "കാണുന്നതുകൊണ്ടല്ല, വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്" 2 കൊരിന്ത്യർ (5:7) എന്ന വചനം ഈ വിശ്വാസജീവിതത്തെ ഓർമ്മിപ്പിക്കുന്നു.

ഈ കൂടിക്കാഴ്ച്ചയിൽ എലിസബേത്തിന്റെ പ്രതികരണവും നമുക്ക് മാതൃകയാണ്. അവൾ മറിയത്തിന്റെ അനുഗ്രഹത്തിൽ സന്തോഷിച്ചു. അസൂയയ്ക്കും താരതമ്യത്തിനും പകരം പരസ്പര അംഗീകാരവും സന്തോഷവുമാണ് അവിടെ പ്രകടമാകുന്നത്. മറ്റുള്ളവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളിൽ സന്തോഷിക്കാനും അവരുടെ ജീവിതത്തിലെ നന്മകളെ അംഗീകരിക്കാനും നമുക്ക് കഴിയണം. സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിപ്പിൻ,കരയുന്നവരോടുകൂടെ കരയുവിൻ(റോമർ 12:15) എന്ന വചനം ഈ മനോഭാവത്തെ വ്യക്തമാക്കുന്നു.

മറിയം എലിസബത്തിനൊപ്പം ഏകദേശം മൂന്നുമാസം താമസിച്ചതായി സുവിശേഷം പറയുന്നു.(ലൂക്കോസ് 1:56). സ്നേഹം ഒരു സന്ദർശത്തിലോ ആശ്വാസവാക്കിലോ അവസാനിക്കുന്നില്ല. അത് തുടർച്ചയായ ശുശ്രൂഷയായി മാറണം. രോഗികളേയും വയോധികരേയും ഏകാന്തത അനുഭവിക്കുന്നവരേയും വിഷമിക്കുന്ന കുടുംബങ്ങളേയും സന്ദർശിക്കുകയും അവരുടെ ആവശ്യങ്ങളിൽ പങ്കുചേരുകയും ചെയ്യുമ്പോൾ മറിയത്തിന്റെ സ്നേഹമാതൃക നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കുന്നു. "അന്യോന്യം ഭാരങ്ങൾ ചുമപ്പീൻ" (ഗലാത്യർ 6:2) എന്ന വചനം ഈ ഉത്തരവാദിത്വത്തെ ഓർമ്മിപ്പിക്കുന്നു.

മാമോദീസായിലൂടെ ക്രിസ്തുവിൽ പുതിയ ജീവിതം സ്വീകരിച്ച നാമും മറിയത്തെപ്പോലെ ക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവരിലേക്ക് പകരാൻ വിളിക്കപ്പെട്ടിരിക്കുന്നു. മാമോദീസായിലൂടെ നാം ക്രിസ്തുവിനോട് ചേർക്കപ്പെടുകയും പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു(റോമർ 6:3-4).അതിനാൽ നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും സ്നേഹശുശ്രൂഷയിലും ക്രിസ്തുവിന്റെ സാന്നിദ്ധ്യം വെളിപ്പെടണം. നമ്മുടെ കുടുംബങ്ങൾ സ്നേഹത്തിന്റെ ഭവനങ്ങളായും ഇടവകകൾ പരസ്പരസഹായത്തിന്റെ സമൂഹങ്ങളായും മാറണം.

മറിയത്തിന്റെ സന്ദർശനം നമ്മെ പഠിപ്പിക്കുന്ന മഹത്തായ സത്യം ഇതാണ്. ദൈവത്തെ ഹൃദയത്തിൽ സ്വീകരിക്കുന്നവർ മറ്റുള്ളവരുടെ ജീവിതത്തിൽ ദൈവസ്നേഹം പകരുന്നവരായി മാറണം. മറിയത്തെപ്പോലെ ദൈവവചനത്തിൽ വിശ്വസിക്കുകയും സ്നേഹത്തോടെ ശുശ്രൂഷിക്കുകയും മറ്റുള്ളവരുടെ അനുഗ്രഹങ്ങളിൽ സന്തോഷിക്കുകയും ചെയ്യുന്നവരായി നമുക്ക് ജീവിക്കാം. നമ്മുടെ സാന്നിദ്ധ്യം മറ്റുള്ളവർക്ക് ആശ്വാസവും പ്രത്യാശയും ദൈവാനുഭവവും നൽകട്ടെ.

"കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിവൃത്തിയാകുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കോസ് 1:45).

യോഹന്നാൻ സ്നാപകന്റെ ജനനത്തിന്റെ ഞായർ :(6-12-2026)
ലൂക്കോസ് 1:57-80;11:11-19

മനുഷ്യന്റെ പ്രതീക്ഷകൾ അവസാനിക്കുന്നിടത്തുപോലും ദൈവത്തിന്റെ വാഗ്ദാനങ്ങൾ അവസാനിക്കുന്നില്ല. സഖറിയായുടേയും എലിസബേത്തിന്റേയും ജീവിതത്തിൽ സംഭവിച്ച യോഹന്നാൻ സ്നാപകന്റെ ജനനം ഈ സത്യത്തിന്റെ മനോഹരമായ സാക്ഷ്യമാണ്. വാർദ്ധക്യത്തിൽ മക്കളില്ലാതെ ജീവിച്ചിരുന്ന ആ ദമ്പതികൾക്ക് ദൈവം നൽകിയ കുഞ്ഞ് ഒരു കുടുംബത്തിന്റെ സന്തോഷം മാത്രമായിരുന്നില്ല. ലോകത്തിന് രക്ഷകനെ സ്വീകരിക്കാൻ വഴിയൊരുക്കുന്ന ദൈവിക പദ്ധതിയുടെ ഭാഗമായിരുന്നു.

1.അസാദ്ധ്യമായതിനെ സാധ്യമാക്കുന്ന ദൈവം
ലൂക്കോസ് 1:57-58 ൽ എലിസബേത്ത് ഒരു മകനെ പ്രസവിക്കുന്നതും അയൽക്കാരും ബന്ധുക്കളും അവളോടുകൂടെ സന്തോഷിക്കുന്നതും നാം കാണുന്നു. മനുഷ്യന്റെ കാഴ്ച്ചപ്പാടിൽ അസാദ്ധ്യമായി തോന്നിയകാര്യം ദൈവത്തിന്റെ സമയത്ത് യാഥാർത്ഥ്യമായി.

നമ്മുടെ ജീവിതത്തിലും ദീർഘകാലമായി ഉത്തരം ലഭി

ക്കാത്ത പ്രാർത്ഥനകളും നിറവേറാത്ത ആഗ്രഹങ്ങളും ഉണ്ടാ യേക്കാം. എന്നാൽ ദൈവത്തിന്റെ നിശ്ശബ്ദത ദൈവത്തിന്റെ പരാജയമല്ല, ദൈവത്തിന്റെ സമയവും പദ്ധതിയും നമ്മുടെ കണക്കുകൂട്ടലുകൾക്കപ്പുറമാണ്. യോഹന്നാന്റെ ജനനം നമ്മെ പഠിപ്പിക്കുന്നത് പ്രതിസന്ധികളിലും പ്രതീക്ഷ കൈവി ടാതെ ദൈവത്തിൽ ആശ്രയിക്കണമെന്നാണ്.

2.ദൈവഹിതത്തിന് അനുസരിച്ചുള്ള ജീവിതം.

കുഞ്ഞിന് എന്തു പേരിടണമെന്ന് തീരുമാനിച്ചപ്പോൾ എലി സബേത്ത് അവന് യോഹന്നാൻ എന്നു പേരിടണം എന്നു പറഞ്ഞു. സഖറിയായും അതുതന്നെ എഴുതി അറിയിച്ചു. ദൈവദൂതൻ നിർദ്ദേശിച്ച പേര് അവർ സ്വീകരിച്ചു. (ലൂക്കോസ് 1:13,63).

ഇവിടെ നാം കാണുന്നത് ദൈവഹിതത്തോടുള്ള അനു സരണമാണ്. നമ്മുടെ കുടുംബത്തിലും വ്യക്തിജീവിത ത്തിലും സ്വന്തം ആഗ്രഹങ്ങൾക്കു മാത്രം പ്രാധാന്യം നൽകാതെ ദൈവത്തിന്റെ ഇഷ്ടം തിരിച്ചറിയാനും അതനു സരിച്ച് ജീവിക്കാനും നമുക്ക് കഴിയണം. യഥാർത്ഥ വിശ്വാസം വാക്കുകളിൽ മാത്രമല്ല, അനുസരണത്തിലൂടെയും പ്രകടമാകുന്നു.

3.മൗനത്തിൽ നിന്ന് സ്തുതിയിലേക്ക്

ദൈവദൂതന്റെ വാക്കുകൾ വിശ്വസിക്കാതിരുന്നതിനെത്തു ടർന്ന് മൗനത്തിലായിരുന്ന സഖറിയാ, കുഞ്ഞിന്റെ പേരിട ലിനുശേഷം സംസാരിക്കുകയും ദൈവത്തെ സ്തുതിക്കു കയും ചെയ്തു. അദ്ദേഹത്തിന്റെ ജീവിതത്തിലെ മൗനം ദൈവത്തിന്റെ പ്രവൃത്തിയെക്കുറിച്ചുള്ള സാക്ഷ്യമായി മാറി.

4. യേശുവിന് വഴിയൊരുക്കിയ പ്രവാചകൻ

യോഹന്നാൻ സ്നാപകൻ സാധാരണ ജനിച്ച ഒരു കുഞ്ഞ് മാത്രമായിരുന്നില്ല. കർത്താവിന്റെ മുമ്പാകെ നടന്ന് അവന്റെ വഴികൾ ഒരുക്കുവാനുള്ള ദൗത്യം അവനു ലഭിച്ചിരുന്നു. ജന ങ്ങളെ മാനസാന്തരത്തിലേക്ക് നയിക്കുകയും രക്ഷകന്റെ വര വിനായി അവരുടെ ഹൃദയങ്ങളെ ഒരുക്കുകയും ചെയ്യുക എന്നതായിരുന്നു അവന്റെ പ്രത്യേക വിളി.

മത്തായി 11:11-19-ൽ യേശു യോഹന്നാന്റെ മഹത്വത്തെ ക്കുറിച്ച് സംസാരിക്കുന്നു. സ്ത്രീകളിൽനിന്നു ലഭിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ഉണ്ടായിട്ടി ല്ലെന്ന് യേശു സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ദൈവരാജ്യ ത്തിലെ ഏറ്റവും ചെറിയവൻ പോലും വലിയവനാണെന്ന് യേശുവിന്റെ വാക്കുകൾ ദൈവരാജ്യത്തിന്റെ മഹത്വവും അതിന്റെ പുതിയ യാഥാർത്ഥ്യവും വെളിപ്പെടുത്തുന്നു.

യോഹന്നാന്റെ മഹത്വം സ്വന്തം പേരും സ്ഥാനവും ഉയർത്തിയതിലായിരുന്നില്ല. യേശുവിനെ ലോകത്തിന് പരി ചയപ്പെടുത്തിയതിലായിരുന്നു. അതുപോലെ നമ്മുടെ ജീവി തവും മറ്റുള്ളവരെ ക്രിസ്തുവിലേക്ക് അടുപ്പിക്കുന്ന സാക്ഷ്യമാകണം.

5.ദൈവത്തിന്റെ വിളി തിരിച്ചറിയുക

യോഹന്നാൻ സ്നാപകൻ ലളിതമായ ജീവിതം നയിക്കു കയും സത്യത്തിനായി നിലകൊള്ളുകയും ചെയ്തു. എന്നാൽ അവന്റെ കാലത്തെ ചിലർ അവന്റെ സന്ദേശം സ്വീകരിച്ചില്ല. യേശുവിന്റെ വാക്കുകളിൽ അന്നത്തെ തലമു റയ്ക്ക് ദൈവത്തിന്റെ വ്യത്യസ്തമായ ആഹ്വാനങ്ങളോട് പ്രതികരിക്കാൻ മനസ്സുണ്ടായിരുന്നില്ല (മത്തായി. 11:11)

ഇന്നും ദൈവം പലവിധത്തിൽ നമ്മോട് സംസാരിക്കുന്നു- തിരുവചനത്തിലൂടെ, പ്രാർത്ഥനയിലൂടെ സഭയുടെ പഠന ങ്ങളിലൂടെ, നമ്മുടെ ജീവിതാനുഭവങ്ങളിലൂടെ, എന്നാൽ കേൾക്കാൻ മാത്രം പോരാ, ഹൃദയം തുറന്ന് സ്വീകരിക്കു കയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും വേണം.

യോഹന്നാൻ സ്നാപകന്റെ ജീവിതം നമ്മെ ഓർമ്മിപ്പി ക്കുന്നത് ദൈവത്തിന്റെ സന്ദേശവാഹകരെ വിലയിരുത്തുന്ന തിനുമുമ്പ് അവരുടെ സന്ദേശം നമ്മുടെ ജീവിതത്തിൽ എന്ത് മാറ്റമാണ് ആവശ്യപ്പെടുന്നതെന്ന് പരിശോധിക്കണമെന്നാണ്.

യോഹന്നാൻ സ്നാപകന്റെ ജനനം മൂന്ന് പ്രധാന ആത്മീയ സത്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ പ്രത്യാശ പുലർത്തുക.ദൈവഹിതത്തോട് അനുസരണമുള്ളവരാകുക, ക്രിസ്തുവിന് വഴിയൊരുക്കുന്ന ജീവിതം നയിക്കുക.

നമ്മുടെ കുടുംബങ്ങളും പ്രാർത്ഥനകളും സേവനങ്ങളും മറ്റുള്ളവരുടെ ജീവിതത്തിൽ ദൈവസാന്നിദ്ധ്യം അനുഭവപ്പെ ടുത്തുന്നവയാകട്ടെ. യോഹന്നാൻ സ്നാപകനെപ്പോലെ നമുക്കും നമ്മുടെ ജീവിതത്തിലൂടെ ക്രിസ്തുവിനെ സാക്ഷ്യ പ്പെടുത്താൻ കഴിയണം.

യൗസേഫിനുണ്ടായ വെളിപ്പാടിന്റെ ഞായർ
(മത്തായി: 1:18-25)

ദൈവത്തിന്റെ രക്ഷാചരിത്രത്തിൽ യൗസേഫിനുണ്ടായ വെളിപ്പാട് വളരെ പ്രാധാന്യമുള്ള ഒരു സംഭവമാണ്. മനഷ്യാ വതാരത്തിന്റെ രഹസ്യം,ദൈവിക വെളിപ്പാട്,വിശ്വാസത്തിന്റെ അനുസരണം, മനുഷ്യന്റെ രക്ഷ, എന്നിവ ഈ സംഭവത്തി ലൂടെ നമുക്ക് വെളിപ്പെടുന്നു. യൗസേഫിന്റെ ജീവിതം, ദൈവ ത്തിന്റെ പദ്ധതി,മനുഷ്യന്റെ ചിന്തകൾക്കതീതമായി പ്രവർത്തിക്കുന്നുവെന്നും വിശ്വാസം പ്രവൃത്തികളിലൂടെ പ്രക ടമാക്കേണ്ടതാണെന്നും നമ്മെ പഠിപ്പിക്കുന്നു.

1: ദൈവിക വെളിപ്പാട്: മനുഷ്യന്റെ ചിന്തകൾക്കതീത മായ ദൈവീക പദ്ധതി

മറിയം ഗർഭിണിയാണെന്ന് അറിഞ്ഞപ്പോൾ യൗസേഫ് വലിയ ആശയക്കുഴപ്പത്തിലായി. മറിയത്തെ അപമാനിക്കാതെ രഹസ്യമായി ഉപേക്ഷിക്കാമെന്ന് അദ്ദേഹം ചിന്തിച്ചു. എന്നാൽ അദ്ദേഹം ഈ കാര്യങ്ങളെക്കുറിച്ച് ആലോചിച്ചു കൊണ്ടിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ദൈവിക പദ്ധതി വെളിപ്പെടുത്തി.

ദാവീദിന്റെ മകനായ യൗസേഫേ, നിന്റെ ഭാര്യയായ മറി യത്തെ സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവളിൽ ഉരുവിച്ചിരി ക്കുന്നത് പരിശുദ്ധാത്മാവിനാലാണ് (മത്തായി 1:20).

ഈ സംഭവം ദൈവത്തിന്റെ പ്രവർത്തനം മനുഷ്യന്റെ പരി മിതമായ അറിവിനും യുക്തിക്കും അതീതമാണെന്ന് വ്യക്ത മാക്കുന്നു. മനുഷ്യന് പ്രതിസന്ധിയായി തോന്നുന്ന സാഹ ചര്യങ്ങൾക്കുപോലും ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ പ്രത്യേക സ്ഥാനമുണ്ടാകാം. ദൈവത്തിന്റെ ഹിതം തിരിച്ച റിയാൻ പ്രാർത്ഥനയിലും തിരുവചനത്തിലും വിശ്വാസ ത്തിലും വളരേണ്ടതിന്റെ ആവശ്യകത യൗസേഫിന്റെ അനു ഭവം നമ്മെ ഓർമ്മിപ്പിക്കുന്നു.

2.ഇമ്മാനുവേൽ: മനുഷ്യനോടുകൂടെയുള്ള ദൈവം

ദൈവദൂതൻ യൗസേഫിനോട് കുഞ്ഞിന് യേശു എന്നു പേരിടാൻ നിർദ്ദേശിക്കുകയും അവൻ തന്റെ ജനത്തെ അവ രുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുമെന്ന് അറിയിക്കുകയും ചെയ്തു (മത്തായി1:21). തുടർന്ന് ഏശയ്യാ പ്രവാചകന്റെ പ്രവചനം ഉദ്ധരിച്ചുകൊണ്ട് മത്തായി സുവിശേഷകൻ പറ യുന്നു. അവന് ഇമ്മാനുവേൽ എന്നു പേർ വിളിക്കും. (മത്താ യി1:23 യെശയ്യാവ് 7:14)

ഇമ്മാനുവേൽ എന്നതിന്റെ അർത്ഥം ദൈവം നമ്മോടു കൂടെ എന്നാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രമായ മനുഷ്യാവതാരത്തിന്റെ രഹസ്യമാണ് ഇവിടെ വെളിപ്പെടുന്ന ത്. ദൈവവചനം മനുഷ്യനായി നമ്മുടെയിടയിൽ വസിച്ചു. (യോഹന്നാൻ1:14)മനുഷ്യന്റെ വേദനകളിലേക്കും ബലഹീ

നതകളിലേക്കും കടന്നുവന്ന് രക്ഷയുടെ വഴി തുറന്ന ദൈവ സ്നേഹത്തിന്റെ അടയാളമാണ് യേശുക്രിസ്തു.

വിശുദ്ധ കുർബാനയിൽ സഭ ഈ മനുഷ്യാവതാര ത്തിന്റെ രഹസ്യത്തെയും ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനത്തെയും ആഘോഷിക്കുന്നു. ദൈവം നമ്മോടു കൂടെയുണ്ടെന്ന വിശ്വാസം ആരാധനയിൽ മാത്രം ഒതുങ്ങാതെ നമ്മുടെ കുടുംബജീവിതത്തിലും ബന്ധങ്ങളിലും പ്രതിസന്ധി കളിലും പ്രതിഫലിക്കണം.

3.യൗസേഫിന്റെ അനുസരണം : വിശ്വാസം പ്രവൃത്തി യായി മാറുമ്പോൾ

കർത്താവിന്റെ ദൂതൻ തന്നോടു കല്പിച്ചതുപോലെ അവൻ ചെയ്തു(മത്തായി1:24)യൗസേഫിന്റെ വിശ്വാസജീ വിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത അദ്ദേഹ ത്തിന്റെ അനുസരണമാണ്. ദൈവിക പദ്ധതി പൂർണ്ണമായി മനസ്സിലാക്കിയ ശേഷമല്ല, അദ്ദേഹം പ്രവർത്തിച്ചത്. ദൈവ വചനത്തിൽ വിശ്വസിച്ച് മറിയത്തെ സ്വീകരിക്കുകയും ദൈവം ഏൽപ്പിച്ച ഉത്തരവാദിത്തം ഏറ്റെടുക്കുകയും ചെയ്തു.

ഇവിടെ ദൈവകൃപയും മനുഷ്യന്റെ പ്രതികരണവും തമ്മി ലുള്ള ബന്ധം നമുക്ക് കാണാം. ദൈവമാണ് രക്ഷാപദ്ധതിക്ക് തുടക്കം കുറിക്കുന്നത്. എന്നാൽ ആ പദ്ധതിയിൽ വിശ്വസ്ത രായ പങ്കാളികളാകാൻ മനുഷ്യനെ വിളിക്കുകയും ചെയ്യുന്നു. യൗസേഫിന്റെ നിശ്ശബ്ദമായ അനുസരണം, വിശ്വാസം വാ ക്കുകളിലോ വികാരങ്ങളിലോ മാത്രം ഒതുങ്ങാതെ ജീവിത ത്തിലൂടെ പ്രകടമാകണമെന്ന് പഠിപ്പിക്കുന്നു. സഭയുടെ ആരാ ധനാ ജീവിതത്തിലും ഇതേ തത്ത്വം പ്രധാനമാണ്. വിശുദ്ധ കുർബാനയിൽ തിരുവചനം ശ്രവിക്കുകയും പ്രാർത്ഥിക്കു കയും ചെയ്യുന്ന നാം, കേട്ടവചനം, ജീവിതത്തിൽ പ്രാവർത്തി കമാക്കണം. ക്ഷമ, കരുണ, നീതി, സ്നേഹം, സേവനം എന്നി വയിലൂടെ നമ്മുടെ ആരാധന ജീവിത സാക്ഷ്യമായി മാറണം. (യാക്കോബ് 2:17)

4. ആരാധനയിൽ നിന്ന് ജീവിതത്തിലേക്ക് ദൈവികദൗത്യത്തിന്റെ തുടർച്ച

യൗസേഫ് ദൈവത്തിന്റെ വെളിപ്പാട് സ്വീകരിച്ചതോടെ അദ്ദേഹത്തിന്റെ ജീവിതത്തിന് പുതിയൊരു ദൗത്യം ലഭിച്ചു. മറിയത്തെയും ഉണ്ണിയേശുവിനേയും സംരക്ഷിക്കുക, കുടും ബത്തിന്റെ ഉത്തരവാദിത്തം നിർവഹിക്കുക, ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ വിശ്വസ്തനായി നിലകൊള്ളുക എന്നിവ യിലൂടെ അദ്ദേഹം തന്റെ വിശ്വാസം പ്രകടമാക്കി.

ഇന്നത്തെ ക്രൈസ്തവർക്കും ഇതൊരു പ്രധാനപ്പെട്ട ആത്മീയ സന്ദേശമാണ്. വിശുദ്ധ കുർബാനയിൽ ദൈവസ ന്നിധിയിൽ നാം സ്വീകരിക്കുന്ന കൃപ നമ്മുടെ ജീവിതത്തിൽ മാറ്റം സൃഷ്ടിക്കണം. ആരാധനാലയത്തിൽ ദൈവത്തെ സ്തുതിക്കുന്ന നാം കുടുംബത്തിൽ സ്നേഹവും സമൂഹ ത്തിൽ സമാധാനവും സഭയിൽ ഐക്യവും വളർത്താൻ പരി ശ്രമിക്കണം.

ദൈവത്തിന്റെ വചനം ശ്രവിക്കുക എന്നത് ആദ്യപടിയാ ണ്. അതനുസരിച്ച് ജീവിക്കുക എന്നതാണ് വിശ്വാസത്തിന്റെ പൂർണ്ണത. യൗസേഫിന്റെ ജീവിതം ഈ സത്യത്തിന്റെ നിശ്ശബ്ദമായ സാക്ഷ്യമാണ്.

ഉപസംഹാരം:

യൗസേഫിനുണ്ടായ വെളിപ്പാട് ദൈവത്തിന്റെ രക്ഷാപ ദ്ധതിയെക്കുറിച്ചുള്ള ഒരു സന്ദേശം മാത്രമല്ല, വിശ്വാസജീ വിതത്തിന്റെ ആഴമേറിയ പാഠം കൂടിയാണ്. ദൈവിക വെളി പ്പാടിലൂടെ മനുഷ്യാവതാരത്തിന്റെ രഹസ്യം വെളിപ്പെടുന്നു. യേശുവിലൂടെ ദൈവം മനുഷ്യനോടുകൂടെ വസിക്കുന്നു. യൗസേഫിന്റെ അനുസരണത്തിലൂടെ വിശ്വാസം പ്രവൃത്തി യായി മാറുന്നു.

ദൈവത്തിന്റെ ശബ്ദം തിരിച്ചറിയുന്ന ഹൃദയവും അവി ടുത്തെ ഹിതം അനുസരിക്കുന്ന മനസ്സും നമുക്കുണ്ടാകട്ടെ. വിശുദ്ധ കുർബാനയിൽ സ്വീകരിക്കുന്ന ദൈവകൃപ നമ്മുടെ കുടുംബങ്ങളിലും സഭയിലും സമൂഹത്തിലും സ്നേഹ ത്തിന്റേയും സമാധാനത്തിന്റേയും സാക്ഷ്യമായി മാറട്ടെ.



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻ പള്ളി ക്നാനായ കോൺഗ്രസ്സ് യൂണിറ്റിന്റേയും ശാലോം ആയുർവേ ദിക് സെന്ററിന്റേയും സംയുക്താഭിമുഖ്യത്തിൽ ചിങ്ങവനം സെൻറ് ജോൺസ് പുത്തൻ പള്ളിയിൽ 18-10- 2026 ഞായറാഴ്ച്ച നടന്ന ആരോഗ്യ പരിശീലനക്ളാസ്സ് ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

വി.ത്രിത്വം

കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

ക്രിസ്തീയവിശ്വാസത്തിൽഏറ്റവും വിഷമം പിടിച്ചതും ഇടർച്ചക്കല്ലും ആയ ഒരു മഹാമർമ്മം ആണ് വി. ത്രിത്വ സൂര്യൻ. ഏകനാണെങ്കിലും വെളിച്ചവും ചൂടും ഒരുപോലെ ഒരു വസ്തുവിൽനിന്നും പുറപ്പെടുവിക്കുന്നതുപോലെ ഏക ദൈവത്തിൽ നിന്നു പുറപ്പെടുന്ന മൂന്നു സ്വഭാവമാണ് ത്രിത്വം എന്നാണ് പലരും വിശ്വസിക്കുന്നത്. ഉദാ: മനുഷ്യന് ആത്മാവും ശരീരവും ഉൾപ്പെട്ട ഏകശരീരമായിരിക്കുന്നതു പോലെയും മറ്റു ചിലരുടെ അഭിപ്രായം ഇന്ത്യയുടെ ദേശീയ ചിഹ്നമായ അശോകസ്തംഭത്തിൽ മൂന്നു തലകൾ രൂപപ്പെടുത്തിയിരിക്കുന്നതുപോലെ ഒന്നിൽ മൂന്ന് ഉൾപ്പെട്ട ഏകമായ അവസ്ഥ പോലെയും ഭാവന രൂപപ്പെടുത്തുന്നു. ഏകത്വത്തിൽ ത്രിത്വവും ത്രിത്വത്തിൽ ഏകത്വവും ഒരു മർമ്മം ആയി നിലകൊള്ളുന്നു. ഒരു മർമ്മം എന്നാൽ ഒരു രഹസ്യമാണ്. അത് ഉണ്ടെന്ന് നമുക്ക് അറിയാം. അത് എന്താണ്? അറിയാൻ പാടില്ലാത്തതും ആകുന്നു.

എന്നാൽ ദൈവം ആളത്വത്തിൽ മൂന്നാണെന്നതാണ് സഭയുടെ സത്യവിശ്വാസം. ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ അവർ ത്രിമൂർത്തികൾ ആകുന്നു. മുപ്പിരിച്ചരടുപോലെ ഉറപ്പും ബലവത്തും ആണ്. ലോകത്ത് ഒന്നിനും അവരെ ഭിന്നിപ്പിക്കുവാൻ സാദ്ധ്യമല്ല. അതിനാലാണ് എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. ഞാനും പിതാവും ഒന്നായിരിക്കുന്നപോലെ നിങ്ങളും തമ്മിൽ തമ്മിൽ ഒന്നായിത്തീരണമെന്ന ഉപദേശം നൽകിയത്. ഈ വചനം പിതാവ് തന്നെയാണ് പുത്രനായി മനുഷ്യാവതാരം എന്ന ഇടർച്ച കല്ലായി പലർക്കു ഭവിച്ചിരിക്കുന്നു. എന്നാൽ ദൈവം ആളത്വത്തിൽ മൂന്നാണെന്നതാണ് സത്യം. ഇത് മനസ്സിലാക്കാൻ ഒരു ഉപമയിൽ നമുക്ക് ചിന്തിക്കാം.

മൂന്നു പങ്കാളികൾ ചേർന്ന് ഒരു ചിട്ടി പ്രസ്ഥാനം ആരംഭിക്കുന്നതായി സങ്കല്പിക്കുക. മൂവരും ഒരുപോലെ ചിട്ടിയുടെ തലയാളന്മാരാണ്. മൂവരും ഒരുപോലെ ഉടമസ്ഥരും, തുല്യ പദവിയിലും നിലകൊള്ളുന്നു. അതുപോലെ ദൈവവും തന്റെ പദ്ധതിയുടെ ആരംഭത്തിൽ മനുഷ്യനെ സൃഷ്ടിക്കുമ്പോൾ മൂവരും ചേർന്ന് ആരംഭിക്കുന്നത് വചനപ്രകാരം നമുക്കു വിശകലനം ചെയ്തു പരിശോധിക്കാം.

ദൈവം തന്റെ പദ്ധതിയുടെ ആരംഭത്തിൽ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും സമുദ്രവും പർവ്വതങ്ങളും നിർമ്മിക്കുമ്പോൾ യേശുവും ഉൾപ്പെട്ടിരുന്നു. സദൃശ 8:22. പല ബൈബിളിലും യേശുവിനേയും അപ്പോൾ സൃഷ്ടിച്ചുവെന്നാണ് കാണുന്നത്. എന്നാൽ ഈ ഭാഗം ഇംഗ്ളണ്ടിലെ കിംഗ് ജെയിംസ് രണ്ടാമൻ, ലണ്ടൻ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ച ബൈബിളിൽ യേശുവിനെ possessed ഉൾപ്പെടുത്തി എന്ന ശരിയായ തർജ്ജിമയാണ്. createdസൃഷ്ടിച്ചു എന്നല്ല, ഒരു വർഗ്ഗത്തിൽനിന്ന് അതേവർഗ്ഗം ജനിക്കുന്നതിന് begotten എന്നാണ് ആദാമിൽനിന്നു കായേൻ ജനിച്ചതിനു begotten എന്നാണ്. ഉദാഹരണത്തിന് നീ എന്റെ പുത്രൻ, ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചിരിക്കുന്നു. (begotten) എബ്രാ 1:5 കാണുന്നു. മാതാവില്ലാതെ എങ്ങനെ ജനിക്കുമെന്നു ചിലർ ചിന്തിച്ചേക്കാം. അപ്രകാരവും ജനനം നടക്കുന്നതിനു ഭൂമിയിൽ കപ്പത്തണ്ടു മുറിച്ചിട്ടാൽ ജനനം എന്നപ്രക്രിയ പുതിയകപ്പത്തണ്ട് ഉണ്ടാകുന്നതുപോലെ പിതാവിൽനിന്നു പുത്രനും ജനിച്ചതിനുപകരം സൃഷ്ടിച്ചെന്നു വേദവിപരീതം. അലക്സാണ്ട്രിയായിലെ അറിയൂസ് എന്ന പട്ടക്കാരന്റെ വ്യാഖ്യാനം, സഭ നിഖ്യാ സുന്നഹദോസിൽ ശപിച്ചു തള്ളിയ തൂണാണ്. നമ്മുടെ വിശ്വാസപ്രമാണത്തിൽ സൃഷ്ടിയല്ലാത്തവനും എന്നു രേഖപ്പെടുത്തി ഉറപ്പിച്ചിട്ടുള്ളതും ആകുന്നു. ഇതിൽനിന്നും മാതാവില്ലാതെ പിതാവിൽനിന്നു ജനിച്ചവനു പിതാവിന്റെ സ്നേഹസ്വഭാവമായിരിക്കും. അതാണ് തന്റെ കർതൃപ്രാർത്ഥനയിലും നിന്റെ രാജ്യം വരേണമെന്ന് പഠിപ്പിച്ചു പ്രാർത്ഥിക്കുന്നത്. ദൈവം സ്നേഹത്തിൽ ഒരുമനപ്പെട്ടിരിക്കുന്നതുപോലെ നാം സ്നേഹത്തിൽ ഒന്നായിത്തീരുന്നതാണ്, തന്റെ രാജ്യം. അത് നമ്മിൽ ഉണ്ടായിത്തീരുവാനാണ് നാം പ്രാർത്ഥിക്കുന്നത്. ഇതിന് ഒരു ഉദാഹരണമാണ് ഭാര്യയും ഭർത്താവും. ആളത്വത്തിൽ രണ്ടാണെങ്കിലും കുടുംബസ്നേഹത്തിൽ ഒന്നായിരിക്കുന്നതുപോലെ ദൈവവും ആളത്വത്തിൽ മൂന്നാണെങ്കിലും സ്നേഹത്തിൽ ഒരു പോലെയാണ്. അതാണ് ദൈവം സ്നേഹം ആകുന്നു. 1 John 4:16.b വചനാടിസ്ഥാനത്തിൽ യേശുവിന്റെ ദൈവത്തെപ്പറ്റിയുള്ള പഠനം നടത്താം.

ദൈവം മോശ മുഖാന്തരം ഏർപ്പാടാക്കിയ പത്തുകല്പനകളിൽ ഒന്നാം കല്പന ഞാനല്ലാതെ അന്യദൈവങ്ങൾ ഉണ്ടാകരുത്.യാതൊരു വിഗ്രഹവും ഉണ്ടാകരുത്. അവയെ നമസ്ക്കരിക്കുകയോ ആരാധിക്കുകയോ അരുത്. (പുറപ്പാട്2 0:3) എന്ന് രേഖപ്പെടുത്തിയിരിക്കുന്ന അതേ ബൈബിളിൽ തന്നെ യേശുവിനേയും നമസ്ക്കരിക്കണമെന്നും ഫിലി (2 :10-11) പിതാവിന്റെ പദവിയും ബഹുമാനവും പുത്രനും കൊടുക്കണം. ന്യായവിധിപോലും പുത്രനും പിതാവായ ദൈവം കൊടുത്തിരിക്കുന്നു. John 5:22-23.

ഞാൻ അവനെ വീണു നമസ്ക്കരിക്കേണ്ടതിനു അവന്റെ കാൽക്കൽ വീഴുന്നു. അപ്പോൾ അവൻ എന്നോട് അരുത്, ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യമുള്ള നിന്റെ സഹോദരന്മാർക്കും സഹഭൃത്യനത്രേ. ദൈവത്തെ നമസ്ക്കരിക്കുക. (വെളി.19:10). കൊർന്നല്യോസ് പത്രോസിന്റെ കാൽക്കൽ വീണപ്പോൾ ഞാനും ഒരു മനുഷ്യനത്രേ. ദൈവത്തെ നമസ്ക്കരിക്കുക. (Act10:26) യേശുബെത്ലഹേമിൽ ജനിച്ചപ്പോൾ ദൈവത്തിന്റെ സ്വർഗ്ഗീയ മാലാഖമാരെല്ലാം വന്ന് അവനെ ആരാധിക്കണമെന്ന് (എബ്രാ 1:6) താൻ ദൈവപുത്രനാണെന്ന സത്യം വെളിപ്പെടുത്തുന്നു. യേശു ഉയർത്തതിനുശേഷം മഗ്ദലന മറിയത്തോടുതന്റെ പിതാവിന്റെ അടുക്കൽ താൻ പോയിട്ടില്ലാത്തതിനാൽ തന്നെ തൊടരുതെന്നു പറയുന്നതും (John 20: 17). താനും പിതാവും ആളത്വത്തിൽ മൂന്നാണെന്ന സത്യം വെളിപ്പെടുത്തുന്നു. ഈ സത്യം അറിയുന്നതാണ് നിത്യജീവൻ(John 17: 3). യേശു സമരിയസ്ത്രീയോടു ആത്മാവിലും സത്യത്തിലും ആരാധനയുടെ സമയം വരുന്നു (John 4:23).അപ്പോൾ നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും (John 8:32).ആ സത്യമാണ് ത്രിത്വാരാധന, അതാണ് സഭയുടെ പ്രാർത്ഥന പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി അർപ്പിച്ചാരാധിക്കുന്നത്. അതിനാൽ സ്നേഹത്തിൽ

ഏകമായി ആളത്വത്തിൽ മൂന്നായ മർമ്മം ആണ് ത്രിത്വം.

പരിശുദ്ധാത്മാവ് ഒരു ശക്തിമാത്രമാണെന്ന് ചിലർ ദുരുപദേശം പഠിപ്പിക്കുന്നുണ്ട്. അബ്രഹാം തന്റെ പുത്രനായ യിസ്ഹാക്കിനു മണവാട്ടിയെ കാണുവാൻ തന്റെ കാര്യസ്ഥനായ ഏലിയാസറിനെ അയച്ചപോലെ യേശു പോയശേഷം മറ്റൊരു കാര്യസ്ഥനെ അയക്കും. അവൻ എന്നേക്കും നിങ്ങളോടുകൂടെ (അവൻ സർവ്വത്തിനും മീതെ ദൈവമായി വാഴ്ത്തപ്പെട്ടവൻ). ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും (John 14:16). അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ബോധ്യം വരുത്തും (John 16:8) അവൻ എന്നു പറഞ്ഞിരിക്കുന്നതിനാൽ ഒരു ശക്തിയല്ല, വ്യക്തിയാണെന്ന സത്യം നമുക്കു തരുന്നു. നമ്മുടെ സഭയുടെ വിശ്വാസ പ്രമാണത്തിൽ സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെടുന്നവൻ ദൈവത്തിന്റെ സ്തുതിക്കു യോഗ്യനായവൻ. ദൈവത്തിനു തുല്യനായവൻ ഒരു ശക്തിയല്ല, ദൈവമാണ്. അതിനാൽ ദൈവം മൂന്നാളത്വത്തിൽ വസിക്കുന്നു. നാലാമത് ഒരാൾ ദൈവത്തിൽ ഇല്ലെന്നതാണ് സത്യാരാധന സാക്ഷ്യപ്പെടുത്തുന്നത്. ഈ ആരാധന നമുക്ക് അനുഗ്രഹങ്ങൾക്ക് ഇടവരുത്തട്ടെയെന്ന് ആശംസിക്കുന്നു.

ക്രിസ്തീയ മനോഭാവങ്ങൾ ഉൾക്കൊണ്ട് സാത്താന്യ മനോഭാവങ്ങളോടു വിടപറയുക

ടി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ,തിരുവൻവണ്ടൂർ

ക്രിസ്തീയവിശ്വാസത്തിൽ ഏറ്റവും സവിശേഷത ആർജ്ജിക്കുന്ന ആശയമാണ് സഭ യേശുവിന്റെ മണവാട്ടി, കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ നമ്മുടെ പ്രിയപ്പെട്ടവരെ കർത്താവിനെ ആരാധിക്കുന്നതിലേക്ക് കൊണ്ടുവരുന്ന ക്രിസ്തീയ പദ്ധതി. മരണത്തെ തോൽപ്പിക്കുന്ന ദൈവീക പദ്ധതി. കാലത്തെ വെല്ലുന്ന ഇതിനേക്കാൾ വലിയ ഒരാരാധനാ പദ്ധതിയുണ്ടോ? കർത്താവിന്റെ തിരുശരീര രക്തങ്ങൾ ഭക്ഷിച്ച് അവനിൽ ലയിച്ച് നമ്മളെത്തന്നെ പുതുക്കുന്ന അനുഭവം. വിശ്വാസത്തിന്റെ പരമമായ അവസ്ഥയാണ്. നമ്മുടെ ഇഹലോക ജീവിതത്തിൽ ക്രിസ്തീയ ജീവിതം അനുഭവവേദ്യമാകേണ്ടത് സഭയാകുന്ന കൂട്ടായ്മയിലൂടെയാണ്. അങ്ങനെയൊരനുഭവം ലഭിക്കുന്നുണ്ടെങ്കിൽ നമ്മൾ അനുഗ്രഹീതരായ ഒരു സമൂഹമാണ്. കലപ്പയ്ക്കു കൈകൊടുത്തിട്ട് തിരിഞ്ഞുനോക്കുന്നവരെക്കുറിച്ച്, അവർ ദൈവരാജ്യത്തിന് യോഗ്യരല്ലെന്ന് ലൂക്കോസ് 7-62 ൽ യേശു പറയുന്നു. കർത്താവിനെ വാക്കാൽ പിൻതുടരുകയും അവനോട് അചഞ്ചലമായ പ്രതിബദ്ധത ഇല്ലാത്തവർക്കുള്ള മുന്നറിയിപ്പാണിത്. കരയും കടലും കടന്ന് ഒരുവനെ വിശ്വാസിയാക്കിയിട്ട് അവനെ രണ്ടുമടങ്ങ് നരകത്തിനു മകനാക്കി മാറ്റുന്നതിനെക്കുറിച്ച് മത്തായി 23-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്. ക്രിസ്തീയതയുടെ വിശ്വാസപദ്ധതിക്ക് അനുരൂപമല്ലാത്തതൊന്നിനും നാം കൈകൊടുക്കുകയോ പ്രചാരകരാകുകയോ ചെയ്യരുത്. ഈ അദ്ധ്യായം വിശ്വാസികൾക്കുള്ള മുന്നറിയിപ്പാണ്. മണിയും പതിരും തിരിച്ചറിയാൻ വിശ്വാസിക്ക് ബാധ്യതയുണ്ട്. സ്ഥാപിത താല്പര്യ സംരക്ഷണാർത്ഥം വിശ്വാസത്തെ കൂട്ടിയിണക്കിയുള്ള പരിപാടികൾക്കൊന്നും നമ്മൾ വിധേയരാകരുത്. വിവാഹശുശ്രൂഷയിൽ വധൂവരൻമാർ പുരോഹിതന്റെ മുമ്പിൽ നിൽക്കുമ്പോൾ അദ്ദേഹം വായിക്കുന്ന ചില പ്രസക്തമായ ഓർമ്മപ്പെടുത്തലുകളുണ്ട്. നം മനസ്സിൽ നിരൂപിക്കുന്ന കാര്യവിചാരങ്ങളൊക്കെയും അറിയുന്നവന്റെ മുമ്പിലാണെന്ന് ചുരുക്കം. ഇത് മനസ്സിന്റെ പല കയിൽ അന്ത്യശ്വാസംവരെയും യേശുവിനെ അനുഗമിക്കുന്നവർ ലിഖിതമായി കാത്തു സൂക്ഷിക്കണം. ക്രിസ്തീയ സമൂഹത്തിലെ നീതിനിഷേധങ്ങളും അത്ഭുതപ്പെടുത്തുന്ന അധാർമ്മികതകളൊന്നും യേശുവിലുള്ള നമ്മുടെ വിശ്വാസത്തിന് മങ്ങലേല്പ്പിക്കാൻ സമ്മതിക്കരുത്. അവൻ മരണത്തെ ജയിച്ച് ജീവനെ പുൽകിയവനാണ്, നമുക്ക് സമൃദ്ധമായി ജീവൻതരുവാൻ!. ഈ ലോകജീവിതം നമുക്ക് ലഭിച്ചിരിക്കുന്ന അത്ഭുതകരമായ നിധിയാണ്. അത് ഈ ലോകത്തിൽ എങ്ങനെ ഭംഗിയായി നിർവ്വഹിച്ചുകടന്നുപോകാമെന്ന് ഉപദേശപ്പെരുമഴ തന്നെ ദൈവവചനമായും അല്ലാതെയും, നമുക്ക് ലഭിച്ചിട്ടുണ്ട്. അത് ഒരു വിഭാഗീയ പദ്ധതിയല്ല, എല്ലാവർക്കും ഒരു പോലെ ബാധകമായ ദൈവം തന്റെ ഏകജാതനായ പുത്രനിലൂടെ നടപ്പിലാക്കുന്ന ദൈവീക രക്ഷാപദ്ധതി, ഈ ലോകജീവിതത്തിൽ നമ്മൾ ആ ദൈവീക രക്ഷാപദ്ധതിയിലൂടെ കടന്നുപോയി വിജയിയായി ഭവിക്കണം അതായിരിക്കണം നമ്മുടെ ആത്യന്തികമായ ലക്ഷ്യം. ഈ ഭൗമിക ജീവിതത്തിൽ നമ്മൾ ഉണ്ടാക്കിയതോ ഇനിയല്ലെങ്കിൽ ഉണ്ടാക്കാത്തതോ ആയ എല്ലാ വിഭാഗീയതയ്ക്കും അതീതനായ ഒരു മഹാഇടയൻ നമുക്കുണ്ടെന്നും മനുഷ്യകുലം വ്യത്യാസമില്ലാതെ ആട്ടിൻ കൂട്ടമാണെന്നുമുള്ള ചിന്ത നമ്മളെ ഭരിക്കണം.

സ്വാർത്ഥതയും അമിത സുഖലോലുപതാസക്തിയും ക്രിസ്തീയ ജീവിതത്തിന് തടസ്സമായി നിൽക്കുന്ന രണ്ട് പ്രവണതകളാണ്. ഇന്ന് ക്രിസ്ത്യാനിയുടെ പ്രാർത്ഥനാ വിഷയമാണ്, അമിതമായതെല്ലാം വ്യർത്ഥമാണ്. ക്രിസ്തീയ മനോഭാവങ്ങൾ ഉൾക്കൊണ്ടുജീവിക്കുക, സാത്താന്യ മനോഭാവങ്ങളോടു വിടപറയുക! നമ്മളെല്ലാവരും സ്നേഹിതരെ സ്നേഹിക്കുന്നവരാണ്. പക്ഷെ സ്നേഹിതരെ വെറുക്കുന്നവരേയും ഈ ലോക ജീവിതം കാണിച്ചുതരുന്നു. അതിനെന്താണ് കാരണം? അങ്ങനെ മനുഷ്യനെ മുഖം മൂടിയണിയിച്ച് അഭിനയിക്കാൻ പഠിപ്പിക്കുന്നത് മനസ്സിൽ ക്രിയ ചെയ്യാൻ അവസരം കൊടുക്കപ്പെട്ട പിശാചാണ്. അവനാണ് ഒരേ സമയം ദ്വിമുഖംകാണിക്കാൻ മനുഷ്യനെ ശക്തനാക്കുന്ന പ്രേരകൻ.



തീരെ കൊച്ചുകുട്ടിയായിരുന്നപ്പോൾ തൊട്ടേ കൃസൃതിക്കാരനായിരുന്നു അപ്പു. അമ്മ എന്തു പറഞ്ഞാലും അനുസരിക്കാതെ സ്വന്തം വാശിക്ക് കാര്യങ്ങൾ ചെയ്യാനായിരുന്നു അവന് ഇഷ്ടം.

ഒരു വൈകുന്നേരം അപ്പു വീടിനു പുറത്തു കളിച്ചു കൊണ്ടിരിക്കുകയായിരുന്നു. ആകാശത്ത് കറുത്ത മേഘങ്ങൾ ഇരുണ്ടുകൂടി. ശക്തിയായ മഴയും കാറ്റും വരാൻ പോവുകയാണെന്ന് കണ്ട അമ്മ അവനെ വിളിച്ചു.

"അപ്പൂ, മഴ പെയ്യാൻ പോവുകയാണ്. വേഗം കളിയവസാനിപ്പിച്ച് അകത്തേക്ക് വരൂ! വരുംവഴി വഴിയിലുള്ള വലിയ മരത്തിന്റെ ചുവട്ടിൽ നിൽക്കരുത്, അവിടെ ഉണങ്ങിയ വലിയൊരു കമ്പ് വീഴാറായി നിൽപ്പുണ്ട്."

പക്ഷേ അപ്പു അമ്മയുടെ വാക്ക് കേട്ടതായി പോലും ഭാവിച്ചില്ല. അവൻ മാവിൻ ചുവട്ടിൽ തന്നെ ഇരുന്ന് പന്തുകളി തുടർന്നു.

പെട്ടെന്നാണ് കനത്ത ഇടിയോടും മിന്നലോടും കൂടി ശക്തിയായ കാറ്റും മഴയും തുടങ്ങിയത്. മഴ നനയാതിരിക്കാൻ അപ്പു ഓടിപ്പോയി തൊട്ടടുത്തുള്ള വലിയ മരത്തിന്റെ ചുവട്ടിൽ നിൽക്കാൻ തുനിഞ്ഞു. എന്നാൽ ആ സമയത്താണ് അമ്മ ഓടിവന്ന് അവനെ ശക്തിയായി പിടിച്ചുവലിച്ച് വീടിന്റെ ഉമ്മറത്തേക്ക് മാറ്റി നിർത്തിയത്.

അവർ മാറിനിന്ന അടുത്ത നിമിഷം തന്നെ ഭീകരമായ ശബ്ദത്തോടെ ആ വലിയ ഉണക്കക്കമ്പ് മരംനിന്ന സ്ഥലത്തേക്ക് ഒടിഞ്ഞുവീണു! അപ്പു ആ കാഴ്ച കണ്ട് ഭയന്നു പോയി. അമ്മ തന്നെ പിടിച്ചു വലിച്ചില്ലായിരുന്നുവെങ്കിൽ ആ വലിയ മരക്കമ്പ് തന്റെ തലയിലായിരുന്നു വീഴുമായിരുന്നത്.

അവൻ പേടിയോടെ അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു.

"അമ്മേ, എന്നോടു ക്ഷമിക്കണം. ഞാൻ അമ്മയുടെ വാക്ക് അനുസരിച്ചില്ല. ഇനിമേലിൽ ഞാൻ മുതിർന്നവരുടെ വാക്കുകൾ അനുസരിക്കാം,"

അന്നുതൊട്ട് അപ്പു അനുസരണയുള്ള നല്ലൊരു കുട്ടിയായി മാറി.

ഗുണപാഠം:

മുതിർന്നവരുടെ വാക്കുകളും ഉപദേശങ്ങളും നമ്മുടെ നന്മയ്ക്കും സുരക്ഷിതത്വത്തിനും വേണ്ടിയുള്ളതാണ്.

ബാലദീപം ക്വിസ്

അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ

യെഹെസ്കേൽ

1. യെഹെസ്കേലിന്റെ പിതാവിന്റെ പേര് എന്ത്?
2. ദർശനങ്ങൾ ലഭിക്കുമ്പോൾ യെഹെസ്കേൽ ഏത് നദീ തീരത്ത് ആയിരുന്നു?
3. നാല് ജീവികൾക്കുണ്ടായിരുന്ന മുഖങ്ങൾ ഏതെല്ലാം?
4. ദൈവം തിന്നാൻ പറഞ്ഞ വസ്തു എന്ത്? അത് രുചിയിൽ എങ്ങനെ ആയിരുന്നു?
5. യെഹെസ്കേലിനെ ഇസ്രായേൽ ഭവനത്തിന് ദൈവം നിയമിച്ചത് ആരായിട്ടാണ്?
6. യെഹെസ്കേൽ എന്ത് ജോലിയുള്ള വ്യക്തിയായിരുന്നു (ജന്മം കൊണ്ട്)?
7. "ഉണങ്ങിയ അസ്ഥികളുടെ താഴ്വര" ദർശനം ഏത് അധ്യായത്തിൽ?
8. ദൈവാലയത്തിൽ നിന്ന് പുറപ്പെട്ട വെള്ളം ക്രമേണ എന്തായി മാറി (അദ്ധ്യായം 47)?
9. ഗോഗിനെയും മാഗോഗിനെയും കുറിച്ചുള്ള പ്രവചനം ഏത് അദ്ധ്യായങ്ങളിൽ?
10. പുസ്തകത്തിന്റെ അവസാനം നഗരത്തിന് നൽകിയ പേര് എന്ത്?

ഒക്ടോബർ മാസത്തിലെ ഉത്തരങ്ങൾ

വിലാപങ്ങൾ

1. 5 അദ്ധ്യായങ്ങൾ
2. യെരൂശലേമിന്റെ നാശത്തെക്കുറിച്ചുള്ള ദുഃഖവും വിലാപവും
3. യെരൂശലേം
4. യഹോവയുടെ ക്രോധം.
5. എഴുന്നേറ്റ് രാത്രിയിൽ നിലവിളിച്ച് യഹോവയുടെ സന്നിധിയിൽ ഹൃദയം പകരാൻ
6. 3-ാം അദ്ധ്യായം
7. ദൈവത്തിന്റെ കരുണയും വിശ്വസ്തതയും
8. യെരൂശലേമിന്റെ നാശവും ജനങ്ങൾ അനുഭവിച്ച കഷ്ടതയും
9. പ്രാർത്ഥന/അപേക്ഷയുടെ രൂപത്തിൽ
10. യഹോവയുടെ രക്ഷയ്ക്കായി മിണ്ടാതെയും പ്രത്യാശയോടെയും കാത്തിരിക്കുന്നത് നല്ലതാണ്.

Bible Quiz(English)
November
(Lamentations)

1. How many chapters does Lamentations have?
2. Who is traditionally believed to have written it?
3. Whose destruction does the book mourn?
4. In 1:1, the city once full of people is compared to what?
5. Which chapter has 66 verses, with each letter of the Hebrew alph
6. Complete it: "The steadfast love of the Lord never ceases; his me morning." Which verse is this?
7. "The Lord is my ," says my soul, "therefore I will hope in him
8. Chapters 1 to 4 are acrostic poems. Which chapter is not?
9. What does the Hebrew title Eichah mean?
10. What is the closing prayer in 5:21?



ക്നാനായ സൺഡേസ്കൂൾ സമാജം ചിങ്ങവനം ഡിസ്ട്രിക്റ്റ് കുദോശ് ഈത്തോ ദിനാചാരണം ചിങ്ങവനം സെന്റ് ജോൺസ് ദയറ പള്ളിയിൽ സൺഡേ സ്കൂൾ സമാജം ഡയറക്ടർ ഫാ. ജേക്കബ് കല്ലുകുളം ഉദ്ഘാടനം ചെയ്യുന്നു. ഫാ. ബിബി എബ്രഹാം കിഴക്കേ മുറിയിൽ, ഫാ. മോനായി കെ ഫിലിപ്പ് കർക്കിടകം പള്ളിൽ, ഫാ. നോബിൻ തോമസ് ഇളകുറ്റൂർ, ഫാ. മെറ്റോ ജേക്കബ് വെട്ടിപ്പുറമ്പിൽ, ബിനോ പാറക്കുളം, സജി ടി. തോമസ് തെക്കേ കരോട്ട് എന്നിവർ സമീപം.



കേരള കൗൺസിൽ ഓഫ് ചർച്ചസ് (KCC) മീറ്റിംഗിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സംസാരിക്കുന്നു.



ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ അനുമതിയോടെ നിയമിതമായ വൈദിക അനുരഞ്ജന സമിതിയിലെ വൈദികർ ഒരു വർഷത്തോളം നീണ്ടുനിന്ന ആലോചനകൾക്ക് ശേഷം അനുരഞ്ജന നിർദ്ദേശങ്ങൾ ക്നാനായ അസ്സോസിയേഷനിൽ ചർച്ച ചെയ്യുവാനായിട്ട് സമുദായ സെക്രട്ടറി ശ്രീ. റ്റി.ഒ. ഏബ്രഹാം തോട്ടത്തിലിന് വൈദിക അനുരഞ്ജന സമിതി കൺവീനർ ഫാ. രാജൻ ഏബ്രഹാം കുളമടയിൽ കൈമാറുന്നു.

4th Death anniversary
26/11/2026



Advt -S

P.P. Mathew (Jayamon)
Pullampallil House, Ranny

'ഈ ആത്മാവ് സ്വർഗത്തിൽ ആണ് എന്ന് വിശ്വസിക്കുന്നു.'

By Sorrowing family

ഒന്നാം ചരമവാർഷികം
08 – 12 – 2026



Advt -O

സിനു കുര്യാക്കോസ്
എള്ളുംകാലായിൽ (പുന്നമൂട്ടിൽ), വെച്ചൂച്ചിറ

'നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ'

സന്തപ്ത കുടുംബാംഗങ്ങൾ

1 – ാം ചരമവാർഷികം
11 – 12 – 2026



Advt -O

ഷീല പുന്നൂസ്
പള്ളിയമ്പിൽ (H)
ചന്ദനക്കാംപാറ, പയ്യാവൂർ, കണ്ണൂർ

സന്തപ്ത കുടുംബാംഗങ്ങൾ

പ്രത്യാശയുടെ 4 വർഷങ്ങൾ
18 – 11 – 2026



Advt - O


Thomas Abraham (82)
Anjilimoottil, Thalavady, Edathua

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ


10/11/2026
2nd Death Anniversary
Mathew Kuruvilla (Saju)
Kannampuram
Paints & Hardware
Chingavanam
"Your Memory is a blessing that will never fade..
Thought you are gone, your spril lives in our hearts
By Sorrowing Family
Advt -O


7 – ാം ചരമവാർഷികം
14-11-2026
Advt -S
Thankamma Kunjachan
(കൊച്ചമ്മച്ചി)
Planthottathil Thayil, Kallissery
"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
ഞങ്ങളുടെ സ്വന്തം കൊച്ചമ്മച്ചി"
Jiju and Family


50th Birthday
with Jesus in Heaven
07.12.2026
Advt - O
K K KURUVILLA
KAMPAKALUNKAL
KOTTAYAM
Dr. K K Kuruvilla & family.

1 – ാം ചരമവാർഷികം

03 – 12 – 2026



Advt - O

സി. എ. സൈമൺ (തമ്പി)

ചെറുവള്ളിൽ, കുറിച്ചി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

12th Birthday in Heaven

15 – 11 – 2026



Advt -O

T. P. Cheriyan

Veliyathuthundiyil, Thuruthickadu

By Sorrowing Family

50th Death Anniversary

06-12-2026



Advt - O

Mathew Kochuitti

Perumkannaril House, Mannar

നിത്യതയിൽ കാണം എന്ന് പ്രത്യാശയിൽ,
കൊച്ചുമകൾ, Kunjunjamma

By Sorrowing family

40 – ാം ചരമദിനം

17 – 11 – 2026



Advt -S

ശോശാമ്മ ജോസഫ് (ചാച്ചിക്കുട്ടി)

പാട്ടാശ്ശേരിൽ, ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

1 – ാം ചരമവാർഷികം

19 – 11 – 2026



Advt - O

തങ്കമ്മ ഇട്ടിയവിര

കൊച്ചേത്ത്, ഐത്തല

ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും
St.John 11:25

സന്തപ്ത കുടുംബാംഗങ്ങൾ

4 – ാം ചരമവാർഷികം

30 – 11 – 2026



Advt -O

വിജയ് ചാക്കോ

ചിറയിൽ, കറ്റോട്

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ" *സന്തപ്ത കുടുംബാംഗങ്ങൾ*



8 – ാം ചരമവാർഷികം

12 – 11 – 2026



Advt -G

ശോശാമ്മ ജേക്കബ് (ശാന്തമ്മ)

കണ്ണാടിപുഴ, ഇരുമ്പനം, എറണാകുളം

"മരിച്ചവർ ജീവിച്ചിരിക്കുന്നവരേക്കാൾ സജീവരാണ് എന്ന് തെളിയിച്ചു
കൊണ്ടിരിക്കുന്ന പ്രിയപ്പെട്ട അമ്മേ... വന്ദനം, സ്നേഹം"

സന്തപ്ത കുടുംബാംഗങ്ങൾ

8 – ാം ചരമവാർഷികം

14 – 12 – 2026



Advt -S

അമ്മിണി ജോസഫ്

പള്ളിയമ്പിൽ, കുറ്റൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

8 – ാം ചരമവാർഷികം

1 – 12 – 2026



Advt -S

ഷൈനി ഏബ്രഹാം

കുന്നുംപുറത്ത്, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

40 – ാം ചരമദിനം

15.11.2026



Advt -R

വി.കെ.ചാക്കോ വാഴൂത്ര

നിലംപേരൂർ സെന്റ് മേരീസ് സിറിയൻ സണ്ടേസ്കൂൾ അദ്ധ്യാപകനായും
ഹെഡ്മാസ്റ്ററായും 54 വർഷം സേവനമനുഷ്ഠിച്ച് കർത്തവ്യനിരതിയിൽ നിന്ന പ്രാപിച്ച അങ്ങയുടെ
ഓർമ്മയ്ക്ക് മുമ്പിൽ പ്രണാമങ്ങൾ

നിലംപേരൂർ സെന്റ് മേരീസ് സിറിയൻ സണ്ടേസ്കൂൾ

4 – ാം ചരമവാർഷികം

18 – 11 – 2026



Advt -R

C.P. James

Cottackal House, Karapuzha, Kottayam

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

50th Death Anniversary of Our Beloved Achayan & Amma



ALEYAMMA ABRAHAM
12-11-1976

DR. I.C. ABRAHAM
16-09-1976

ELAYASSERIL

By Sorrowing family

Advt -O

11 – ാം ചരമവാർഷികം
17 – 11 – 2026



കുര്യൻ കുറിയാക്കോസ്

9 – ാം ചരമവാർഷികം
10 – 11 – 2026



പെണ്ണമ്മ ഉണ്ണിട്ടൻ

കണ്ണൻകുഴയത്ത്, തോണിക്കടവ്, റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

1 – ാം ചരമവാർഷികം

21 – 11 – 2026



Advt -R

N.A.KURIAN (BABU)

നടുവത്തുശ്ശേരി, നീലംപേരൂർ (കൊക്കംപാടം)

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

40th Charama Dhinam
(02.12.2026)

16th Death Anniversary
(03.11.2026)



Ammini Kurian **K. I. Kurian**

Kuttikattil, Mazukeer

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ "

Advt -O

By Sorrowing family

---

40 – ാം ചരമദിനം

26 – 09 – 2026 (D. Date)



K.O.Punnoose (Baby)

19 – ാം ചരമവാർഷികം

2 – 11 – 2026



Advt -S

ശോശാമ്മ പുന്നൂസ്

കോവിലാൽ, മഴുക്കീർ

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

ദൈവത്തിന്റെ കരുണയുടെ കരങ്ങൾ നഴ്സിംഗ് ശുശ്രൂഷ എന്ന ദിവ്യദൗത്യം

Tinku Renjit, Thekkekarot, UK

ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളുടെ കണ്ണുനീർ ഒപ്പുന്നവരാണ് നഴ്സുമാരും ആരോഗ്യപ്രവർത്തകരും. രോഗവും വേദനയും നിറഞ്ഞ നിമിഷങ്ങളിൽ ഒരു ആശ്വാസ കിരണമായി അവർ കടന്നുവരുമ്പോൾ അവിടെ പ്രകടമാകുന്നത് ദൈവത്തിന്റെ അനന്തമായ സ്നേഹവും കരുണയുമാണ്. ശാസ്ത്രവും വൈദ്യശാസ്ത്രവും മനുഷ്യനെ ചികിത്സിക്കുമ്പോൾ പൂർണ്ണമായ രോഗശാന്തി നൽകുന്നത് സർവ്വശക്തനായ ദൈവമാണ്. ഡോക്ടർമാരുടേയും നഴ്സുമാരുടേയും കഠിനാധ്വാനത്തിലൂടെയും സ്നേഹമസൃണമായ പരിചരണത്തിലൂടെയും പ്രവർത്തിക്കുന്നത് ദൈവത്തിന്റെ സ്വന്തം കരങ്ങളാണ്.

സൗഖ്യദായകനായ ദൈവത്തിന്റെ പ്രതിപുരുഷന്മാർ

വിശുദ്ധ ഗ്രന്ഥത്തിൽ ദൈവം സ്വയം വെളിപ്പെടുത്തുന്നത് സൗഖ്യദായകനായാണ്.

"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു."(പുറപ്പാട് 15:26).

"ഞാൻ നിന്റെ ആരോഗ്യം പുന:സ്ഥാപിക്കുകയും നിന്റെ മുറിവുകൾ സുഖപ്പെടുത്തുകയും ചെയ്യും"(യിരെമ്യാവ് 30:17)

നഴ്സുമാർചെയ്യുന്നത് വെറുമൊരു തൊഴിലല്ല, മറിച്ച് ദൈവത്തിന്റെ ആ സൗഖ്യദായകമായ സ്പർശം രോഗികളിലേക്ക് എത്തിക്കുന്ന വിശുദ്ധമായൊരു ദൈവവിളിയാണ് (Divine Vocation). തങ്ങളുടെ സ്വന്തം സുഖസൗകര്യങ്ങളും കുടുംബത്തോടൊപ്പമുള്ള സമയവും മാറ്റിവെച്ച് പ്രതികൂല സാഹചര്യങ്ങളിലും പകർച്ചവ്യാധികളുടെ മധ്യത്തിലും നഴ്സുമാർ കാട്ടുന്ന സേവനമനോഭാവം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ജീവിക്കുന്ന തെളിവാണ്.

സുവിശേഷത്തിലെ രോഗീപരിചരണവും ക്രിസ്തുവിന്റെ ആഹ്വാനവും

യേശുക്രിസ്തു തന്റെ പരസ്യ ജീവിതത്തിലൂടെ കാണിച്ചുതന്നത് ശുശ്രൂഷയുടേയും കരുണയുടേയും വലിയ മാതൃകയാണ്. രോഗികളെ സുഖപ്പെടുത്തുകയും മന:ക്ലേശമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്ത യേശു, നമ്മോടും അപ്രകാരം ചെയ്യാൻ ആഹ്വാനം ചെയ്യുന്നു.

വിശുദ്ധമത്തായിയുടെ സുവിശേഷത്തിൽ കർത്താവ് അരുളിച്ചെയ്യുന്നു. എന്റെ ഏറ്റവും ചെറിയ ഈ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ഇതു ചെയ്തപ്പോഴെല്ലാം എനിക്കു തന്നെ ചെയ്തു(മത്തായി 25:30)

ഒരു നഴ്സ് ഒരു രോഗിയുടെ മുറിവ് വെച്ചു കെട്ടുമ്പോഴും,വേദനയിൽ നെടുവീർപ്പിടുന്നവർക്ക് മരുന്ന് നൽകി ആശ്വസിക്കുമ്പോഴും അവർ സാക്ഷാത്കരിക്കുന്നത് ക്രിസ്തുവിന്റെ വാക്കുകളാണ്. ഓരോ രോഗിയിലും യേശുവിനെ ദർശിക്കാനും ദൈവസ്നേഹത്തോടെ അവരെ പരിചരിക്കാനും കഴിയുന്നിടത്താണ് നഴ്സിംഗ് ശുശ്രൂഷയുടെ മഹത്വം നിലകൊള്ളുന്നത്.

നല്ല ശമര്യാക്കാരന്റെ ഉപമയും നഴ്സിംഗും

സുവിശേഷത്തിലെ നല്ല ശമര്യക്കാരന്റെ ഉപമ (ലൂക്കോസ് 10-30-37)

നഴ്സിംഗ്, സേവനത്തിന്റെ ഉത്തമ ഉദാഹരണമാണ്. വഴിയിൽ മുറിവേറ്റു കിടന്ന അപരിചിതനായ മനുഷ്യനെ കണ്ട് അലിവുതോന്നി അവന്റെ മുറിവുകളിൽ എണ്ണയും വീഞ്ഞുമൊഴിച്ച് വെച്ചുകെട്ടി പരിചരിച്ച ശമര്യക്കാരനെപ്പോലെയാണ് ഓരോ നഴ്സും. ജാതിമതഭേദമെന്യേ, ഏതു അടിയന്തരസാഹചര്യങ്ങളിലും ഓരോ മനുഷ്യജീവനും വിലകല്പിച്ചു നൽകുന്ന ഈ പരിചരണം ദൈവീക സ്നേഹത്തിന്റെ പ്രതിഫലനമാണ്.

ദൈവകൃപയാൽ പ്രവർത്തിക്കുന്ന ശുശ്രൂഷാകരങ്ങൾ.

ചികിത്സിക്കുന്നത് മനുഷ്യനാണ്. എന്നാൽ സൗഖ്യമാക്കുന്നത് ദൈവമാണ്. ഡോക്ടറുടേയും നഴ്സിന്റേയും അറിവും കൈകളുടെ നൈപുണ്യവും ദൈവത്തിന്റെ ദാനമാണ്. വിശുദ്ധ പത്രോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു;

ഒരുവൻ ശുശ്രൂഷിക്കുന്നുവെങ്കിൽ ദൈവം നൽകുന്ന ശക്തിക്കനുസരിച്ച് ശുശ്രൂഷിക്കട്ടെ.(1പത്രോസ് 4:11)

തങ്ങളുടെ കഴിവിലും അറിവിലും മാത്രം ആശ്രയിക്കാതെ ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് ശുശ്രൂഷ ചെയ്യുമ്പോൾ അസാധ്യമായ പല കാര്യങ്ങളും രോഗികളിൽ സംഭവിക്കുന്നത് നാം കാണാറുണ്ട്. പ്രാർത്ഥനയോടെയും പുഞ്ചിരിയോടെയും ചെയ്യുന്ന ചെറിയൊരു ശുശ്രൂഷ പോലും രോഗിക്ക് വലിയ പ്രത്യാശയും ജീവിക്കാനുള്ള പ്രചോദനവും നൽകുന്നു. ●

Bible Quiz (English) Answers for the month of October

1. Hilkiah.
2. Anathoth, in the land of Benjamin.
3. Baruch son of Neriah.
4. Jeremiah's mouth.
5. An almond branch and a boiling pot.
6. King Josiah.
7. A field at Anathoth.
8. Ebed-Melek, the Cushite.
9. Nebuchadnezzar.
10. God promised plans for peace and hope for His people.

നീയും നിന്റെ മക്കളും ഭർത്താവും കൂടെ

ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ, ഇരവിപേരൂർ

മാതാവും പിതാവും മക്കളും ചേരുന്നതാണ് കുടുംബം. ദൈവമാണ് കുടുംബത്തിന്റെ ഉപജ്ഞാതാവ് (ഉല്പ: 2:18). ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിന്റെ ഏറിയ പങ്കും ലഭിക്കുന്നത് സ്വന്തം ഭവനത്തിൽ നിന്നുമാണ്. മാതാപിതാക്കന്മാരാണ് അവരുടെ ആദ്യത്തെ ഗുരുക്കൾ. അവരുടെ സ്വഭാവം, വിശ്വാസം,സംസാരം, എല്ലാം മക്കളെ സ്വാധീനിക്കുന്നു. സഖറിയാവ് പുരോഹിതനായിരുന്നു (ലൂക്കോ 1:8),അദ്ദേഹം ഗബ്രിയേലിന്റെ വാക്ക് വിശ്വസിച്ചില്ല, സംശയിച്ചു(ലൂക്കോ1:19-20). ആ വിശ്വാസക്കുറവും സംശയവും പുത്രനായ യോഹന്നാൻ സ്നാപകനിലും കാണാം. മാതാവിന്റെ ഉദരത്തിൽ വെച്ച് തന്നെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു (ലൂക്കോ1:41). ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ഏലിയ ദീർഘദർശിയുടെ (2രാജാ 2:11)ആത്മാവോടെ കർത്താവിന്റെ മുന്നോടിയായിവന്ന് (മലാഖി 3:1)(ലൂക്കോ7:27) പ്രാവ് രൂപത്തിൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ പരിശുദ്ധ റൂഹായെ സ്വന്തം കണ്ണുകൊണ്ട് കണ്ടു (ലൂക്കോ3:22). അങ്ങനെയിറങ്ങിയ പരി: റൂഹാ ആരുടെ മേൽ ആവസിക്കുന്നുവോ അവൻ ക്രിസ്തുവെന്ന് അരുളപ്പാട് ലഭിച്ച് (യോഹ-1:32-34) ഇവനെന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന പിതാവാം ദൈവത്തിന്റെ ശബ്ദം സ്വന്തം ചെവികൊണ്ട് കേട്ട് (ലൂക്കോ 3:21-22) ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന മ്ശിഹായെക്കുറിച്ച് സാക്ഷ്യം പറഞ്ഞ യോഹന്നാൻ,(യോഹ-1:29-30) കാരാഗൃഹത്തിൽ അകപ്പെട്ട് വിടുതൽ പ്രാപിക്കാൻ കഴിയാതെ വന്നപ്പോൾ മ്ശിഹായെ സംശയിച്ചു(മത്തായി13:2-3). കൂടുമ്പോൾ ഇമ്പമുള്ളത് കുടുംബം എന്നാണ് വിവക്ഷ. Oikos എന്ന ഗ്രീക്കു പദത്തിൽനിന്നുമാണ് അതിന്റെ ഉത്ഭവം. Oikos എന്നാൽ സന്തോഷത്തോടെ തിരിച്ച് വരാനുള്ള ഇടം എന്നാണ്. സുപ്രസിദ്ധ എഴുത്തുകാരൻ സ്റ്റീഫൻ ആർക്കലോയുടെ വാക്കുകളാണിത്(ഘർബാപ്പസി).എന്നാൽ ഇന്ന് പലയിടത്തും നാലുദിക്കിലേക്ക്തിരിഞ്ഞുനിൽക്കുന്ന അശോകസ്തംഭം പോലെയാണ് കുടുംബം.

ഒരിക്കൽ ഒരു അദ്ധ്യാപകൻ കുട്ടികൾക്ക് ഇലക്ട്രിസിറ്റി എന്ന വിഷയത്തെപ്പറ്റി ക്ളാസ്സെടുക്കുകയായിരുന്നു. ഒരു കുട്ടി ഒഴികെ ബാക്കി എല്ലാ കുട്ടികളും ഇലക്ട്രിസിറ്റി എന്ന പദം വ്യക്തമായും സ്ഫുടമായും പറഞ്ഞു.എന്നാൽ ആ കുട്ടി അദ്ധ്യാപകൻ എത്ര ശ്രമിച്ചിട്ടും ഇലട്രിക്ക് കുറ്റിയെന്നേ പറയൂ. അദ്ധ്യാപകൻ കുട്ടിയുടെ പിതാവിനെ വരുത്തി സംഗതി പറഞ്ഞു. അയാൾ പറഞ്ഞു, അതു സാരമില്ല സാറേ, ശരിയായിക്കൊള്ളും. അവന്റെ നാക്കിന് ഫ്ലെക്സബിൾ കുറ്റി കുറവായതുകൊണ്ടാണ്.ഉദ്ദേശിച്ചത് Flexability (വഴക്കം) എന്ന് പറഞ്ഞപ്പോൾ ഫ്ലെക്സബിൾ കുറ്റിയായി. വീട്ടിലെത്തിയ അദ്ദേഹത്തിനോട് ഭാര്യ ചോദിച്ചു, പോയിട്ടെന്തായി? അയാൾ നടന്ന സംഭവങ്ങൾ വിവരിച്ചു. അവൾ പറഞ്ഞു, ഓ, അതൊന്നും കാര്യമാക്കരുത്. അവന് അതിനുള്ള കപ്പാക്കുറ്റിയേയുള്ളു. വീട്ടിൽ സർവ്വത്ര കുറ്റിയാണ്. പിന്നെ മക്കൾ എങ്ങനെ കുറ്റികൾ ആകാതിരിക്കും.

ഒരു കുടുംബം നിലനിൽക്കണമെങ്കിൽ അതിന് 7 തൂണുകൾ ആവശ്യമാണ്. അവ സ്നേഹം, സമാധാനം, വിശ്വാസം,താഴ്മ, അനുസരണം, ആതിഥ്യമര്യാദ, പ്രാർത്ഥന, എന്നിവയാണ്.

വിവേകം മനുഷ്യനെ മൃഗങ്ങളിൽ നിന്നു വ്യത്യസ്തനാക്കുന്നു (സദ്യ19:11).

ഒരു മനുഷ്യന്റെ ഉത്തമസമ്പത്ത് ധനമല്ല, സന്താനങ്ങളാണ്.ഭാഗ്യവാനായ മനുഷ്യൻ സദ്ഗുണസമ്പന്നരായ മക്കളെക്കൊണ്ട് തന്റെ ആവനാഴി നിറയ്ക്കുന്നു(സങ്കീ 127:5). തനിക്ക് ആദ്യമായി ലഭിച്ച പുത്രനെക്കുറിച്ച് ഹവ്വാ പറയുന്നത് "എനിക്ക് ദൈവത്താൽ ഒരു പുരുഷപ്രജ ലഭിച്ചുവെന്നാണ്(ഉല്പ 4:1). മഹാനായ നെപ്പോളിയൻ പറഞ്ഞു, ഒരു കുട്ടിയുടെ സ്വഭാവരൂപീകരണത്തിൽ മാതാവിന് വലിയ പങ്കുണ്ട്. സ്നേഹം, ക്ഷമ, സഹാനുഭൂതി, അനുസരണം, വിശ്വസ്തത, അദ്ധ്വാനശീലം, എന്നിവ അവർ മാതാവിൽനിന്ന് പഠിക്കുന്നു. പിതാവ് അധികാരങ്ങൾക്ക് കീഴ്പ്പെടുന്നവൻ ആയിരിക്കണം (എഫെ 5:22)അത് കണ്ട് പഠിക്കുന്ന മക്കൾ ഒരിക്കലും തെറ്റിപ്പോകയില്ല. ബ്രാഹ്മണസ്ത്രീകൾ രാവിലെ ഭർത്താവിന്റെ കാലുകൾ തൊട്ടു വന്ദിച്ച് എഴുന്നേൽക്കുന്നു. കുട്ടികൾ മാതാവിന്റെയും. ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിച്ചാൽ അവൻ വൃദ്ധനായാലും അതിൽനിന്ന് പിൻതിരിയുകയില്ല. (സദ്യ 22:6). നിർഭാഗ്യവശാൽ ഇന്ന് ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിന് കൊടുക്കേണ്ടതിന്റെ ഒരംശം പോലും ആത്മീയ വിദ്യാഭ്യാസത്തിന് നൽകുന്നില്ല എന്നത് ഒരു നഗ്നസത്യമാണ്. സ്ത്രീയുടെ തല പുരുഷൻ, പുരുഷന്റെ തല ക്രിസ്തു,ക്രിസ്തുവിന്റെ തല പിതാവാം ദൈവവുമാണ്. (1 കൊറിന്ത്യർ 11:3). മക്കൾ ദൈവത്തിന്റെ ദാനമാണ്. ഉടമസ്ഥാവകാശം ദൈവത്തിനും കൈവശാവകാശം മാതാപിതാക്കൾക്കുമാണ്. സൃഷ്ടാവിനേക്കാൾ അധികം സൃഷ്ടിയെ സ്നേഹിക്കരുത്. മാതാ, പിതാ, ഗുരു, ദൈവം എന്നാണ് ഹിന്ദുമതം അനുശാസിക്കുന്നത്. ഒരു ക്രിസ്ത്യാനി സ്ത്രീ കർത്താവ് കഴിഞ്ഞാൽ പ്രഥമസ്ഥാനം കൊടുക്കേണ്ടത് തന്റെ ഭർത്താവിനായിരിക്കണം. അവൾ തന്റെ വീട്ടിൽ ഫലപ്രദമായ മുന്തിരിവള്ളിയായിരിക്കണം (സദ്യ128:3). അവനെ സ്നേഹിക്കേണ്ടതും ബഹുമാനിക്കേണ്ടതും അനുസരിക്കേണ്ടതും മനസ്സിലാക്കേണ്ടതും ഭാര്യ തന്നെയാണ്.

സ്ത്രീ കുടുംബത്തിന്റെ വിളക്കാണ്. ഭവനത്തെ പണി

യുന്നതും പൊളിച്ചു കളയുന്നതും അവൾ തന്നെ. (സദൃ14:1).ഹിന്ദുസ്ത്രീകൾ വിവാഹം കഴിഞ്ഞ് ഭവനത്തിലേക്ക് വരുന്ന വധുവിന്റെ കയ്യിൽ ഒരു നിലവിളക്ക് കൊടുത്ത് ആനയിക്കുന്നു. ശ്രീബുദ്ധൻ പറഞ്ഞു,സ്വയം ചിന്തിക്കൂ, നിങ്ങൾ തന്നെ നിങ്ങൾക്ക് വിളക്കാകൂ. 10 കന്യകമാരുടെ ഉപമയിലും കർത്താവ് ഇതുതന്നെ വ്യക്തമാക്കിയിരിക്കുന്നു. ഭർത്താക്കന്മാരുടെ മഹത്വത്തെ അംഗീകരിക്കാനോ അവർ വിശ്വസിച്ച ദൈവത്തിൽ ആശ്രയിക്കാനോ കൂട്ടാക്കാതെ ജീവിത പരാജയം സംഭവിച്ച പല സ്ത്രീകളേയും ബൈബിളിൽ കാണും. മോശയുടെ ഭാര്യ സിപ്പോറ, ദാവീദിന്റെ ഭാര്യ മീവൾ, എന്നിവർ ആ ഗണത്തിൽ പെടുന്നു. (2ശമു6:16-23). ദൈവഹിതത്തിന് സ്വയം സമർപ്പിച്ച പല സ്ത്രീ രത്നങ്ങളേയും ബൈബിളിൽ കാണാം. സാറ(എബ്രാ11:11)എലിസബേത്ത് (ലൂക്കോ1:6) ഹന്നാ (1ശമു1:24-28) കന്യകമറിയാം (ലൂക്കോ1:38) എന്നിവർ ആ ഗണത്തിൽ പെടുന്നു. അതിൽ പരി:കന്യകമറിയാമിന്റെ പ്രഥമസ്ഥാനം ഇന്നും ജ്വലിച്ച് നിൽക്കുന്നു. കർത്താവിന്റെ ആദ്യത്തെ അത്ഭുതം തന്നെ ആ അമ്മയുടെ ആഗ്രഹനിവൃത്തിയത്രേ (യോഹ 2-3-11). ഏലിപുരോഹിതൻ ദൈവസന്നിധിയിൽ ശുശ്രൂഷിച്ചുവെങ്കിലും പിതാവെന്ന നിലയിൽ മക്കളെ നേർവഴിക്ക് നടത്തുന്നതിൽ പരാജയപ്പെട്ടു, ഉപദേശിച്ചുവെങ്കിലും വൈകിപ്പോയിരുന്നു. പരിണാമം അത്യന്തം ശോചനീയമായിരുന്നു (ശമു 4:17).ബാലശിക്ഷ നൽകി മക്കളെ വളർത്തണം. അത് സ്നേഹത്തിന്റെ ഭാഗമാണ് (എബ്രാ12:4).മക്കളിൽ ലക്ഷ്യബോധം വളർത്തിയെടുക്കണം, നല്ല കൂട്ടുകാർ ദൈവം തരുന്ന താലന്തുകളാണ്. ജീവിതത്തിൽ നല്ല സാക്ഷ്യം ലഭിച്ചവർ ആയിരിക്കണം മാതാപിതാക്കന്മാർ. നല്ല പേര് സുഗന്ധതൈലത്തേക്കാൾ മെച്ചം(സദൃ7:1).പത്രോസിനെപ്പോലെ വേലക്കാരത്തിയുടെ സാക്ഷ്യം (മത്താ26:60).രൂത്തിനെപ്പറ്റി ഉത്തമസ്ത്രീയെന്ന ബോവാസിന്റെ സാക്ഷ്യം (രൂത്ത് 3:11).കൊലയാളിയുടെ കൈയ്യിലെ കത്തിയും ഡോക്ടറുടെ കൈയ്യിലെ കത്തിയും വ്യത്യസ്തഫലങ്ങൾ സൃഷ്ടിക്കുന്നു. നാക്കും അങ്ങനെ തന്നെ. ചെറിയ തീ വലിയ കാടു കത്തിക്കുന്നു (യാക്കോ 3:5). മൃദുവായ ഉത്തരം കോപത്തെ ശമിപ്പിക്കുന്നു (സദൃ15:1) നല്ല വാക്കുകൾ അല്ലാതെ ആകാത്തതൊന്നും വായിൽനിന്നും വരരുത് (എഫെ 4:29). നാവിനെ മനുഷ്യന് മെരുക്കാവുന്നതല്ല, അത് മരണകരമായ വിഷം അതിനാൽ നാം ദൈവത്തെ സ്തുതിക്കുന്നു. ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യനെ ശപിക്കുന്നു. ഒരേ വായിൽ നിന്ന് സ്തോത്രവും ശാപവും പുറപ്പെടുന്നു (യാക്കോ 3:8-12). സ്വന്തം തെറ്റുകൾ മറ്റുള്ളവരുടെ മേൽ പഴിചാരുകയും എല്ലായ്പ്പോഴും കുറ്റങ്ങളും കുറവുകളും പറഞ്ഞുകൊണ്ടിരിക്കുന്നവരെ മക്കൾപോലും വെറുക്കും. വിശാലഹൃദയമുള്ളവർക്കേ മറിച്ചാകാൻ കഴിയൂ. അതിനാലാണ് കർത്താവു പറഞ്ഞത്, ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. അവർ ദൈവത്തെ കാണുമെന്ന് (മത്താ5:8). തന്റെ ലംഘനങ്ങളെ മറക്കുന്നവന് ശുഭം വരികയില്ല, അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവന് കരുത്തുലഭിക്കും.(സദൃ28:13) മാതാപിതാക്കളിലൊരാൾ മക്കളെ ശാസിക്കുമ്പോൾ മറ്റേയാൾ മക്കളുടെ പക്ഷം ചേർന്ന് കലഹം ഉണ്ടാക്കുന്നത് മക്കളുടെ ഭാവി നശിപ്പിക്കും. അവർ മക്കളുടെ ശവപ്പെട്ടിക്ക് ആണി അടിക്കുകയത്രേ ചെയ്യുന്നത്.

മിശിഹാ തമ്പുരാൻ സഭയാം മണവാട്ടിക്ക് വിവാഹനിശ്ചയ ഉടമ്പടിയുടെ അടയാളമായി അവളുടെ വിരലിന്മേൽ അണിയിച്ചിരിക്കുന്ന മുദ്രമോതിരമാണ് വി.കുർബ്ബാനയെന്നത് എന്ന് മക്കളെ പഠിപ്പിക്കണം. അത് ജീവിതത്തിൽ പുതുക്കിക്കൊണ്ടിരിക്കണം.

"എന്നെ മാമോദീസായാൽ ആത്മീയമായും
മണിയിച്ചാൻ,വിരലിന്മേൽ മെയ് രക്തങ്ങൾ
മോതിരമായ് എൻ പേർക്കേകി "

യിരമ്യാപ്രവാചകനെ ദൈവം ദേവാലയത്തിന്റെ പടിവാതിൽക്കലേക്ക് വിളിച്ചുവരുത്തി അരുളിച്ചെയ്തു. ദേവാലയം എന്നത് അതിൽ ശുശ്രൂഷിക്കുന്നവരുടേയും അതിൽ പങ്കെടുക്കുന്നവരുടേയും വിശുദ്ധിയാണ്. നിങ്ങൾ ദേവാലയം എന്ന വാക്കിൽ ആശ്രയിക്കുന്നു. നിങ്ങൾ തമ്മിൽ തമ്മിൽ വ്യവഹരിക്കുകയും സകലവിധ മ്ലേച്ഛതകളും ചെയ്തിട്ട് ദൈവാലയം എന്ന് പറഞ്ഞ് ദൈവത്തെ പ്രതിക്കൂട്ടിലാക്കുന്നു(യിരമ്യ 7:8-11).

പൗരോഹിത്യത്തെ ബഹുമാനിക്കാൻ മക്കളെ പഠിപ്പിക്കണം. കർത്താവിനെ ആജീവനാന്തം കരങ്ങളിൽ വഹിക്കുന്നവരാണവർ. (1 കൊറി11:23-27).

പൗലോസ് ശ്ലീഹായുടെ ഭാഷയിൽ അദ്ധ്യക്ഷൻ (ബിഷപ്പ്) ഇരട്ടിമാനത്തിന് യോഗ്യനാണ്. 1 തീമോ 5:17) അവരെ ബഹുമാനിക്കണം.ബോംബെയിൽ 45 വർഷം മുമ്പ് ഒരു പെരുന്നാളിൽ ഒരു തിരുമേനിയുടെ പ്രസംഗം കേൾക്കാനിടയായി. അദ്ദേഹം സ്വന്തം സഭയിലെ ഒരു പ്രമുഖന്റെ ഭവനം സന്ദർശിക്കാനെത്തി. അവിടെയെത്തിയ അദ്ദേഹത്തെ ഗൃഹനാഥന്റെ സീമന്തപുത്രൻ ഓടിവന്ന് ഹസ്തദാനം നൽകി സ്വീകരിച്ചുകൊണ്ട് കുശലം ചോദിച്ചു. How are you Mr. തീമോത്തിയോസ് എന്നായിരുന്നുവെന്ന് മാത്രം.

പരിശുദ്ധ സുറിയാനിസഭയിലെ വിവാഹത്തിൽ ഉപയോഗിക്കുന്ന മിന്നിൽ കുരിശടയാളത്തിൽ 12 മുത്തുകൾ ആലേഖനം ചെയ്തിരിക്കുന്നു. ആദ്യത്തെ 3 മുത്തുകൾ പിതൃ പുത്ര പരി: റൂഹായെ കുറിക്കുന്ന ബാക്കി 9 മുത്തുകൾ പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം,എന്നിവയെക്കുറിക്കുന്നു (ഗലാ5:22-24). അത് കുടുംബജീവിതത്തിൽ തിളങ്ങണം. അതുപോലെ കിരീടവാഴ്വിന്റെ ശുശ്രൂഷയിൽ നാം ഇപ്രകാരം ആലപിക്കുന്നു.

മണവാളൻ തൻ മകുടം
തിരുമുൾമുടിയോട് സദൃശ്യം
മണവാട്ടിയുടെ മകുടം സതിമാർ
മുടിയോട് സദൃശ്യം(സങ്കീ45:9)

മണവാളന്റെ തലയിൽ വച്ചിരിക്കുന്നത് മ്ശിഹാതമ്പുരാന്റെ മുൾക്കിരീടമാണ്. മ്ശിഹ സഭയ്ക്ക് വേണ്ടി കഷ്ടത അനുഭവിച്ചതുപോലെ ഭാര്യക്കും മക്കൾക്കും വേണ്ടി ജീവിതകാലം മുഴുവൻ കഷ്ടത അനുഭവിക്കാനാണ് യോഗം. മണവാട്ടിയുടെ ശിരസ്സിൽ രാജമുടിയാണ്. അത് രാജകുമാരിമാർ അണിയുന്ന കിരീടമാണ്. അത് പരസ്പരം അടിച്ചുമാറ്റിയവർ തിരികെ കൊടുക്കണം.

ഞാൻ, എന്റേത്, എനിക്ക്

കുര്യൻ ഉതുപ്പാൻ, കളത്തിൽ

ചിലർ ഒറ്റ നോട്ടത്തിൽ വളരെ സൗമ്യരും മൃദുവായി സംസാരിക്കുന്നവരും ആയി നമുക്ക് തോന്നിയേക്കാം. എന്നാൽ ഇവരുടെ സംഭാഷണം ശ്രദ്ധിച്ചാൽ പലപ്പോഴും ഞാൻ, എന്റേത്, എനിക്ക് എന്നീ വാക്കുകൾ അവരുടെ സംഭാഷണത്തിന്റെ ഇടയിൽ നിരന്തരം കടന്നുവരുന്നതായി കാണുവാൻ കഴിയും. ഇതു അവരുടെ ഹൃദയത്തിന്റെ അന്തർഭാഗത്തു ഒളിഞ്ഞിരിക്കുന്ന സ്വാർത്ഥതയുടെയും, അഹംഭാവത്തിന്റെയും പ്രതിഫലനമാകുന്നു. ഇക്കൂട്ടർക്കു തങ്ങൾ പറയുന്നതിനപ്പുറം ഒരു ശരിയോ, തങ്ങൾ വിധിക്കുന്നതിനപ്പുറം ഒരു തെറ്റോ കാണുവാൻ കഴിയുകയില്ല. തങ്ങളെക്കാൾ ശ്രേഷ്ഠരായി മറ്റുള്ളവരെ കാണുവാനോ, അംഗീകരിക്കുവാനോ, തങ്ങൾക്കു ലഭിച്ചിട്ടുള്ള നന്മകൾ ദൈവത്തിൽനിന്നും ലഭിച്ചതാണെന്ന് ഓർത്തു ദൈവത്തിനു മഹത്വം കൊടുക്കുവാനോ ഇവർ വിമുഖത ഉള്ളവർ ആയിരിക്കും.

ജ്ഞാനിയായ ശലോമോൻ അതിനുള്ള ഒരു ഉത്തമ ഉദാഹരണമാകുന്നു. സഭാപ്രസംഗിയുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ ഞാൻ, എന്റെ, എനിക്ക് എന്നീ പദങ്ങൾ അൻപതിൽ അധികം പ്രാവശ്യം കാണുവാൻ കഴിയും. സഭാ. 9-ാം വാക്യത്തിൽ തനിക്ക് മുമ്പ് ഉണ്ടായിരുന്നവരേക്കാൾ അധികം മഹാനായിത്തീരുകയും, അഭിവൃദ്ധി പ്രാപിക്കുകയും, ജ്ഞാനം സമ്പാദിക്കുകയും ചെയ്തു എന്നു സ്വയം പ്രഖ്യാപിക്കുന്ന ശലോമോനു, സർവ്വശക്തനായ ദൈവത്തിൽനിന്നും പ്രാപിച്ച ഈ കഴിവുകൾകൊണ്ട് ദൈവനാമ മഹത്വത്തിനായി എന്തെങ്കിലും പ്രവർത്തിപ്പാൻ പിൽക്കാലത്തു കഴിഞ്ഞില്ല എന്ന് നാം അറിയണം. നമ്മുടെ ചുറ്റുപാടും ഒന്ന് കണ്ണോടിച്ചാൽ നമുക്കും ശലോമോനെപ്പോലെയുള്ളവരെ കാണുവാൻ കഴിയും. തങ്ങൾക്ക് ലഭിച്ചിട്ടുള്ളതായ കൃപാവരങ്ങളോ, ആത്മീക ഭൗതിക നന്മകളോ തങ്ങളുടെയും, സ്വ:കുടുബത്തിന്റെയും ഉയർച്ചയ്ക്കോ, താല്പര്യത്തിനോ വേണ്ടിയല്ലാതെ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടിയോ, തന്റെ സമശിഷ്ടങ്ങൾക്കുവേണ്ടിയോ അവർ ഉപയോഗിക്കുകയില്ല. ഇവിടെ ശലോമോൻ തന്റെ എല്ലാ ജഡിക ആഗ്രഹങ്ങളെയും നിറവേറ്റുകയും, തന്റെ ഹൃദയത്തിന്റെ എല്ലാ സന്തോഷങ്ങളെയും, തന്റെ കണ്ണ് ആഗ്രഹിച്ചതിനെയെല്ലാം തന്റെ ജഡത്തിന്റെ തൃപ്തിക്കും, സന്തോഷത്തിനുംവേണ്ടി മാത്രം ഉപയോഗിക്കുന്നതായി നാം കാണുന്നു. ദൈവം കൊടുത്ത ജ്ഞാനവും, ധനവും, സമ്പത്തും എല്ലാം തന്റെ സ്വന്തം സുഖഭോഗങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാൻ മനസ്സു വച്ചപ്പോൾ, ഏല്പിച്ചിരുന്ന രാജകീയ ചുമതലകൾ രണ്ടാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു. കണ്ണിന്റെ നിയന്ത്രണം ഇല്ലാത്ത ആഗ്രഹങ്ങളും, ഹൃദയത്തിന്റെ സന്തോഷങ്ങളും പൂർത്തീകരിച്ചപ്പോൾ അവ വ്യർത്ഥപ്രയത്നം (സഭാ. 2:10-11) എന്ന് കണ്ടു. തനിക്കു നിവർത്തിപ്പാൻ കഴിയാത്തതായി ഒന്നും ശലോമോൻ ആഗ്രഹിച്ചവയിൽ ഉണ്ടായിരുന്നില്ല. എന്നിട്ടും ഇതൊന്നും അവനെ തൃപ്തനാക്കിയില്ല. അവയെല്ലാം അവനെ ശൂന്യനും എല്ലാം മായയെന്ന തോന്നലുള്ളവനുമായി അവശേഷിപ്പിച്ചു. ദൈവത്തെ അറിഞ്ഞതിനും, സ്വന്തം ആഗ്രഹങ്ങളിൽ പൂർണ്ണമായി തൃപ്തനായതിനും ശേഷവും ദൈവത്തിൽനിന്നും, അകന്നു പോകുന്ന മനുഷ്യന്റെ അനുഭവം എല്ലായിപ്പോഴും (2 പത്രോ. 22:2022) ഇങ്ങനെ ആയിരിക്കും.

ഇപ്രകാരം ഞാൻ എന്റേത്, എനിക്ക് എന്നുള്ള വാക്കുകൾ നിരന്തരം ഉപയോഗിക്കുകയും, സ്വന്തം സന്തോഷത്തിനും തൃപ്തിക്കും മറ്റെന്തിനേക്കാളും മുൻതൂക്കം കൊടുക്കുകയും ചെയ്യുമ്പോൾ അവർ ചെന്നുപെടുവാൻ പോകുന്ന അധഃപതനത്തിന്റെ ഉദാഹരണമായി ശലോമോന്റെ അനുഭവം കാണണം. ശലോമോൻ തന്റെ ജീവിതത്തെയും പ്രയത്നത്തേയും വെറുക്കുകയും, അതെല്ലാം മായയാകുന്നു എന്നു പരിതപിക്കുകയും ചെയ്യുന്നു. തന്റെ എല്ലാ പ്രയത്നവും തനിക്കു ശേഷം വരുന്ന മനുഷ്യന് വെച്ചേക്കേണ്ടി വരുന്നതിനാലും, അവർ ജ്ഞാനികൾ ആയിരിക്കുമോ, ഭോഷന്മാരായിരിക്കുമോ എന്നു അറിയാത്തതിനാലുമാകുന്നു തന്റെ പ്രയത്നത്തെ വെറുക്കുന്നതായി കാണുന്നത് (സഭാ.18:19). ഇവിടെ ശലോമോനെ സംബന്ധിച്ച് താൻ മാത്രം ജ്ഞാനിയും, ഇതെല്ലാം അനുഭവിക്കുവാൻ യോഗ്യനും, എന്നാൽ തനിക്കുശേഷം വരുന്നവർ ആരും അതിനു യോഗ്യരല്ല എന്നുമുള്ള ചിന്തയാകുന്നു ഭരിക്കുന്നത്. തനിക്കു ജ്ഞാനവും, മാനവും, ധനവും തന്ന ദൈവത്തെ ഉയർത്താതെ താൻ തന്നോട് തന്നെ പറയുകയാണ് "വരുക ഞാൻ നിന്നെ സന്തോഷം കൊണ്ടു പരീക്ഷിക്കും, സുഖം അനുഭവിച്ചുകൊള്ളുക"എന്ന്. അങ്ങനെ ദൈവത്തിന് തന്റെ ജീവിതത്തിൽ പ്രഥമസ്ഥാനം കൊടുക്കുവാൻ കഴിയാതെ പോയതുകൊണ്ടും, തന്റെ മാത്രം സന്തോഷവും, സുഖവും ആഗ്രഹിച്ചു ജീവിച്ചതുകൊണ്ടും, തന്റെ ഭാര്യമാരുടെ സമ്മർദ്ദങ്ങൾക്ക് വഴിപ്പെട്ടു അവൻ വിഗ്രഹ ആരാധകനായി അധഃപ്പതിച്ചു.

നമ്മുടെ ജീവിത യാത്രയിൽ ദൈവം തരുന്ന അനുഗ്രഹങ്ങളുടെയും മഹത്വങ്ങളുടെയും ഔന്നത്വത്തിൽ ഞാൻ, എന്റെ, എനിക്ക് എന്നീ വാക്കുകൾക്കു പകരം 'ദൈവം' എന്ന സംജ്ഞ ഉപയോഗിക്കുവാൻ നാം ശ്രദ്ധിക്കണം. ദൈവീക കൃപകളും ദാനങ്ങളും, സ്വയസന്തോഷപൂർത്തീകരണത്തിന് മാത്രമാക്കാതെ തന്റെ സഹോദരന്റെ സന്തോഷത്തിനും കൂടി ആകണം. അപ്പോൾ നമ്മുടെ വാക്കുകൾ നമ്മുടെ സംഭാഷണങ്ങൾ ദൈവത്തിനു മഹത്വം കരേറ്റുന്നതിനായി മാറും. നാം അറിയാതെതന്നെ അതു മറ്റുള്ളവരിൽ നമ്മുടെ മഹത്വം വർദ്ധിപ്പിക്കുകയും ചെയ്യും.

ദൈവത്തെ അറിയുന്നവൻ പരമമായത് പ്രാപിക്കുന്നു

സണ്ണി ജേക്കബ്, കാട്ടുവേലിൽ

യോഹന്നാൻ 17:3 "ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ."

ഇവിടെ ദൈവത്തെ അറിയുന്നു എന്നത്; ഒരു ബൗദ്ധിക അറിവ് എന്നതിന് ഉപരിയായി ദൈവത്തെ മുഖാമുഖമായി അറിയുകയും, സ്നേഹിക്കുകയും, വിശ്വസിക്കുകയും, അവ നിൽ ജീവിക്കുകയും, ചെയ്യുന്ന ബന്ധത്തെയാണ് ഉദ്ദേശി ക്കുന്നത്. പാപത്തിൽ നിന്നുള്ള മോചനവും നിത്യജീവൻ പ്രാപി ക്കുന്നതിനുള്ള അനുഭവജ്ഞാനവും ഉണ്ടാക്കിയെടുക്കുക എന്നതാണ് ഇതിൽകൂടി ലക്ഷ്യം വയ്ക്കുന്നത്. ക്രിസ്തീയ വിശ്വാസത്താൽ പരമമായത് ദൈവത്തോടുള്ള പൂർണ്ണമായ ഐക്യവും സ്നേഹബന്ധവുമാണ്.

ഓരോ മനുഷ്യനിലും ദൈവം സൃഷ്ടിച്ചയച്ചുകൊടുത്ത ആത്മാവ് ആകുന്നു. അപ്പോൾ ജനനംകൊണ്ടു തന്നെ മനു ഷ്യനും ദൈവവുമായിട്ട് നേരിട്ട് ബന്ധം ഉണ്ട്. എന്നാൽ മനു ഷ്യന് ആ ബന്ധം അജ്ഞാതം ആണ് എന്ന് മാത്രം. അജ്ഞാ തമായ ഈ ബന്ധത്തെ തിരിച്ചറിഞ്ഞ് ബന്ധം പുന:സ്ഥാപി ക്കുക എന്നതാണ് ഈ ലോകജീവിതത്തിന്റെ ലക്ഷ്യമായി കാണേണ്ടത്. ദൈവശാസ്ത്രം (Meta physical theology) തത്വചിന്തയിലും യുക്തിയിലും അധിഷ്ഠിതമായതിനാൽ സാധാരണ മനുഷ്യന് ദൈവമായിട്ടുള്ള ബന്ധത്തെക്കുറി ച്ചുള്ള ബോധം പലപ്പോഴും അജ്ഞാതമായിരിക്കും.

ദൈവം നിങ്ങളിൽ നിന്നും വേറിട്ടതാണ്. എന്നാൽ, നിങ്ങൾ ദൈവത്തിൽ ഒന്നാണ്. ആ ഒരുമയെ തിരിച്ചറിഞ്ഞ വ്യക്തി തന്റെ പ്രവൃത്തിയിൽ സൂക്ഷ്മത പുലർത്തും. വരു മ്പോൾ കർമ്മം നല്ലതാവും, കർമ്മഫലവും നല്ലതാവും. സൂക്ഷ്മ ത യിലും തെറ്റ് സംഭവിക്കുകയില്ല എന്നല്ല; പിന്നെയോ പറ്റിയ തെറ്റിന് പെട്ടെന്ന് തിരിച്ചറിയുവാനുള്ള കഴിവുണ്ടാകും. തിരിച്ചറിവിന്റെ അനുഭവം മാനസാന്തരത്തി ലേക്ക് നയിക്കും അതാണ് ദൈവവിശ്വാസത്തിന്റെ ഒരു പ്രക ടനം.

എല്ലാ മനുഷ്യനും തത്വചിന്തയും യുക്തിയും സ്വായത്തം ആകണമെന്ന് ഇല്ല. ദൈവത്തെക്കുറിച്ചുള്ള ബോധം നമുക്കു ണ്ട്, നിത്യജീവിതത്തെക്കുറിച്ചുള്ള ബോധം നമുക്കുണ്ട്. എന്നാൽ അത് സ്വർഗ്ഗം എന്ന അത്യാംഡബരസങ്കൽപ്പം മാത്രമായി കാണരുത്. അത് ഭൗതിക അതിമോഹത്തിന്റെ അതിപ്രസരണമായി മാറാം.

നിത്യത എന്നത് ദൈവത്തിൽനിന്നും ഉറവിടമായ ആത്മാ വിന്റെ ശരീരമനസ്സുകളോട് ചേർന്നുള്ള വാസത്തിൽ ഏക സത്യദൈവത്തെ തിരിച്ചറിഞ്ഞ് ശരീരം വെടിഞ്ഞ് ഉറവിടത്തി ലേക്ക് തിരികെ ചേരുക എന്നതാണ്. നിത്യജീവന്റെ അനു ഭവം ആത്മാവിന്റെ അനുഭവം ആണ്, ശരീര മനസ്സുകളുടെ മാത്രം അനുഭവമല്ല. ഭൗതിക സുഖം ആഗ്രഹിക്കുന്നത് മനസ്സാണ്; ആത്മാവിന് ഭൗതികതയോടുള്ള ആഗ്രഹം ഇല്ല.

ശരീരവും മനസ്സും നാശം ഉള്ളതാണ്, ആത്മാവിന്റെ സ്വഭാവം; അനന്തം, വിവേകം. എന്തുകൊണ്ടെന്നാൽ ആത്മാ വിന്റെ ഉറവിടം ദൈവത്തിൽ നിന്നാകുന്നു. ആത്മാവിൽ നിന്നും മനസ്സ് വിവേകം പഠിക്കുന്നു. ഇതാണ് അവബോ ധം. ആത്മീയത എന്നത് അവബോധം ആണ്. തന്നിലെ ജീവാത്മാവിനെക്കാൾ ഉയർന്ന പ്രപഞ്ചസൃഷ്ടി കർത്താ വായ ദൈവീക പരമാത്മാവിനെക്കുറിച്ചുള്ള അവബോധം.

ദൈവം സൃഷ്ടിച്ച് സ്വതന്ത്രമാക്കി അയക്കുന്ന ആത്മാ വിന്റെ ജീവിതത്തിലെ കാര്യങ്ങളെല്ലാം ദൈവം മുൻകൂട്ടി അറിയുന്നു. എല്ലാം ദൈവം മുൻകൂട്ടി നിശ്ചയിച്ച പ്രകാരം എങ്കിൽ ജീവിതത്തിൽ മനുഷ്യന്റേതായ പങ്ക് എന്ത്?

ദൈവം മുൻകൂട്ടി നിശ്ചയിച്ചതിനെ വിധി എന്ന് പറയാം. എന്നാൽ നിങ്ങളുടെ ജീവിതം എങ്ങനെ ആയിരിക്കണം എന്നത് നിങ്ങൾ ആണ് തീരുമാനിക്കുന്നത്. അതായത് നിങ്ങ ളുടെ ജീവിതത്തിലെ കാര്യങ്ങൾ ദൈവം മുൻകൂട്ടി നിശ്ച യിച്ചത് ആണെങ്കിലും, ആ പദ്ധതികൾ പ്രവൃത്തിയിലൂടെ യാഥാർത്ഥ്യമാക്കുക എന്നതാണ് നിങ്ങളുടെ പങ്ക്. ഇതിൽ നിങ്ങളുടെ സ്വതന്ത്രമായ തീരുമാനങ്ങളും ദൈവത്തോടുള്ള സഹകരണവും പ്രധാനമാണ്.

നിങ്ങളുടെ യഥാർത്ഥ സ്വഭാവം ദൈവികമാണ്. നിങ്ങൾ നിങ്ങളുടെ ശരീരമോ, മനസ്സോ അല്ല; നിങ്ങൾ ബോധസ്വരൂ പമായ ആത്മാവാണ്. ദൈവം മണ്ണുകൊണ്ട് ശരീരം മെനഞ്ഞ് മനസ്സും ബുദ്ധിയും നൽകി, തുടർന്ന് നാസാദ്വാരങ്ങളിലൂടെ തന്റെ ശ്വാസം പകർന്നു നൽകിയപ്പോൾ മനുഷ്യൻ ജീവനു ള്ളവനായിത്തീർന്നു എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ഈ ആത്മാവ് ശരീരത്തിൽ നിന്നും വേർപെടുമ്പോൾ വ്യക്തിത്വം നഷ്ടപ്പെടുന്നില്ല എന്ന് ക്രിസ്തുമതം പഠിപ്പിക്കു ന്നു. ലാസറിന്റെയും ധനവാന്റെയും ഉപമയിൽ അവർക്ക് മര ണാനന്തരവും പരസ്പരം തിരിച്ചറിയുവാൻ സാധിക്കുന്നു. കൂടാതെ അവരുടെ മനുഷ്യജീവിതത്തിലെ കർമ്മത്തെപ്പ റ്റിയും അവർ അറിയുന്നു. അവർ ഭൂമിയിൽ ജീവിച്ചിരിക്കു മ്പോൾ ദൈവത്തെപ്പറ്റി അറിഞ്ഞിരുന്നു എന്നാൽ, ലാസർ തന്റെ ജീവിതം കഷ്ടതകൾ നിറഞ്ഞെതെങ്കിലും താൻ അറി യുന്ന ദൈവീകതയുടെ ധാർമ്മിക നീതിയിൽ പ്രത്യാശ വച്ചു. ധനവാൻ തന്റെ ജീവിതത്തിൽ ലഭിച്ച നന്മകളെ ദൈവിക ധാർമ്മിക നീതിയിൽ മനസ്സിലാക്കിയില്ല.

ദൈവത്തിൽ നിന്നും ലഭിക്കുന്നതെന്തും ദാനം എന്ന് മന സ്സിലാക്കുക. ദാനമായി ലഭിച്ചതിനെ ദാനമായി നൽകാത്തത്

ദൈവത്തെ അറിയുന്നവൻ പരമമായത് പ്രാപിക്കുന്നു

(പേജ് 39 തുടർച്ച)

പാപം. ദാനമായി ലഭിച്ചതിനെ ദാനമായി നല്കാത്തവൻ പാപി. എന്റെ ജീവിതം എങ്ങനെ ആയിരിക്കണം എന്ന് സൃഷ്ടികർത്താവിന് രൂപരേഖ ഉണ്ട്. ചിലപ്പോൾ ഞാൻ ഉന്നതൻ ആകാം. ചിലപ്പോൾ ഞാൻ അധമൻ ആകാം. ചിലപ്പോൾ ഞാൻ ധനവാൻ ആകാം. ചിലപ്പോൾ ഞാൻ ദരിദ്രൻ ആകാം. എപ്രകാരം എന്നത് ഒരു ദൈവവിശ്വാസിയെ സംബന്ധിച്ചിടത്തോളം ദൈവനിശ്ചയം ആണ്. എന്നിൽ സംഭവിക്കുന്നത് ദൈവീക തീരുമാനം അനുസരിച്ചുള്ളതാണ്.

എല്ലാം മുൻകൂട്ടി അറിയുന്ന ദൈവത്തോട് പ്രാർത്ഥനയിൽ ചെയ്യാൻ പാടില്ലാത്ത ഒരു കാര്യം ദൈവവുമായി വിലപേശുക എന്നതാണ്. മനസ്സ് ആത്മാവിനെ തിരിച്ചറിയുമ്പോൾ പരമാർത്ഥ സത്യമായ ദൈവത്തെ അറിയുന്നു. തന്നിലെ ജീവാത്മാവിനെയും, ആത്മാവിന്റെ സൃഷ്ടാവായ ഏകസത്യദൈവ ആത്മാവിനെയും തിരിച്ചറിയുന്നവനെ സംബന്ധിച്ചിടത്തോളം ജീവാത്മാവിന്റെയും പരമാത്മാവിന്റെയും ഇടയിൽ ഒരു വിലപേശലിന് ആവശ്യം ഇല്ല. എന്തുകൊണ്ടെന്നാൽ ശാരീരിക കഷ്ടതകൾ ആത്മാവിന് ബാധകം അല്ല. "കഷ്ട-നഷ്ടം ഏറിവന്നാൽ ഭാഗ്യവാനായിത്തീരുന്നു ഞാൻ, കഷ്ടം ഏറ്റ കർത്താവോട് കൂട്ടാളിയായി തീരുന്നു ഞാൻ".



യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
ഒരു വിശ്വാസി, കല്ലിശ്ശേരി

ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ. **ഒരു വിശ്വാസി**

യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
ലിഡിയ, ചിങ്ങവനം

യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ
ഒരു വിശ്വാസി, കുറിച്ചി

RENTAL VILLA
(Short and long Stay)
In Chingavanam

Luxury 5 bed room Villa with 3 rooms
AC and fully Furnished with Parking

Distance:
Cochin Airport - 85 KM
Thiruvanathapuram Airpot - 140 KM
Kottayam Railway Station - 9 KM
Contact : Vishal. K.Cherian
8592861271, 9447390805

WANTED

തിരുവനന്തപുരത്ത് വട്ടപ്പാറയിൽ 85-ൽ പരം മാനസിക രോഗികളെ സംരക്ഷിക്കുന്ന സെന്റ് ഇഗ്നേഷ്യസ് ചാരിറ്റി കേന്ദ്രത്തിലേക്ക് (SICK)45 വയസ്സിൽ താഴെയുള്ള ഒരു care taker- നെ ആവശ്യമുണ്ട്. (SICK) .45 care taker-

Please send your Bio-data.

To: The Secretary SICK,
Panthaplavu, Vattappara P.O.,
Trivandrum. 695 028
Phone: 95 26 46 66 11 94 47 55 41 46
Email: sicktvm@gmail.com
Salary + Food and Accommodation (An autonomous charitable institution of the like-minded members of St. Ignatius Knanaya Syrian Church, pattoor, Trivandrum)

വസ്തു വില്പനയ്ക്ക്

4 സെന്റ് സ്ഥലവും വീടും
കുറിച്ചി Y.M.A - യുടെ അടുത്ത്
കൊടുക്കാനുണ്ട്.
Ph. 9400736418

ബൈബിളിലെ ആദ്യത്തെ ഉടമ്പടിയുടെ രഹസ്യം

ജയ്നമ്മ മർക്കോസ്, നടുവിലേപറമ്പിൽ

ദൈവപദ്ധതിക്ക് ക്രമമുണ്ട് മക്കളേ
ദാമ്പത്യം, കുടുംബം, ഗോത്രം
ജനത,രാജത്വം,ദിവ്യബലി
എന്നിവ തന്നു ക്രമപ്പെടുത്തി

ബൈബിളിൽ 6 ഉടമ്പടികളുണ്ട്
ആദ്യത്തെ ഉടമ്പടി അറിഞ്ഞിടുക
രണ്ടുപേരെ ചേർത്തുകൊണ്ടീശൻ
ദാമ്പത്യ ജീവിതം അനുവദിച്ചു

ഈശന്റെ രണ്ടാമത്തെ ഉടമ്പടി
നോഹയോടുമാത്രമായിരുന്നു
കുടുംബജീവിതം കൊടുത്തുകൊണ്ട്
തലമുറയെ കൊടുത്തു അനുഗ്രഹിച്ചു

ഈശന്റെ മൂന്നാമത്തെ ഉടമ്പടി
അബ്രഹാമിനോടായിരുന്നു
വിശ്വസ്തനായ അബ്രഹാമിന്
ഗോത്രത്തെ കൊടുത്ത് പിതാവാക്കിയല്ലോ

ഈശന്റെ നാലാമത്തെ ഉടമ്പടി
മോശയോടായിരുന്നല്ലോ
ഉള്ളത്തിൽ വെച്ചു തെരഞ്ഞെടുത്ത്
ജനതയ്ക്ക് നായകനാക്കിയല്ലോ

ഈശന്റെ അഞ്ചാമത്തെ ഉടമ്പടി
ദാവീദിനോട് ആയിരുന്നു
യിശ്ശായിയുടെ പുത്രനാം ദാവീദിന്
രാജത്വം കൊടുത്ത് അനുഗ്രഹിച്ചു

കർത്തന്റെ ആറാമത്തെ ഉടമ്പടി
പുതിയ നിയമ ഉടമ്പടിയിലൂടെ (യേശുവുമായി)
ദൈവം, നമ്മളെ മക്കളാക്കി സൃഷ്ടിച്ചു
ദിവ്യബലി തന്നു ക്രമപ്പെടുത്തി

ഈശൻ ഏഴാം ദിവസം വിശ്രമിച്ചു
ഈശനോടൊത്ത് ആരാധിക്കാൻ
തന്റെ മക്കളോടൊത്തുചേർന്നിരിക്കാൻ
7-ാമത്തെ ദിവസം വേർതിരിച്ചു.

ഉടമ്പടി ലംഘിച്ച് ഓടരുത്
ജഡീയ ഇച്ഛയെ തകർത്തുകൊണ്ട്
കർത്തനെ പാടി സ്തുതിച്ചീടു
കർത്തന്റെ വിശ്വാസം ഏറ്റുവാങ്ങൂ

ദൈവവും ഒരു കുടുംബമാണ്.
ഉടമ്പടിയിലൊക്കെ അനുഗ്രഹവും വ്യവസ്ഥയുമുണ്ട്
ദൈവം നമുക്ക് പ്രപഞ്ചത്തിലും
സമ്പത്തിലും അധികാരം തന്നു

എന്തൊക്കെ നേടിയാലും
ലോകം നമ്മളെ തള്ളുമല്ലോ
ഉറച്ചുനിന്നാൽ ഒരു ശ്വാസമല്ലോ
കൂട്ടു പോരാൻ കർത്തനുള്ളു

അവിശ്വാസി വിശ്രമ രാജ്യത്ത് കാണുകയില്ല
കർത്തന്റെ ഉടമ്പടി പാലിച്ചുകൊണ്ട്
അവിശ്വാസിയാകാതെ വിശ്വാസിയായി
ഈ ലോകജീവിതം ധന്യമാക്കൂ

പൂർണ്ണവിശ്വാസത്തിനുടമയായി
വിശ്രമരാജ്യത്തിലെത്തീടുവാൻ
ആശയുണ്ടീശനെ ആശയുണ്ട്
നിൻകൃപ എന്നിലൊഴുക്കീടുക.

ആരോഗ്യപരിശീലന ക്ലാസ്സും അനുമോദനവും നടത്തി

ചിങ്ങവനം സെന്റ് ജോൺസ് പുത്തൻ പള്ളി ക്നാനായ കോൺഗ്രസ്സ് യൂണിറ്റിന്റേയും ശാലോം ആയുർവേദിക് സെന്ററിന്റേയും സംയുക്താഭിമുഖ്യത്തിൽ നടന്ന ആരോഗ്യ പരിശീലനക്ലാസ്സ് ബഹുമാനപ്പെട്ട നിയമസഭാസ്പീക്കർ ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.വികാരി ഫാ.ജേക്കബ് കല്ലുകുളം, അധ്യക്ഷത വഹിച്ചു. ട്രസ്റ്റി കെ. കെ. ചാക്കോ കുർക്കക്കാലായിൽ, സെക്രട്ടറി ജേക്കബ് ഷൈൻ പ്ലാന്തോട്ടം, വിനോദ് പുലുത്തുരുത്തിൽ, ലിറ്റോ ജേക്കബ് മണക്കാട്ട്, ബെന്നി കരിയിൽ, ചിക്കു കുർക്കക്കാലായിൽ, സേതു കോയീത്ര, ഡോ. സിഞ്ചുമാത്യു,ജോസുകുട്ടി കുന്നേൽ, എന്നിവർ പ്രസംഗിച്ചു. യോഗത്തിൽവെച്ച് ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ അവർകൾക്ക് സെന്റ് ജോൺസ് പുത്തൻ പള്ളിയുടെ അനുമോദനം നൽകി. ചിങ്ങവനം മൈക്രോ ലാബിന്റെ സഹകരണത്തോടെ രക്ത പരിശോധന നടത്തി. ആയുർവേദിക്ക് അസ്സോസിയേഷൻ ഓഫ് ഇന്ത്യ കോട്ടയം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് നടത്തി. മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തു.



യേശു സ്വീകരിച്ച സ്നാനവും വിശ്വാസികൾ സ്വീകരിക്കുന്ന സ്നാനവും ഒന്നാണോ?

കഴിഞ്ഞ ലക്കത്തിൽ കർത്താവ് സ്വീകരിച്ച സ്നാനത്തിന്റെ പ്രഥമലക്ഷ്യംതന്നെ ലോകത്തിനു വെളിപ്പെടുത്തുക എന്നായിരുന്നു എന്നു നാം കണ്ടു.

രണ്ടാമത്തെ ലക്ഷ്യം- ''ആദാമ്യപാപം അതിന്റെ അന്ത:സത്തയിൽ നീക്കം ചെയ്തു" എന്നതായിരുന്നു. അതായത് യേശു സ്നാനം ഏറ്റ് തന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും (ഉല്പ. 3:15) എന്ന ദൈവീക വാഗ്ദത്തം നിറവേറാൻ ആരംഭിക്കുകയാണ്. പരി. സുറിയാനി സഭയുടെ ദൈവശാസ്ത്രം എല്ലാം അതിന്റെ ആരാധനാക്രമത്തിൽ (Lituygy) അടങ്ങിയിട്ടുണ്ട്. സുറിയാനി സഭയിലെ ദനഹ ശുശ്രൂഷയിൽ നാം ഇപ്രകാരം പാടുന്നു.

"തൻ കയ്യാൽ മെനയപ്പെട്ടോൻ ദുരിത ദുരാഗൃഹ
ബന്ധിതനായതു കണ്ടപ്പോൾ - ഉടയോനവനെ താങ്ങി
തോളിന്മേലേറ്റി - യോർദ്ദാൻ നദിയിലെ ജലമതി
ലവനുടെ മലിനത പോക്കി ഏവം നിബി ഡചസാം
നിപതിനാ മദാമിൽ രൂപത്തിനു നവ്യത നൽകി"

ഇതേ ആശയം സ്നാന (മാമോദീസ) ശുശ്രൂഷയിലെ ഗീതത്തിലുണ്ട്.

"സ്നാനാർത്ഥിക്കരികെ നിന്നോതുന്നാത്മാ
വിൽ ദാവീദേവം,
ദാഹിപ്പോരേ നാഥാന്തികമാർന്ന് ബലപ്പെടുവീൻ,
നിപതിച്ചൊരു നിർദ്ദനനാദം നെടുവിർപ്പോടവനെ
വിളിച്ചാൽ,
നദി യോർദ്ദാനിൽ കർത്താവവനുത്തരമരുളി
മുന്നം ജർജ്ജരനായോനേ നൂതനനാക്കി."

അതായത് തന്റെ കയ്യാൽ സൃഷ്ടിക്കപ്പെട്ടവനായ ആദാം പാപത്താൽ ബന്ധിതനായി ദുരിതം അനുഭവിക്കുന്നതു കണ്ടപ്പോൾ, ഉടയവനെ തന്റെ തോളിലേറ്റി യോർദ്ദാനിലെ ജലത്തിൽ അവന്റെ പാപം ഒഴുക്കിക്കളഞ്ഞു. മുമ്പ് മരണാവസ്ഥയിലായിരുന്നവനെ പുതിയ സൃഷ്ടിയാക്കിത്തീർത്തു എന്നർത്ഥം.

യോർദ്ദാനിൽ കർത്താവിന്റെ സ്നാനസമയത്ത് ആദാമിന്റെ പാപം പോക്കി അവനെ ജീവിപ്പിച്ചുവെങ്കിൽ പിന്നെ എന്തിനായിരുന്നു കുരിശുമരണം ഉൾപ്പെടെയുള്ള രക്ഷാകര പ്രവർത്തനങ്ങൾ എന്ന് ചോദിക്കാം. പിതാവായ ദൈവം തന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ ആരംഭം നിത്യതയിലാണു തുടങ്ങിയത്. തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചപ്പോൾ മുതൽ (യോഹ.3:16) രക്ഷാകര പ്രവർത്തനത്തിനു തുടക്കമായി. അതിന്റെ തുടർച്ചയായിട്ടാണ് മനുഷ്യാവതാരവും, പരസ്യശുശ്രൂഷയും, പീഢാനുഭവവും, കുരിശുമരണവും, പുനരുദ്ധാനവും ഒക്കെ സംഭവിക്കുന്നത്. അല്ലാതെ ഏതെങ്കിലും ഒരു സംഭവത്തിലൂടെ മാത്രം രക്ഷാകരപ്രവർത്തനം പൂർണ്ണമാകുന്നില്ലെന്നു മനസ്സിലാക്കണം.

യോർദ്ദാനിലെ സ്നാനം കഴിഞ്ഞ് ഉടനെതന്നെ മലമുകളിൽപോയി 40 ദിവസം ഉപവസിച്ചു പ്രാർത്ഥിച്ച കർത്താവ് മലയിൽ നിന്ന് ഇറങ്ങി വന്ന ഉടനെ ആദ്യം ചെയ്തത് തന്നെ എതിരിട്ടു പ്രലോഭിപ്പിച്ച സാത്താനെ വചനത്താൽ തോൽപ്പിക്കുകയായിരുന്നു. (മത്താ. 4:1-11, ലൂക്കോ. 4:1-13) അതായത് ജഡമോഹം, കൺമോഹം ജീവനത്തിന്റെ പ്രതാപം, (1. യോഹ. 1:16). എന്നിങ്ങനെ ശാരീരികവും, മാനസികവും ആത്മീയവുമായ മൂന്നു പ്രലോഭനങ്ങളെ അതിജീവിച്ചു കാണിക്കുകയായിരുന്നു. ആദ്യമനുഷ്യൻ ഈ പ്രലോഭനങ്ങളിൽ വീണുപോയെങ്കിൽ (ഉല്പ. 3:16), ഒടുക്കത്തെ ആദമായി വന്ന യേശു തമ്പുരാൻ ആ പ്രലോഭനങ്ങളെ അതിജീവിച്ചുകൊണ്ടാണ് തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചത്. അതിനുശേഷം തന്റെ ശുശ്രൂഷയിലുടനീളം പിശാചിനെ തോൽപ്പിച്ച് മരണത്തെ ജയിച്ച് പുനരുത്ഥാനം ചെയ്തു.

സുറിയാനി സഭയിലെ പെങ്കിസ നമസ്ക്കാരത്തിൽ കർത്താവിന്റെ സ്നാന ശുശ്രൂഷയുമായുള്ള ബന്ധത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "തൃക്കയ്യാലുള്ള സൃഷ്ടിയെ പുന:രാവർത്തിച്ച് നാശപാത്രമായ തന്റെ സ്വരൂപത്തെ തന്റെ സ്നാനത്തിൽ പുതുക്കുകയും ചെയ്ത സൃഷ്ടിയല്ലാത്ത സൃഷ്ടിതാവേ, ഇപ്പോൾ നിന്റെ പ്രതിച്ഛായയാൽ ഞങ്ങളുടെ പഴക്കത്തെ പുതുക്കേണമേ". (ദനഹ ശേഷം ഒന്നാം ഞായർ സന്ധ്യ) ഉദരങ്ങളിൽ പ്രജകളെ രൂപീകരിക്കുന്നവൻ പാപത്തിൽ ജീർണ്ണിച്ച് പഴയതായ തന്റെ ശ്രേഷ്ഠതയുടെ സ്വരൂപമായ ആദാമിന് യൗവന പ്രായം കൊടുത്തു. തന്റെ മാമോദീസയായ ആത്മീയ ചൂളയിൽ അവനെ നിർമ്മലീകരിച്ചു. കുറവും ആവശ്യവുമില്ലാത്തവൻ തന്റെ സ്നാനത്താൽ ജലത്തെ ശുദ്ധീകരിക്കുവാൻ മാമോദീസായ്ക്കു വന്നു. പാപാന്ധകാരത്തെ അതിൽനിന്നും നീക്കിക്കളഞ്ഞു. ശ്രേഷ്ഠമായ ഈ ജ്യോതിസ്സ് തന്റെ സ്നാനം മൂലം എല്ലാ സൃഷ്ടിക്കും കാന്തി നൽകി. (ദനഹ ശേഷം ഒന്നാം ഞായർ സന്ധ്യ സെദറ).

പഴകിയ ആദാമിനെ തന്റെ പരിശുദ്ധ സ്നാനത്താൽ പുതുക്കുന്നതിനും അവന്റെ സന്താനങ്ങളെ സ്വർഗ്ഗീയ പിതാവിന് മക്കളാക്കുവാനുമായി പൂർണ്ണ മാനുഷിക പ്രായത്തിൽ താൻ യോർദ്ദാനിൽ എഴുന്നള്ളി (ദനഹ ശേഷം രണ്ടാം ഞായർ സന്ധ്യ). കല്പന ലംഘിച്ചുള്ള ഭക്ഷണം മൂലം അതിൽ നിന്നും ബഹിഷ്കൃതമായ അവകാശത്തിലേക്ക് ഞങ്ങളെ വീണ്ടും ഉയർത്തുന്നതും പിതാവിനെ "ഞങ്ങളുടെ പിതാവേ" എന്നു വിളിക്കുന്നതുമായ പുത്രസ്വീകാര്യത്തിന്റെ കൃപ

ഞങ്ങൾക്കു തരുവാൻ വേണ്ടി രക്ഷാകരമായ സ്നാനത്തിന് എഴുന്നള്ളിയവനായ കർത്താവേ, നിന്റെ ദിവ്യ സ്നാനത്തിന്റെ വിശുദ്ധ കതിരുകളാൽ ഇപ്പോൾ ഞങ്ങളെ പ്രകാശിപ്പിക്കേണമേ"

"നീ സ്നാനമേറ്റ് കരകേറിക്കൊണ്ട് പാപം മൂലം ആഴത്തിരമാലകളിൽ മുങ്ങിക്കിടന്നിരുന്ന ഞങ്ങളുടെ വർഗ്ഗത്തെ കരേറ്റി സ്വർഗ്ഗത്തിലേക്കു കരേറുന്ന സുഗതപാത ഞങ്ങൾക്കായി നീ ഒരുക്കി. ഇതുമൂലം പുത്രസ്വീകാര്യത്തിന്റെ ആത്മാവും അനശ്വര വസ്ത്രവും നീ ഞങ്ങൾക്കു നൽകി."

"നീ പരിപൂർണ്ണനും എല്ലാവരേയും പൂർത്തീകരിക്കുന്നവനും ആയിരിക്കെ ഞങ്ങളെ പൂർണ്ണരാക്കാൻവേണ്ടി കുറവുള്ള ഒരുവനെപ്പോലെ യോഹന്നാന്റെ അടുക്കൽ നീ വന്നു. നിന്റെ സ്നാനത്താൽ ഞങ്ങൾ വെടിപ്പായി. ആദ്യപാപത്തിൽ നിന്നും നീതീകരിക്കപ്പെടുവാൻ യോർദ്ദാൻ നദിയിൽവച്ച് നീ മാമോദീസ കൈക്കൊണ്ടു. (ദനഹ രാത്രി 2-ാം കൗമ-സെദറ).

ചുരുക്കത്തിൽ യേശുവിന്റെ സ്നാനത്തിന്റെ രണ്ടാമത്തെ ലക്ഷ്യം ആദാമ്യ പാപം അതിന്റെ അന്ത:സത്തയിൽ നീക്കം ചെയ്യുക എന്നുള്ളതായിരുന്നു.

(തുടരും)

പ്രായപൂർത്തിയാകാത്തവരുടെ ഡ്രൈവിംഗ് നിയമവശങ്ങളും പ്രത്യാഘാതങ്ങളും

Adv. Fenu Skaria, Edavazhikkal,Mob:8606544199

ഇന്ത്യൻ മോട്ടോർ വാഹന നിയമവും (Central Motor vehicles Act) കേരള മോട്ടോർ വാഹനവകുപ്പ് (Kerala Mvd) നിഷ്കർഷിക്കുന്ന നിയമങ്ങളും അനുസരിച്ച് ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതെ പ്രായപൂർത്തിയാകാത്ത കുട്ടികൾ (Teenagers) കാറോ ബൈക്കോ ഓടിക്കുന്നത് ഗുരുതരമായ കുറ്റകൃത്യമാണ്. കുട്ടികളുടെ സുരക്ഷിതത്വത്തെയും ഭാവി ജീവിതത്തെയും പ്രതികൂലമായി ബാധിക്കുന്ന ഈ വിഷയത്തിലെ പ്രധാന നിയമവശങ്ങൾ താഴെ വിവരിക്കുന്നു.

പിഴയും ശിക്ഷാ നടപടികളും
(Fines and Penalities)

മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 199 A) **(Section 199 A)** അനുസരിച്ച് പ്രായപൂർത്തിയാകാത്തയാൾ വാഹനം ഓടിച്ചാൽ കടുത്ത ശിക്ഷാനടപടികളാണ് ചുമത്തുന്നത്.

*വാഹന ഉടമയ്ക്കും മാതാപിതാക്കൾക്കും ലഭിക്കുന്ന ശിക്ഷ: 25000 രൂപ പിഴയും 3 വർഷം വരെ തടവുശിക്ഷയും ലഭിക്കാം.

*വാഹനത്തിന്റെ രജിസ്ട്രേഷൻ(Rc)12 മാസത്തേക്ക് (ഒരു വർഷം)റദ്ദാക്കും.

*ലൈസൻസ് ഇല്ലാതെ വാഹനം ഓടിച്ചതിനുള്ള പിഴ : Section 181 പ്രകാരം 5000 രൂപയാണ് പിഴ.

ക്രിമിനൽ നടപടികൾ
(Criminal consequences)

*കേസ് രജിസ്ട്രേഷൻ: വാഹനം നൽകിയ മാതാപിതാക്കൾക്കെതിരെയോ ഉടമയ്ക്കെതിരെയോ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യും.

* ജുവനൈൽ ജസ്റ്റിസ് ആക്റ്റ്(Juvanile Justice Act) കുട്ടി അപകടം ഉണ്ടാക്കുകയോ ഗുരുതര നിയമലംഘനം നടത്തുകയോ ചെയ്താൽ ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാക്കേണ്ടിവരും.

* മനുഷ്യജീവന് ഭീഷണിയുണ്ടാക്കൽ: പരുക്കോ മരണമോ സംഭവിച്ചാൽ /ഐപിസി/ഭാരതീയ ന്യായസംഹിത(BNS) വകുപ്പുകൾ പ്രകാരം കേസ് എടുക്കും.

ഇൻഷുറൻസ് ക്ളെയിമുകൾ റദ്ദാക്കൽ
(Insurance Claim Rejection)

***ക്ളെയിം പൂർണ്ണമായി തള്ളും:** ലൈസൻസില്ലാത്ത വ്യക്തിയോ പ്രായപൂർത്തിയാകാത്ത കുട്ടിയോ വാഹനം ഓടിച്ച് അപകടമുണ്ടാക്കിയാൽ പോളിസി നിബന്ധനകളുടെ ലംഘനം (Breach of Policy Conditions) ചൂണ്ടിക്കാട്ടി ഇൻഷുറൻസ് കമ്പനി വാഹന ഉടമയ്ക്ക് സ്വന്തം വാഹനത്തിനുണ്ടാകുന്ന കേടുപാടുകൾക്ക് ഒരു രൂപ പോലും നഷ്ടപരിഹാരം നൽകില്ല.

***തേർഡ് പാർട്ടി ബാധ്യത:(Third Party Liability):** അപകടത്തിൽ മറ്റൊരാൾക്ക് പരുക്കേല്ക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ, കോടതി മുഖേന നഷ്ടപരിഹാരം ഇൻഷുറൻസ് കമ്പനി ആദ്യം നൽകിയാലും ആ തുക മുഴുവൻ വാഹന ഉടമയിൽനിന്നും തന്നെ ഈടാക്കും (Pay and Recover Principle). ഇത് ലക്ഷക്കണക്കിന് രൂപയുടെ സാമ്പത്തികബാധ്യത വരുത്തിവെക്കും.

കുട്ടികളുടെ ഭാവിയെ ബാധിക്കുന്ന രീതികൾ
(**Impact on Future**)

* ഡ്രൈവിംഗ് ലൈസൻസ് വിലക്ക് : നിയമവിരുദ്ധമായി വാഹനം ഓടിക്കുന്ന കുട്ടികൾക്ക് 25 വയസ്സു തികയുന്നതുവരെ ഡ്രൈവിംഗ് ലൈസൻസ് (DL)നൽകില്ല.

* ക്രിമിനൽ റെക്കോർഡ്: കുട്ടിക്കാലത്തുണ്ടാകുന്ന പോലീസ് കേസുകളും ജുവനൈൽ റെക്കോർഡുകളും ഭാവിയിൽ പാസ്പോർട്ട്, വിസ, വിദേശപഠനം, എന്നിവയെ പ്രതികൂലമായി ബാധിക്കും.

* **സർക്കാർ ജോലികൾ:** ക്രിമിനൽ കേസ് പശ്ചാത്തലമുള്ള വ്യക്തികൾക്ക് പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് (PVC)ലഭിക്കാൻ പ്രയാസമാവുകയും സർക്കാർ ജോലികൾ നിഷേധിക്കപ്പെടുകയും ചെയ്തേക്കാം.

കുട്ടികൾക്ക് വാഹനം നൽകുന്നത് പെരുമയല്ല. മറിച്ച് വലിയ അപകടവും നിയമക്കുരുക്കുമാണ് ക്ഷണിച്ചു വരുത്തുന്നത്. അതിനാൽ 18 വയസ്സു തികഞ്ഞ് ഔദ്യോഗിക ലൈസൻസ് ലഭിക്കുന്നതുവരെ പ്രായപൂർത്തിയാകാത്തവരെ വാഹനം ഓടിക്കാൻ അനുവദിക്കരുത്.



വരനെ ആവശ്യമുണ്ട്

M.923

B.Tech (കംപ്യൂട്ടർ സയൻസ്) കഴിഞ്ഞ് ഇപ്പോൾ തിരുവനന്തപുരം ടെക്നോപാർക്കിൽ ജോലിചെയ്യുന്ന ക്നാനായ യുവതിക്ക് (27/157 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9388803534, 9497414551.

M.924

B.Tech കംപ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് കഴിഞ്ഞ് കൊച്ചി ഇൻഫോപാർക്കിൽ സോഫ്റ്റ് വെയർ ഡെവലപ്പർ ആയി ജോലിചെയ്യുന്ന ക്നാനായ യുവതിക്ക് (27/164) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph:8606457084

M.925

Knanaya parents settled in Australia invite proposals for their daughter (23/158 cm). She is Australian citizen, Registered nurse and working in public hospital. We are seeking alliances from professionally qualified grooms.

what's app no +61469417683 61 470 453 765

M.926

ഒപ്റ്റോമെട്രിസ്റ്റ് ആയി നാട്ടിൽ ജോലിചെയ്യുന്ന ക്നാനായ യുവതിക്ക് (24 വയസ്സ്) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph:9656824065

M.927

Knanaya parents invite proposals for their daughter (25 years /164 cm)a BDS graduate from KUHS, currently working as a Dental Doctor in her home town in Kerala. Seeking a suitable alliance from parents of professionally qualified and God fearing Knanaya boys.

Please contact:-9946636918, 8592849499, +965-96603245

M.928

Knanaya parents settled in US seeking alliance from professionally qualified, God fearing Knanaya males BORN & BROUGHT UP in the US, for their daughter 25 years (born Feb 2001) born in Dubai Brought up in the US, since the age of 4. Graduated BBA, presently working in south central US. Height 5'4.

WhatsApp contact: +17174405494

M.929

Knanaya parents invite proposal for their daughter born and brought up in Kuwait, Pharm D [26/ 168cms). Currently pursuing master's in Ireland, seeking suitable alliance from professionally qualified and God fearing boys

Phone 8606507263

വധുവിനെ ആവശ്യമുണ്ട്

M.930

Civil Engineer ആയി കുവൈറ്റിലെ ഒരു പ്രമുഖകമ്പനിയിൽ ജോലിചെയ്യുന്ന ക്നാനായ യുവാവിന് (28/168 cm)അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph:9400075364,9048590529

M.931

B.E.Electronics and Communications Engineering കഴിഞ്ഞ് Bangalore MNC കമ്പനിയിൽ Work ചെയ്യുന്ന ക്നാനായ യുവാവ് (28/170 cm)അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph:9443942795, 9947701286

M.932

B.Tech സിവിൽ എഞ്ചിനീയറിംഗ് കഴിഞ്ഞ് UAE യിൽ Site Engineer ആയി ജോലിചെയ്യുന്ന ക്നാനായ യുവാവിന് (32)അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph:917994109136,918301910965

M.933

Knanaya parents seek suitable alliance for their son (31 yrs, 180 cm) , B.E. (Mechanical Engineering, Chennai), MBA (Manipal), successful entrepreneur and industrialist with established manufacturing company in Kerala. Inviting proposals from girls of Knanaya families.

Ph : +91 94470 24476, +91 96054 65077

M.934

B.Com,L.L.B(Advocate) കഴിഞ്ഞു നാട്ടിൽ Exporting Company നടത്തുന്ന ക്നാനായ യുവാവിന് (29/172cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9447129518, 8848174262

M.935

മനോരമയിൽ മെക്കാനിക്കൽ ടെക്നീഷ്യൻ ആയി ആലപ്പുഴയിൽ ജോലിചെയ്യുന്ന ക്നാനായ യുവാവിന്(34) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9497014301, 8547130845

M.936

അയർലന്റിൽ Work Permittil ജോലിചെയ്യുന്ന ക്നാനായ യുവാവ്(M.B.A&M.S.Finance)(27/168 cm) അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഡിസംബറിൽ നാട്ടിൽ വരുന്നതാണ്.)

Ph:8974533079,9497332007

M.937

ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ഡിപ്ലോമ പാസ്സായി ഖത്തർ ഗ്രാസിൽ മെക്കാനിക്കൽ സൂപ്പർവൈസറായി ഓയിൽ & ഗ്ളാസ്സ് ഡിവിഷനിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ്(29/170 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (നവംബറിൽ നാട്ടിൽ വരും.)

Ph:9446454563, 8547074563

M.938

B.Com കഴിഞ്ഞു അബുദാബിയിൽ അക്കൗണ്ടന്റായി ജോലിചെയ്യുന്ന ക്നാനായ യുവാവ്(27/5'8")അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 8089576742

M.939

Australiya-യിൽ Occupational Therapist ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (26/175cm)അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. നേഴ്സിംഗ് , മെഡിക്കൽ മുൻഗണന.

WhatsApp No:+61450271508

M.940

Mechanical Engineering കഴിഞ്ഞു ഒമാനിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (34/173 cm) അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Mob: 8281310104

M.941

പ്രൈവറ്റ് ബാങ്കിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് B.Com(29/175 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph : 9544975681

M.942

Knanaya parents invite proposal for their son, MBBS [29/180 cm). Brought up in Kuwait. Seeking suitable alliance from professionally qualified and God fearing girls. Ph: 8606507263

M.943

Knanaya parents invites proposals for their son (28yrs,MBA)currently working in Qatar.seeking suitable alliance from parents of God fearing and professionally qualified girls,More preference for medical field.

Ph: 9496160696

M.944

നാട്ടിൽ ഗവൺമെന്റ് സർവ്വീസിൽ ഓഫീസ് സ്റ്റാഫ് ആയി ജോലിചെയ്യുന്ന ക്നാനായ യുവാവ് (+2, ITI)(32/172cm)ഇടത്തരം കുടുംബം.അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph:9744773234, 8590841827

M.945

ദുബായിൽ ജോലി ചെയ്യുന്ന Aster DM health care (Administration) ക്നാനായയുവാവ് (28/162cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9656684941, 8289923118

M.946

ഡിപ്ലോമ ഇൻസ്ട്രമെന്റേഷൻ കഴിഞ്ഞ് എറണാകുളത്ത് ഉള്ള ഒരു സ്വകാര്യകമ്പനിയിൽ ജോലി ചെയ്യുന്ന (32/179cm) ക്നാനായ യുവാവിന് അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph:9962415100, 9884819166

പുനർവിവാഹം

M.947

നിയമപരമായും സഭാപരമായും വിവാഹബന്ധം വേർപെടുത്തിയതും യു.എസിൽ സോഷ്യൽ വർക്കർ ആയും India യിൽ നിന്നും BDS കഴിഞ്ഞതുമായ ക്നാനായ യുവതിക്ക് (37/5'2") അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph:9446333693

M.948

Knanaya boy(32/175) B. Tech & masters from the Uk.currently working in uk.seeking alliance from knanaya girls. re-marriage without obligations will also be considered preference given to those in the uk & Europe

Mob. 8281625528,9496671288

വിചിത്രമായ ആശയവിനിമയം

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ മുളന്തുരുത്തി

ഉല്പത്തിപുസ്തകം പതിനൊന്നാം അദ്ധ്യായത്തിലാണ് ആകാശത്തോളം എത്തുന്ന ഗോപുരനിർമ്മാണത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്. ആധുനികതലമുറയിലും ഭാഷ കലങ്ങുകയാണെന്ന സൂചനയാണ് ജെൻസി നൽകുന്നത്. കോക്രോച്ച് ജനതാ പാർട്ടിയുടെ വരവും യുവാക്കൾക്കിടയിൽ ലഭിച്ച അമ്പരപ്പിക്കുന്ന സ്വീകാര്യതയും ഇന്ത്യൻ പൊതുമണ്ഡലത്തിൽ ജെൻസി സംവാദങ്ങളെ ശക്തമാക്കിയിരിക്കുന്നതിനാൽ ഭാഷാ പ്രയോഗങ്ങളിൽ സംഭവിച്ചിരിക്കുന്ന പരിണാമങ്ങളെക്കുറിച്ച് രാഷ്ട്രീയത്തെയും സാംസ്ക്കാരിക വേദികളെയും സഭകളെയും നയിക്കുന്നവർ യഥാവിധി അറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഭാഷയുടെ അടിസ്ഥാന ധർമ്മം ആശയവിനിമയമാണ്. എന്നാൽ, ഡിജിറ്റൽ യുഗത്തിൽ ജെൻസി ഭാഷ നവതലമുറയ്ക്ക് സവിശേഷമായ സാമൂഹ്യ സ്വത്വം പ്രദർശിപ്പിക്കാനുള്ള രഹസ്യകോഡായി മാറിയിരിക്കുന്നു. ഭാഷ ഒരു നിശ്ചലമായ വ്യവസ്ഥയല്ല. അത് കാലാനുസൃതമായി നിരന്തരം മാറുകയാണ്. ഹെർമൻ ഗുണ്ടർട്ടിന്റെയോ ശ്രീകണ്ഠേശ്വരത്തിന്റെയോ നിഘണ്ടുവിലെ അർത്ഥങ്ങൾക്കപ്പുറം മലയാളവാക്കുകളുടെ അർത്ഥവ്യാപ്തിയിൽ അടിമുടി മാറ്റം സംഭവിച്ചുകഴിഞ്ഞു. ശബ്ദതാരാവലി പ്രകാരം 'തൂക്കുക' എന്ന വാക്കിന്, ത്രാസിൽ വച്ച് കനം അറിയുക, തൂക്കിലിടുക, അടിച്ചുവാരുക, ഉയർത്തിയെടുക്കുക എന്നീ അർത്ഥങ്ങളാണുള്ളത്. എന്നാൽ 2026-ൽ പുറത്തിറങ്ങിയ ജനപ്രിയ ചിത്രമായ വാഴ -2 ൽ 'തൂക്കി ചുവന്ന കരങ്ങളോടെ' എന്ന ഗാനവരി ഈ പദത്തിന് പുതിയൊരു അർത്ഥം നൽകി. ചുവന്ന ചോര പുരണ്ട കൈയ്യോടെ തന്നെ കുറ്റവാളിയെ പിടികൂടി എന്നർത്ഥം. 'യുഡിഎഫ്' തൂക്കി എന്ന് നിയമസഭാ തെരഞ്ഞെടുപ്പു ഫലം വന്നപ്പോൾ നാം പലയിടത്തും കണ്ടു. മലയാളഭാഷയുടെ അർത്ഥങ്ങളിലോ, ലിപിയിലോ മാറ്റം വരുത്താനുള്ള അധികാരം പരമ്പരാഗതമായി ഭാഷാപണ്ഡിതരുടെയും സാഹിത്യ സ്ഥാപനങ്ങളുടെയും കരങ്ങളിലായിരുന്നു. എന്നാൽ ഇന്ന് റീലുകളിലൂടെയും സിനിമാഗാനങ്ങളിലൂടെയും സോഷ്യൽ മീഡിയാ പോസ്റ്ററുകളിലൂടെയും സാധാരണക്കാർ തന്നെ പുതിയ അർത്ഥങ്ങൾ സൃഷ്ടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. 'അടിപൊളി' എന്ന ധ്വനിയിൽ 'പൂക്കി' മുഖ്യമന്ത്രി എന്ന അഭിസംബോധന ഈ പ്രക്രിയയുടെ ഉദാഹരണങ്ങളാണ്.

ജെൻസിയുടെ പദാവലിയിലെ Slay, Ghost, Flex, Based, Cooked തുടങ്ങിയ വാക്കുകൾ വ്യത്യസ്തമായ സാന്ദർഭിക അർത്ഥങ്ങൾ വഹിക്കുന്നു. സ്ലേ എന്ന വാക്കിന് നിഘണ്ടുവിലെ അർത്ഥം ക്രൂരമായി കൊല്ലുക, നശിപ്പിക്കുക എന്നൊക്കെയാണ്. എന്നാൽ ജെൻസി അർത്ഥം തകർത്തു പൊളിച്ചടുക്കി, അല്ലെങ്കിൽ ഗംഭീരമായി ചെയ്തു എന്നാണ്. ഗോസ്റ്റ് എന്ന വാക്കിന് നിഘണ്ടുവിലെ അർത്ഥം ഭൂതം, പ്രേതം എന്നാണ്. ഒരു വിധത്തിലുള്ള മുന്നറിയിപ്പും നൽകാതെ ഒരാളുമായുള്ള എല്ലാ ആശയവിനിമയങ്ങളും പെട്ടെന്ന് അവസാനിപ്പിക്കുക (പ്രത്യേകിച്ച് പ്രണയബന്ധങ്ങളിൽ) എന്നതാണ് ജെൻസി ഭാഷയിൽ അർത്ഥം. ഉദാഹരണത്തിന് 'അവൾ എന്നെ ഗോസ്റ്റ് ചെയ്തു'. ഫ്ളെക്സ് എന്ന വാക്കിന് പേശികൾ എന്നത്രേ! എന്നാൽ ജെൻസികൾ നൽകിയ അർത്ഥം വേറൊന്നാണ്. സ്വന്തം സമ്പത്തോ പദവിയോ നേട്ടങ്ങളോ മറ്റുള്ളവരെ കാണിക്കാൻ വേണ്ടി അഹങ്കാരത്തോടെ പ്രദർശിപ്പിക്കുക. ഉദാഹരണത്തിന് പുതിയ വണ്ടി വാങ്ങി അവൻ വല്ലാതെ ഫ്ളെക്സ് ചെയ്യുന്നുണ്ട്. ബെയ്സ്ഡ് എന്ന പദത്തിന് നിഘണ്ടുവിലെ അർത്ഥം, ഒന്നിനെ അടിസ്ഥാനമാക്കിയുള്ളത് എന്നാണ്. മറ്റുള്ളവർ എന്തു വിചാരിക്കുമെന്ന് ഭയപ്പെടാതെ, സ്വന്തം അഭിപ്രായങ്ങളിൽ ഉറച്ചുനിൽക്കുക അല്ലെങ്കിൽ നിർഭയം സത്യം വിളിച്ചു പറയുക എന്നതാണ് ജെൻസി അർത്ഥം. കുക്ക്ഡ് എന്ന വാക്കിന് പാകം ചെയ്യുക എന്നർത്ഥം. ജെൻസി അർത്ഥം ഇതിൽ നിന്നും വേറിട്ടു നിൽക്കുന്നു. പൂർണ്ണമായും പരാജയപ്പെട്ട അല്ലെങ്കിൽ വലിയൊരു പ്രതിസന്ധിയിൽ 'ഞാനാകെ പെട്ടുപോയി' അല്ലെങ്കിൽ 'എന്റെ കാര്യം കട്ടപ്പുകയായി' എന്നർത്ഥം. ശാരീരിക ഉപദ്രവങ്ങൾ പോലുള്ള ഹിംസാത്മക സംഭവങ്ങളെക്കുറിച്ച് വാർത്തകൾ പങ്കുവയ്ക്കുമ്പോൾ kill അല്ലെങ്കിൽ Murder എന്ന വാക്ക് എഴുതുന്നതിനു പകരം മഴുവിന്റെയോ കത്തിയുടെയോ ഇമോജികൾ ഉപയോഗിക്കുന്നു. മുൻതലമുറ ഉച്ചത്തിലുള്ള ചിരിയെ സൂചിപ്പിക്കാൻ എസ്.എം.എസ്. കളിലും മറ്റും LOL (Laugh Out Loud) എന്നാണ് എഴുതിയിരുന്നത്. ഇന്ന് അതിനു പകരം ഒരു തലയോട്ടിയുടെ ഇമോജിയിടുകയാണ് ജെൻസി. I am dead എന്ന അർത്ഥത്തിലുള്ള ഈ ഇമോജി പ്രയോഗം യഥാർത്ഥ മരണത്തെ സൂചിപ്പിക്കുന്നതല്ല. ഞാൻ ചിരിച്ചു മരിച്ചു എന്ന അർത്ഥത്തിലാണ് ജെൻസി പ്രയോഗിക്കുന്നത്.

നാം കണ്ടിരുന്ന - ശീലിച്ചിരുന്ന ഔദ്യോഗിക ഭാഷയുടെ പ്രയോഗത്തെ തകർക്കുന്ന ജനപ്രിയ ഭാഷയുടെ ആഘോഷങ്ങളിൽ മുങ്ങിക്കുളിച്ചു ജീവിക്കുന്ന ആധുനിക തലമുറയോട്, അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കുവാൻ ക്രൈസ്തവസഭയെ നയിക്കുന്നവർക്ക് സാദ്ധ്യമാകണം. അല്ലെങ്കിൽ രാജാവും പുരോഹിതനും പണ്ഡിതനും സാധാരണക്കാരും തമ്മിലുള്ള അതിരുകൾ ഡിജിറ്റൽ യുഗത്തിലെ ജെൻസി കാർണിവലിൽ മങ്ങിപ്പോകും.

40 – ാം ചരമദിനം

23 – 11 – 2026



Advt -S

Aleykutty Ittiavirah

Edasseril House, Thottamon, Ranny

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

8 – ാം ചരമവാർഷികം

18 – 11 – 2026



Advt -R

സി. ജെ. പുന്നൂസ് (സണ്ണി)

കോട്ടയ്ക്കൽ, കോട്ടയം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

1st Death Anniversary

25 – 11 – 2026



Boby P Abraham

(Singapore)

68 – ാം ചരമവാർഷികം

25 – 11 – 2026



Ittiavara

പടിഞ്ഞാറേകളത്തിൽ, ചിങ്ങവനം

ഒരു വർഷം പിന്നിട്ടിട്ടും ഓർമ്മകൾക്ക്
മരണമില്ല... ഹൃദയത്തിൽ എന്നും ജീവിക്കുന്നു.
പ്രാർത്ഥനകളിൽ എന്നും ഓർക്കുന്നു.
ദൈവസന്നിധിയിൽ നിത്യശാന്തി നേരുന്നു.

Wife-Jinimol, Children-Roobal, Rosmi, Rosh

Advt - R

26th Death Anniversary

22 – 07 – 2026

2nd Death Anniversary

23 – 11 – 2026



T.A. CHACKO

(Rtd. Pwd Overseer)

ACHAMMA CHACKO

(Rtd. Teacher)

Manavelipallathu, Tiruvanvandoor

By Sorrowing family

Advt - S

1st Year Remembrance

13th November 2026

Blessed are those who mourn, for they will be comforted. Mathew 5:4



P.M. MATHEWS (BABY)

Rtd. Airforce Bangalore

Purackal (Thottabhagam), Kurichy

St. Johns Puthenpally, Chingavanam

Fondly remembered by: Wife - Molly Mathew, Children & Grand Children

Advt - O


1st
Death Anniversary
07-11-2025
10th
Death Anniversary
14-11-2016
M.C Kuriachen
Sosamma Kurian
Mangalaveetil Aythala, Ranny
"I am the resurrection and life.
The one who believes in me will live,
even though they die."
John 11:25
Forever on our heart

Advt - O

5th Death anniversary
02/12/2026



Advt -O

Cherian Markose

Puthuveetilaaya Munduchirayil
St. George Knanaya Church
Mulakkamthuruthy, Valady

"I am the resurrection and the life. The one who believes in me will live, even though they die" john 11:25

8th Death Anniversary
24-11-2026




Advt - S

ALEYAMMA ELIAS
CHALUNKAL, VAKATHANAM

അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും.
(ഫിലിപ്പിയർ 3 : 21)

Who shall change our vile body, that it may be fashioned like unto his glorious body, according to the working whereby he is able even to subdue all things unto himself.
(Philippians 3 : 21)

സന്തപ്ത കുടുംബാംഗങ്ങൾ



FIRST DEATH ANNIVERSARY
07/12/2026

K.C. THOMAS
KEELATHRA, MAZHUKEER
DOB: 15-01-1940
Demise: 07-12-2025

Sorrowing family

Leelamma Thomas
Anil Thomas
Binil Thomas
Ani Thomas
And Family

Advt - O

40th Day of Sad Demise
30.11.2026



MERCYAMMA KURIAN

OOLLATTIL
MANNAMARUTHY, RANNY

4th Death Anniversary
14-12-2026




P.C. Jacob (Kunjumon)
Valanjanthuruthil
Ranny

"You the light of our home have gone.
Yet, your memories remain in our hearts"

29 – ാം ചരമവാർഷികം
11-12-2026

40 – ാം ചരമദിനം
05-11-2026



മാത്യു പാപ്പൻ **ചിന്നമ്മമാത്യു**

കളത്തിൽ, മാമ്പുഴക്കരി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

02 – ാം ചരമവാർഷികം
07-11-2026



ശോശാമ്മ ഏലിയാസ്
പഴയകളം
നീലംപേരൂർ

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
സന്തപ്ത കുടുംബാംഗങ്ങൾ

16 – ാം ചരമവാർഷികം
04-11-2026



അച്ചാമ്മ ഏബ്രഹാം (കുഞ്ഞമ്മ)
ഇരണയ്ക്കൽ, തുരുത്തിക്കാട്

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

19 – ാം ചരമവാർഷികം
20-11-2026



വിജ് കെ.എ.
കുര്യൻപറമ്പിൽ
നിലമ്പൂർ, വടപുറം

കണ്ടു കൊതി തീരും മുമ്പേ ഞങ്ങളെ വിട്ടുപിരിഞ്ഞ
ഞങ്ങളുടെ മോനെ നിത്യതയുടെ തീരത്ത്
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ



28 – ാം ചരമവാർഷികം
29-11-2026

ഏലിക്കുട്ടി സഖറിയ

പീടികപറമ്പിൽ

മേരിഗിരി, വടക്കഞ്ചേരി

പാലക്കാട്

സന്തപ്ത കുടുംബാംഗങ്ങൾ

58 – ാം ചരമവാർഷികം
26- 11- 2026

21 – ാം ചരമവാർഷികം
02-11- 2026




തോമസ് ചാണ്ടി **ചാണ്ടി തോമസ്**

കളത്തിൽ
നീലംപേരൂർ

സന്തപ്ത കുടുംബാംഗങ്ങൾ

47 th Death Anniversary
08-11-2026



T.P.Kuruvilla
Aronnil,Ranni

നീതിയുള്ളവന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത്
സദൃശവാക്യങ്ങൾ 10:7

സന്തപ്ത കുടുംബാംഗങ്ങൾ

25 – ാം ചരമവാർഷികം
22-12-2026



തോമസ് കുറിയാക്കോസ്

15 – ാം ചരമവാർഷികം
13-11-2026




ശോശാമ്മ കുറിയാക്കോസ്

ചതുരതുണ്ടിയിൽ
കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ

38 – ാം ചരമവാർഷികം
06-11-2026

08 – ാം ചരമവാർഷികം
14-01-2027



പി. റ്റി. മാത്യു
(മാത്തുക്കുട്ടി)

കുഞ്ഞൂഞ്ഞമ്മ മാത്യു

പട്ടശ്ശേരിൽ, ചെങ്ങളം

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

14 – ാം ചരമവാർഷികം
27-11-2026

35 – ാം ചരമവാർഷികം
09-09-2026



അച്ചുഅമ്മ ഏബ്രഹാം
(തങ്കമ്മ)

കെ. എസ് ഏബ്രഹാം

കണ്ടനാട്ട്
അങ്ങാടി, റാന്നി

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.

സന്തപ്ത കുടുംബാംഗങ്ങൾ

18 – ാം ചരമവാർഷികം
13-07-2026

02 – ാം ചരമവാർഷികം
24-11-2026



എം. ഒ. ഉണ്ണിട്ടൻ


ശോശാമ്മ ഉണ്ണിട്ടൻ

മുരിക്കേത്ത് (കടയ്ക്കേത്ത്)
പുല്ലുപ്രം, റാന്നി

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

5th Death Anniversary
02-11-2026



P.K. Jacob
Palakudiyil
Chingavanam

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Inserted by:
Sorrowing family


22 – ാം ചരമവാർഷികം
22-11-2026



ബാബു ജേക്കബ്
അറയ്ക്കൽ തോപ്പിൽ ചിറയിൽ
പൂവൻതുരുത്ത്

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
സന്തപ്ത കുടുംബാംഗങ്ങൾ

18 – ാം ചരമവാർഷികം
16-11-2026




M. C. Abraham (Joy)
Mepparathil
Ranni

Sorrowing Family

44 – ാം ചരമവാർഷികം
06-12-2026

33 – ാം ചരമവാർഷികം
28-04-2027



ഇട്ടി മാത്യു **ഏലിക്കുട്ടി മാത്യു**

മടുക്കുംമൂട്ടിൽ
പൂവൻതുരുത്ത്

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

21 – ാം ചരമവാർഷികം
29-11-2026

22 – ാം ചരമവാർഷികം
27-12-2026



M. A. Thomas **Molly Thomas**

Manimaleth
Ranny

Inserted by:
Sorrowing family

24 – ാം ചരമവാർഷികം
18-11-2026



പി. റ്റി. തോമസ്
പള്ളിക്കപറമ്പിൽ (കട്ടപ്പന)

29 – ാം ചരമവാർഷികം
28-10-2026



ചിന്നമ്മ തോമസ്
പള്ളിക്കപറമ്പിൽ (കുറിച്ചി)

12 – ാം ചരമവാർഷികം
17-12-2026



ലീലാമ്മ തോമസ്
പള്ളിക്കപറമ്പിൽ (കട്ടപ്പന)

സന്തപ്ത കുടുംബാംഗങ്ങൾ

12 – ാം ചരമവാർഷികം
01-12-2026

06 – ാം ചരമവാർഷികം
10-11-2026



വി. റ്റി. ആൻഡ്രൂസ്

കുഞ്ഞുമോൾ ആൻഡ്രൂസ്

വാക്കേമണ്ണിൽ
തുരുത്തിക്കാട്

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
സന്തപ്ത കുടുംബാംഗങ്ങൾ

18 – ാം ചരമവാർഷികം
22-11-2026



ആൻഡ്രൂസ് ഏബ്രഹാം
(കൈരളി തങ്കച്ചൻ)
പരപ്പുത്തറ, ഈര

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
സന്തപ്ത കുടുംബാംഗങ്ങൾ

17 – ാം ചരമവാർഷികം

04-12-2026



മാത്തുക്കുട്ടി

താഴത്തേതിൽ, കുറിച്ചി


നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

ഇമ്പങ്ങളുടെ പറുദീസയിൽ

09nth Birthday in Heaven
29-11-2026

25th Birthday in Heaven
17-01-2027



C. M. Kurian Achamma Kurian

Kallolickal Family
S. Puram, Kurichy

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കുകയില്ല"
വി.യോഹന്നാൻ 25:11.

സന്തപ്ത കുടുംബാംഗങ്ങൾ

02nd Death Anniversary

14-11-2026



Achamma Abraham

Kaleeckal, Thiruvanvandoor
Thiruvalla

Sorrowing Family

15 – ാം ചരമവാർഷികം

14-11-2026




വി. പി. സ്റ്റീഫൻ (കുഞ്ഞുമോൻ)

വേലമ്മേപ്പുറത്ത്, ഐത്തല,റാന്നി

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ

സന്തപ്ത കുടുംബാംഗങ്ങൾ

19 – ാം ചരമവാർഷികം
15-11-2026




റ്റി. എ. ഇട്ടിയവിരാ (അനിയൻ)
തേവരുഴത്തിൽ
കല്ലിശ്ശേരി
സന്തപ്ത കുടുംബാംഗങ്ങൾ

11 – ാം ചരമവാർഷികം
10-11-2026



അച്ചാമ്മ ചാക്കോ (അമ്മുക്കുട്ടി)
കൈപ്പുഴ മുള്ളാനിൽ
ഇടക്കുളം, റാന്നി
സന്തപ്ത കുടുംബാംഗങ്ങൾ

10 – ാം ചരമവാർഷികം
06-12-2026




കെ. റ്റി. ജോർജ്
(Rtd. Manager, Federal Bank)
കയ്യാലേത്ത്
കല്ലിശ്ശേരി, തൈമറവുംകര
സന്തപ്ത കുടുംബാംഗങ്ങൾ

10 – ാം ചരമവാർഷികം
01-12-2026




പി. എ. കുറിയാക്കോസ്
പുളിക്കാവിൽ
ഇരവിപേരൂർ
സന്തപ്ത കുടുംബാംഗങ്ങൾ

19 – ാം ചരമവാർഷികം
01-11-2026



ജിനോ ഏലിയാസ്
പുതുപ്പറമ്പിൽ
വാകത്താനം
സന്തപ്ത കുടുംബാംഗങ്ങൾ

42 – ാം ചരമവാർഷികം
10-11-2026



കെ. കെ. മാത്യു
കുറ്റിയിൽ
ചിങ്ങവനം
സന്തപ്ത കുടുംബാംഗങ്ങൾ

09 – ാം ചരമവാർഷികം
29-11-2026




റ്റി. സി. തോമസ്
പുന്നവേലിൽ തുണ്ടിയിൽ
ഐത്തല, റാന്നി
സന്തപ്ത കുടുംബാംഗങ്ങൾ

10 – ാം ചരമവാർഷികം
28-11-2026



A.I.Zachariah
(Kunjumon)
Puthiyadam,
Chingavanam
സന്തപ്ത കുടുംബാംഗങ്ങൾ

05 – ാം ചരമവാർഷികം
14-11-2026



ഇ. ഒ. ജോസഫ്
ഇടശ്ശേരിൽ
വെള്ളുത്തുരുത്തി
സന്തപ്ത കുടുംബാംഗങ്ങൾ

ശുഭചിന്തകൾ

ഈ ഭൂമിയിൽ ഓരോരുത്തർക്കും പ്രവർത്തിക്കാനും നികത്താനും ഓരോ ഇടമുണ്ട്. നാം അത് കണ്ടെത്തി ഏറ്റെടുക്കുന്നുണ്ടോ ഇല്ലയോ എന്നത് വളരെ പ്രധാനമാണ്. ശരിയായ മേഖല കണ്ടെത്തി പ്രവർത്തിക്കുന്നവർ ജീവിത വിജയത്തിന്റെ പാരമ്യത്തിൽ എത്തും, സംശയമില്ല.

സന്തോഷം വരുമ്പോൾ ഒപ്പം നിൽക്കുന്നതുകൊണ്ടല്ല ഒരു ബന്ധവും നിലനിൽക്കുന്നത്, ദുഃഖം വരുമ്പോൾ കൈവിടാതെ ചേർത്തുപിടിക്കുന്നതുകൊണ്ടാണ്. സങ്കടങ്ങളിൽ നമുക്ക് കരുതലാകാം.

25 – ാം ചരമവാർഷികം

9 – 11 – 2026



Ittyavira Pothen
(Kuttykunju)
Srampiyil, West Othera

By Sorrowing family

Advt - O

CLEMIS
OFFSET PRESS
Chingavanam
0481-2430176

നമ്മുടെ സമുദായത്തിലെ പള്ളികളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും അച്ചടി ജോലികൾ (കളർ, ബ്ലായ്ക്ക് & വൈറ്റ്) നൽകി സമുദായത്തിന്റെ ഔദ്യോഗിക പ്രസ്സ് ആയ ക്ലീമ്മീസ് പ്രസ്സിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുക

(കളർ, ബ്ലാക്ക് & വൈറ്റ്)
നോട്ടീസുകൾ,
ബ്രോഷറുകൾ,
സപ്ലിമെന്റുകൾ,
പ്രാർത്ഥനാ പുസ്തകങ്ങൾ

മാനേജർ
ക്ലീമ്മീസ് പ്രസ്സ്
ക്ലീമ്മീസ് സെന്റർ,
ചിങ്ങവനം
Ph: 9605250791

5-ാം ചരമവാർഷികം

04-12-2026



ടി. ടി. മാത്തു
തെക്കേകരോട്ട്, ചിങ്ങവനം

5-ാം ചരമവാർഷികം
08-12-2026



ഏ. ടി. ചുമ്മാർ (ബേബി)
ആഞ്ഞിലിമൂട്ടിൽ, ആനപ്രമ്പാൽ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

62-ാം ചരമവാർഷികം
18-12-2026



ചക്കോ സ്കറിയ

9-ാം ചരമവാർഷികം
22-12-2026



അമ്മ സ്കറിയ

തെക്കേകരോട്ട്, ചിങ്ങവനം

പ്രാർത്ഥനയോടെ, സ്നേഹം കുടുംബാംഗങ്ങൾ

Advt - O

Registered No. KL/CHC/29/2024-26
Published on 15 November 2026
License No. KL/CR/CHC/WPP-3/2024-26
Licensed to Post Without Prepayment

KNANAYA DEEPAM
Chingavanam

PRGI No. KERBIL/2006/19210
Vol. 37, Issue: 11 ₹ 20

Posted at RMS Kottayam

ക്നാനായദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്.



ക്നാനായ ദീപത്തിലേയ്ക്കുള്ള പരസ്യങ്ങളും, മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.

E-mail: kna.deepam@gmail.com,
Whats App No. 8547584440

പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.

Bank Details

A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam,
IFSC SBIN0070128

M/S Knanaya Deepam
A/c No: 12990200001178
Federal Bank,
Chingavanam
IFSC FDRL0001299

E-mail: kna.deepam@gmail.com,
Whats App No. 8547584440



Contact : ഫാ. ജേക്കബ് കല്ലുകുളം,
മാനേജിംഗ് എഡിറ്റർ
9447563240, 8547584440

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ABRAHAM MATHEW (ROY ACHAN) COR-EPISCOPA MULAMOOTTIL**